

# REVOLUTION

## SOUND FOR CHANGE



"When injustice becomes law...
...resistance becomes our duty."

## SACRED HEART - 07



Cor Rectum Inquirit Scientiam

# SACRED HEART COLLEGE

## THEVARA

## MAGAZINE 2007

PH : 2663813
e-mail : shoffice@sancharnet.in
www.shcollege.ac.in

# സമർപ്പണം

കാലമേൽപ്പിച്ച കടമകൾ

പൂർത്തീകരിക്കാനുള്ള

പോരാട്ടത്തിൽ

രക്തസാക്ഷികളായവർക്ക്....

# എഡിറ്റോറിയൽ



***"പറയാൻ മടിക്കുന്ന നാവും ഉയരാൻ മടിക്കുന്ന കൈകളും അടിമത്ത്വത്തിന്റേതാണ്."***

ചങ്ങലകൾ പൊട്ടിച്ചെറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നാലു ചുവരുകൾക്കുള്ളിൽ, നീ തീർത്ത ലോകം നിന്നെ അന്ധനാക്കിയിരിക്കുന്നു. നിന്റെ കണ്ണുകൾ തുറക്കുക, ചെവി കൂർപ്പിച്ചിരിക്കുക. മാറ്റത്തിന്റെ കുളമ്പടി ശബ്ദം നിനക്കു കേൾക്കാം.

**ഉദയരാജ് കെ.ആർ.**

*ചീഫ് എഡിറ്റർ*


-NIJIL DAS-

**Statement of Ownership & Particulars of Publication**

***Sacred Heart College, Magazine***

| | | |
|---|---|---|
| Place of Publication | : | Thevara |
| Periodicity of Publication | : | Annual |
| Printer's Name | : | **Rev. Fr. A.J. Saviance CMI** |
| Nationality | : | Indian |
| Address | : | Principal, S.H. College, Thevara. |
| Publisher's Name | : | **Rev. Fr. A.J. Saviance CMI** |
| Nationality | : | Indian |
| Address | : | Principal S.H. College, Thevara. |
| Editor's Name | : | **Udaya Raj K.R.** |
| Nationality | : | Indian |
| Address | : | Editor, S.H. College, Thevara. |

ഇത് കുത്തബ്ദീൻ അൻസാരി. ഗുജറാത്ത് വർഗീയ കലാപത്തിന്റെ ജീവിക്കുന്ന രക്തസാക്ഷി. ഈ മുഖം യാചിക്കുന്നത് ഒരു നേരത്തെ ഭക്ഷണമല്ല, ഒരിറ്റു കുടിനീരല്ല; ഒരു മനുഷ്യ ജന്മത്തിന്റെ ആയുസ്സ് മാത്രമാണ്. മതവൈര്യ




ത്തിന്റെ ചിതയിൽ എരിഞ്ഞില്ലാതായ എത്രയോ ജീവനുകൾ ഈ രാജ്യത്തുണ്ട്. മതസൗഹാർദ്ദത്തിന്റെ നല്ല നാളുകൾക്കായി നമുക്ക് പ്രാർത്ഥിക്കാം..... കൃഷ്ണനും ക്രിസ്തുവും നബിയും ഒരേ കണ്ഠത്തിൽ നിന്നുമുയരട്ടെ...... മറ്റൊരു കുത്തബ്ദീൻ അൻസാരി പിറക്കാതിരിക്കട്ടെ



**കേരളത്തിലെ ഇന്റർ കോളേജിയറ്റ് വോളിബോൾ ടൂർണ്ണമെന്റുകളിൽ വിജയികളായ**
**വോളിബോൾ ടീം പ്രിൻസിപ്പലിനോടൊപ്പം**
**സമീപം കെ.എ. രാജു. ജോബി തോമസ്, രാജൻ വർഗ്ഗീസ് - ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ**



**Leo Xavier**
**University Goldmedalist in wrestling and Judo Championship**



**Anas. H. III BA Economics**
**M.G. University of Goldmedal**
**in the All India Inter - University Body Building Champ**




**തുടർച്ചയായി 12-ാം തവണയും എം.ജി. യൂണിവേഴ്സിറ്റി ജൂഡോ ചാമ്പ്യൻഷിപ്പ് നേടിയ**
**കോളേജ് ജൂഡോ ടീമംഗങ്ങൾ പ്രിൻസിപ്പൽ ഫാ.എ.ജെ. സിവിയൻസിനോടൊപ്പം**
**സമീപം ജോബി തോമസ്, കെ.എ. രാജു, രാജൻവർഗ്ഗീസ് എന്നിവർ**



**S.H. College Bodybuilding team Winner M.G. I/c Championship**



By
**Nijil Das E.K.**
*B.A. Sociology*



ദൈവമേ നീ മനുഷ്യനാകുന്നു
മനുഷ്യ മനസ്സിലെ നന്മയാകുന്നു
ജീവന്റെ വെളിച്ചമാകുന്നു
എന്നാൽ നിൻ നാമത്താൽ രക്തം ചീന്തുന്നു
നിരപരാധികൾ ബലിയാടുകളാകുന്നു
ദേവാലയങ്ങൾ കത്തിയമരുന്നു
നീയെന്ന വിശ്വാസം യാഥാർത്ഥ്യമെങ്കിൽ
നിൻ പിറവിക്കു സമയമായിരിക്കുന്നു
മനുഷ്യൻ മനുഷ്യനായി തന്നെ നിലനിൽക്കാൻ .......

**SOURATH P.K.**
BSc Physics

# മലയാളി മറന്ന മലയാളം

അമ്മിഞ്ഞ പാലിനോടൊപ്പം കുഞ്ഞ് സ്വായത്തമാക്കുന്ന മഹത്തായ സമ്പത്താണ് മാതൃഭാഷ. നമ്മെ സംബന്ധിച്ച് നമ്മുടെ സ്വന്തം മലയാളം. അമ്മ കുഞ്ഞിനോട് നവജാത ശിശുവിന് പ്രാണ വായുവും, ആഹാരവും പോലെയാണ്. മാതൃഭാഷ കുട്ടിക്കു ലഭിക്കുന്ന സഹജ ഭാഷയാണ്. ജന്മസിദ്ധമായി കുട്ടിക്കു ലഭിക്കുന്ന മൂലധനമാണിത്. മാതൃഭാഷാപരമായ സിദ്ധി ഇത് അഭ്യസനത്തിലൂടെ - പരിശീലനങ്ങളിലൂടെ പരിപോഷിക്കുകയാണ് പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമാക്കേണ്ടത്. പക്ഷെ ഇന്ന് അന്യവും അപരിചിതവുമായ സാഹചര്യങ്ങൾ ഇളം കുരുന്നുകളിൽ വച്ചു കെട്ടാൻ നോക്കുന്ന ഒരു സമൂഹത്തെയാണ് നമുക്ക് ദർശിക്കാൻ കഴിയുക. ചെറുപ്പത്തിലെ ഡേ കെയറിലും, ബോർഡിംഗ് സ്കൂളിലും ഒക്കെ കൊണ്ടു പോയ് ആക്കുന്ന മാതാപിതാക്കന്മാർ അവരെ "കുറച്ച് കുറച്ച് മലയാളം" പറയുന്ന ആധുനിക പാവകളാക്കി മാറ്റുന്നു.

ഇന്നത്തെ വൻകിട കോർപ്പറേറ്റ് കമ്പനികൾക്കും മറ്റ് അന്താരാഷ്ട്ര സ്ഥാപനങ്ങൾക്കും വേണ്ടത് സ്വിച്ചിട്ടാൽ അമേരിക്കൻ സ്ലാങ്ങ് പറയുന്ന ബിരുദധാരികളെയാണ്. ഇത്തരം കമ്പനികളിൽ ജോലി ചെയ്യാൻ സ്വന്തം മക്കളെ കടമെടുത്ത് പഠിപ്പിക്കുന്ന ഒരു സമൂഹത്തെയാണ് നാം കാണുന്നത്.

"ജനിക്കും മുമ്പെൻ മകനിംഗ്ലീഷ് പഠിക്കണം, അതിനാൽ ഭാര്യതൻ പേറങ്ങിംഗ്ലണ്ടിൽ തന്നെയാക്കിതേൻ"



എന്നു നമ്മുടെ യശഃശരീരനായ കുഞ്ഞുണ്ണിമാഷിന്റെ അപഹാസം കേരളീയരുടെ പൊങ്ങച്ചത്തിന്റെയും മിഥ്യാബോധത്തിന്റെയും തൊലിക്കട്ടിക്ക് ഒരു പോറൽ പോലും ഏല്പിച്ചിട്ടുമില്ല. തന്നോടു തന്നെയുള്ള ഈ യുദ്ധം മലയാളികളായ നമ്മുടെ ഏവരുടെയും ശാപമാണ്.

പാശ്ചാത്യരുടെ എന്തുതരം കോപ്രായത്തെയും അനുകരിക്കുന്ന യുവാക്കളെയും അവരെ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കന്മാരെയും നമുക്ക് ഇന്ന് സമൂഹത്തിൽ കാണാൻ കഴിയും. ഉദാഹരണത്തിന് വൻകിട കമ്പനികൾ തുടങ്ങിവെച്ച, ചെറുപ്പത്തിലേ കുട്ടികളെ കൊണ്ട് കഴുത്തിൽ ഒരു "L" ബോർഡ് തൂക്കിക്കുന്ന സംസ്കാരം ഇന്ന് ഓരോരോ കലാലയത്തിലും വരെ എത്തി നിൽക്കുന്നത് ഒരു ആശ്ചര്യജനകമായ കാര്യമാണ്. ഓരോ കുട്ടിയുടെയും ചിന്തയ്ക്കും ഇന്ന് ഒരു ആംഗലേയ ഭാഷയുടെ സ്വാധീനമുണ്ട്. വിദ്യാഭ്യാസം എല്ലാ വിധത്തിലുള്ള അടിമത്തത്തിൽ നിന്നുമുള്ള മോചനത്തിന്റെ ശക്തി സ്രോതസ്സാണ്. "വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ" എന്ന് ശ്രീനാരായണ ഗുരു പറഞ്ഞപ്പോൾ അതിന്റെ അർത്ഥ വ്യാപ്തി നാം പൂർണ്ണമായും കണ്ടെത്തിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാതൃഭാഷയെ കളഞ്ഞു കൊണ്ട് ഇംഗ്ലീഷ് അടിച്ചേല്പിക്കപ്പെടുന്നതു വിദ്യാഭ്യാസത്തിലെ ദയനീയ ദാസ്യവൃത്തി ഒരു വ്യാപകമായ ഒട്ടനവധി അവികസിത പ്രശ്നങ്ങളുടെ വിത്തു വിതയ്ക്കുന്നു.

"ചോരയിലും വർണത്തിലും ഭാരതീയനും, ആചാരം, സംസ്കാരം, അഭിരുചി എന്നിവകളിൽ വെള്ളക്കാരുമായ ഭാരതീയരെ വാർത്തെടുക്കുകയാണ്" ബ്രിട്ടീഷ് വിദ്യാഭ്യാസ പരിപാടിയുടെ ലക്ഷ്യം എന്ന് മെക്കാളെ വ്യക്തമായി പറഞ്ഞുകൊണ്ടാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തറക്കല്ലിട്ടത്. 'പശുവും ചത്തു മോരിന്റെ പുളിയും പോയി.' എന്ന ഘട്ടത്തിൽ ഭാരതമെത്തിയിട്ടും ഇംഗ്ലീഷ് സംസ്കാരത്തോടും ഭാഷയോടും നമുക്കുള്ള ദയനീയ ഭാവം ഉപേക്ഷിക്കാൻ തയ്യാറാകാത്ത സ്ഥിതി ഭാരതീയരുടെ വികൃതമായ മുഖം ലോകഭൂപടത്തിൽ വരയ്ക്കുവാനുപകരിക്കും. ആശയത്തിന്റെ വാഹനമെന്നതുപോലെ സംസ്കാരത്തിന്റെ സഞ്ചിതമായ ഉപാധി കൂടിയാണ് ഭാഷ

അന്യസംസ്ക്കാരത്തെ കുടിയിരുത്തുകയും സ്വകീയ സംസ്ക്കാരത്തെ ചവുട്ടിമെതിക്കുകയും ചെയ്യാൻ പഠനവും ബോധനവും ഉപാധിയാക്കുന്നവർ രാജ്യദ്രോഹപരമായി പ്രവർത്തിക്കുന്നു എന്ന ധാരണ ഇനിയും നമ്മുടെ ചിന്തകർക്ക് ഉണ്ടായിട്ടില്ല.

ജപ്പാനും, ചൈനയും, റഷ്യയും ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ തിളങ്ങിയത് ഇംഗ്ലീഷ് ബോധനമാധ്യമം പിൻതുടർന്നല്ല. ശാസ്ത്രത്തിന്റെ തലതൊട്ടപ്പനായ 'ഐൻസ്റ്റീൻ' ഇംഗ്ലീഷിനു പകരം ഹീബ്രു ഭാഷയെ അവരോധിച്ച് ബോധനം നടത്തുവാൻ നേതൃത്വം നല്കിയ മഹാനാണ്. പക്ഷേ നമ്മുടെ നാട്ടിലെ സയൻസ് പ്രേമികൾക്ക് ഐൻസ്റ്റീന്റെ മാർഗ്ഗം അരോചകമാകുന്നതെങ്ങനെയെന്നറിയില്ല. ലോക മഹാന്മാരെല്ലാം ഇംഗ്ലീഷിലൂടെ പഠിച്ചതുകൊണ്ട് വലിയവരായതല്ല. ബഹുഭൂരിപക്ഷം മഹനീയ വ്യക്തികളും മാതൃഭാഷാ മാധ്യമത്തിലൂടെ വിദ്യാഭ്യാസം നിർവഹിച്ചവരാണെന്ന സത്യം മറക്കാവുന്നതല്ല.

ഇംഗ്ലീഷ് ബോധന മാധ്യമമാക്കിയാൽ തൊഴിലില്ലായ്മയ്ക്ക് അറുതിയുണ്ടാകും എന്ന ചിന്ത എത്രയോ ബാലിശമാണ്. "വിദേശത്ത് ഇംഗ്ലീഷ് പഠിപ്പിക്കുക'' എന്ന തൊഴിൽ കണ്ടെത്തി ഈ പ്രശ്നത്തിന് പൂർണ്ണ പരിഹാരം കാണാനാവുമെങ്കിൽ ഈ വാദഗതി ഒട്ടൊക്കെ ശരിയാണ്. കാര്യം മനസ്സിലാക്കാതെ ഉരുക്കഴിച്ച് വസ്തുതകൾ പഠിച്ചു വച്ചിരിക്കുന്ന മരപ്പാവകളായ ഇന്ത്യൻ വിദ്യാസമ്പന്നർക്ക് ഇംഗ്ലീഷ് പറയാനറിയാം എന്ന കാരണം കൊണ്ട് തൊഴിൽ നല്കാൻ ഒരു രാഷ്ട്രവും തയ്യാറാവുകയില്ല. ഇംഗ്ലീഷ് ലോക ഭാഷയായതിനാൽ ഈ ഭാഷയിൽ നല്ല പ്രാവീണ്യം നേടാൻ പദ്ധതികൾ അനുബന്ധമായി ഉണ്ടായിരിക്കണം. ഒരു ഭാഷ നന്നായി പഠിക്കുവാൻ അതിൽകൂടി എല്ലാം പഠിക്കണം എന്നു പറയുന്നത് തികച്ചും അശാസ്ത്രീയമാണ്; അപകടകരമാണ്.

മാതൃഭാഷാബന്ധം വ്യക്തിപരവും സാമൂഹ്യവുമായ അനവധി ശീലങ്ങൾക്കും മൂല്യബോധങ്ങൾക്കും അടിത്തറയാണ്. ഇത് മനസ്സിലാക്കുകയും വേണ്ടവിധം കെട്ടുറുപ്പുള്ളതാക്കി തീർക്കുകയും ചെയ്യുക എന്നതു ഭാവി തലമുറയോട് കൂറുള്ള ഓരോ വ്യക്തിയും കുടുംബവും രാഷ്ട്രവും നിർവഹിക്കേണ്ട സുപ്രധാന കർത്തവ്യമാണ്.

"ചെമ്മേ സ്വഭാഷയിൽ സംസാരിക്കുന്നതാണ് അമ്മ വിളമ്പി തരുന്ന ഭോജ്യം - മറ്റുള്ള ഭാഷകൾ, കേവലം ധാത്രിമാർ, മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ" എന്നൊക്കെ മഹാകവി വള്ളത്തോൾ പാടുന്നു. പക്ഷേ, ഉള്ളൂർ പറയും പോലെ,

"ആശ്ചര്യം! അഞ്ചുവയസ്സു തികയാത്ത,
പാൽച്ചുവമാറാത്ത പിഞ്ചുനാവാൽ,
കാസറു പീസോതുണ്ടാൻ കുഞ്ഞും,
പെൺകുഞ്ഞും-
അസുരമിന്നത്തെ പാഠരീതി"

എന്ന സത്യം കാണാതെ പോകുന്നത് ശരിയല്ല. ഇംഗ്ലീഷ് നിഷേധം നമ്മെ ഒരിടത്തും എത്തിക്കുകയില്ല, ഇംഗ്ലീഷ് പഠിക്കുക എന്നാൽ ഇംഗ്ലീഷ് മീഡിയമായി എല്ലാം പഠിക്കുക എന്ന തലതിരിഞ്ഞ ചിന്ത സ്വീകരിക്കുകയല്ല വേണ്ടത്. അതിഥിയെ ആദരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതു അമ്മയെ പുറത്താക്കിയിട്ടോ ധിക്കരിച്ചിട്ടോ ആകരുത്. ഓരോന്നിനേയും അതിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കാനും ആദരിക്കാനും നമുക്കു കഴിയണം. ജനകീയതയുടെ സിരാരക്തമാണ് മാതൃഭാഷാവബോധം എന്ന സത്യം ഇനിയും മറന്നാൽ, നമ്മുടെ ഭാവി പുകയാൽ മൂടിപ്പോകും എന്നതിന് സംശയമില്ല.

ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു കഴിയും. പക്ഷെ അവരാകട്ടെ കേരളപ്പിറവി ദിനം ഹർത്താലുകൊണ്ടും, ബന്ദ് കൊണ്ടും, സമരം കൊണ്ടും ആഘോഷിക്കുന്നു. മലയാളികളാകട്ടെ അത് ഒരു ഉത്സവം പോലെ കൊണ്ടാടുന്നു. "കാലം പോയൊരു പോക്കേ" ഇതിന് വേണ്ടിയാണോ നമ്മുടെ പൂർവ്വികന്മാർ സമരം ചെയ്തത്. മലയാള രാജ്യം പണിതുയർത്തിയത്, നമ്മൾ സ്വയം ഒന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ വേഗതയുടെ ലോകത്തിൽ ചിന്തിക്കാൻ എവിടെയാ സമയം അല്ലേ?

സനു ദേവസ്സിക്കുട്ടി,
III B.A. Economics

# SOBS UNHEARD




Its all dark and gloomy in that,
Dissastrous world of hunger and fright,
with no sign of clear sky!
The world has changed a lot, and,
The populace have earned a lot,
But still, there remains a world
over whelmed...
With mystification and bewilderment!

The entry of greed and every
Made the world more dark and gloomy
Guess!.... who are those sobbing in the street.
Guess!....whose world is over whelmd with
Beauty derment and mystification, and
Guess!.... whose souls still remains,.
Unheard, Unheard and unheard!

Yes, they are the ones therover.........out by
the society,
Those poor chaps, who were once pushed into
The world of sobs and anxiety; and
Whose souls, still remains
Unheard, Unheard and unheard!

**SARIKA K.S.** DC Zoology

# നീതിപീഠമേ കണ്ണു തുറക്കൂ



വർഷങ്ങൾക്കു മുമ്പ് ഇംഗ്ലണ്ടിലെ ഒരു ജഡ്ജി കോടതിയിലേയ്ക്ക് പോകുവാനായി കുതിരവണ്ടിയിൽ കയറി. ..... ജഡ്ജി കുതിരവണ്ടിക്കാരനോടായി ആജ്ഞാപിച്ചു. ..... എന്ന് കുതിരവണ്ടിക്കാരൻ തിരിച്ചു ചോദിച്ചു. ജഡ്ജിക്ക് മിണ്ടാട്ടമില്ല. സാധാരണക്കാരന് കോടതികളെക്കുറിച്ചുള്ള വിശ്വാസം (വിശ്വാസമോ വിശ്വാസമില്ലായ്മയോ?) വെളിവാക്കുന്നതാണ് പ്രസ്തുത സംഭവം.

നീതി നിഷേധിക്കപ്പെടുന്ന സാധാരണക്കാരന്റെ അവസാന അത്താണിയാണ് കോടതികൾ എന്നൊരു ധാരണ പണ്ടുണ്ടായിരുന്നു. വലിയ ചെലവ് വരുത്തുന്നതും കാലതാമസം എടുക്കുന്നതുമായ ഏർപ്പാടാണെങ്കിൽ പോലും അവസാന ആശ്വാസം തങ്ങൾക്കായിരിക്കുമെന്ന ഉത്തരബോദ്ധ്യം സാധാരണക്കാർക്കുണ്ടായിരുന്നു. എന്നാൽ അടുത്തകാലത്തായി കോടതി പ്രകടിപ്പിക്കുന്ന പല അഭിപ്രായങ്ങളും പുറപ്പെടുവിക്കുന്ന വിധികളും ഈ ധാരണയെ കാറ്റിൽ പറക്കുന്നവയാണ്. എന്ന് മാത്രമല്ല ചൂഷകന്റെ പക്ഷം ചേർന്ന് നിൽക്കുവാൻ തങ്ങൾക്ക് യാതൊരുമടിയുമില്ലെന്ന പരസ്യ നിലപാട് സ്വീകരിച്ചതു മടിയുമില്ലെന്ന പരസ്യ നിലപാട് സ്വീകരിക്കുവാനും മുതിരുന്നു. നീതിപീഠത്തിൽ നീതി അന്യമായോ എന്ന് പോലും സംശയിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഗിരിശൃംഗങ്ങളാണ് പാർലമെന്റ്, എക്സിക്യുട്ടീവ്, ജുഡീഷ്യറി. ആരോഗ്യകരമായ ഒരു ജനാധിപത്യ രാഷ്ട്രത്തിന് ആവശ്യമായ മൂന്ന് ജോലികൾ ചെയ്യുവാൻ വേണ്ടിയാണ്. ഈ മൂന്ന് സ്ഥാപനങ്ങൾ നിലകൊള്ളുന്നത്. ഇവയുടെ വലിപ്പ ചെറുപ്പമോ താരതമ്യമോ ആവശ്യമില്ലെന്ന് പണ്ടേ നമ്മുടെ ഭരണഘടന പറഞ്ഞുവച്ചിട്ടുണ്ട്. ഈ മൂന്ന് വ്യവസ്ഥാപിത സ്ഥാപനങ്ങളുടെയും അന്യോന്യപൂരകമായ പ്രവർത്തനത്തിലൂടെയാണ് ഒരു ജനാധിപത്യ വ്യവസ്ഥ ആരോഗ്യത്തോടെ നിലകൊള്ളുകയും വികാസം പ്രാപിക്കുകയും ചെയ്യുന്നത്.

ഈ അടിസ്ഥാന തത്ത്വം ഇന്ന് തുരങ്കം വയ്ക്കപ്പെടുകയാണ്. ജനാധിപത്യത്തിലെ ഗിരിശൃംഗങ്ങളിൽ കോടതിയാണ് ഗിരിശ്രേഷ്ഠൻ എന്നൊരു ധാരണ എങ്ങനെയോ സമൂഹത്തിൽ പ്രചരിക്കപ്പെട്ടു വരുന്നു. നിയമവ്യാഖ്യാനത്തിനപ്പുറം ജനതാല്പര്യത്തിനുവേണ്ടിയുള്ള നിലപാടുകളിലും തങ്ങൾക്ക് ശ്രദ്ധയുണ്ട് എന്ന് വന്നതോടെയാണ് കോടതികളിൽ ജനങ്ങൾക്ക് വിശ്വാസവും ബഹുമാനവും കൂടി വന്നത്. നീതിപീഠമാണ് യഥാർത്ഥ ജനസംരക്ഷകർ എന്നൊരു ധാരണ ജനങ്ങളിൽ ബലപ്പെട്ടു വന്നു. ഭരണക്കാർ നീതി സംരക്ഷകരുടെ റോളിൽ കോടതികൾ പ്രത്യക്ഷപ്പെടും എന്നൊരു ശുഭാപ്തി വിശ്വാസവും ജനങ്ങൾക്കുണ്ടായി.


നീതിന്യായവ്യവസ്ഥയ്ക്ക് ഈ ഒരു പരിവേഷം വന്നതോടെ ചില ജഡ്ജിമാരുടെ സ്വഭാവത്തിലും മാറ്റം വന്നു തുടങ്ങി. തങ്ങൾ അപ്രമാദിത്യമുള്ളവരാണെന്നും ആരെയും തിരുത്തുവാനുള്ള അധികാരം തങ്ങൾക്കുണ്ടെന്നും അവർ ധരിച്ചുവരായി. സൂര്യന് താഴെയുള്ള ഏത് വിഷയത്തിലും അവർ അഭിപ്രായം പറഞ്ഞു തുടങ്ങി. ഭരണകർത്താക്കൾക്ക് ചുമതല നിർവഹിക്കുന്നതിൽ വീഴ്ച വന്നാൽ അതു തിരുത്തുകയെന്ന നിലപാടിൽ നിന്നു മാറ്റി, കുതറി മാറി, എങ്ങനെ ഭരിക്കണമെന്ന നിർദ്ദേശം നൽകുവാനും തയ്യാറായി വന്നിരിക്കുന്നു കോടതികൾ. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു

HARISANKAR. V.G. B.A. English

# *Life - A Fuming Acid*

The task of making and taking constitutes life. Life is a chemical balance where weighing and calculations are done. The basic requirements of life are : Food, Shelter, Clothes and Water. All these are compased of chemical bonds, Elements, Metals etc. Water exists only because of Hydrogen bonding. Food consists of Carbohydrates, Fats, proteins etc which constitutes the applications of chemistry. Cement and other Raw materials are used for the construction of buildings and houses. Clothes are made up of Nylon, Cotton, Polyester etc. which are also related to chemistry. Like this in all fields, for eg. In Medicining Kitchen utensils, Automobiles and every nook and corner of our nature involves chemistry. Life in chemical equation and we live to solve this equation, by earning money, which exists, both in the form of coins which are made up of metals and currency which are made of paper, which are composed of Carbon and other raw materials.





**REVATHY V.S.,** BSc. Chemistry

# ജീവിതത്തിനും മരണത്തിനുമിടയിൽ

ലോകസിനിമയ്ക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ ചലച്ചിത്ര പ്രതിഭയാണ് അകിര കുറോസാവ. 1952ൽ താൻ സംവിധാനം ചെയ്ത ഇക്കിറു എന്ന ചിത്രത്തിലൂടെ മരണത്തെക്കുറിച്ചുള്ള തന്റെ തന്നെ ആലോചനകളിൽ നിന്ന് സത്യപ്രസ്താവനക്കു വേണ്ടിയുള്ള ഒരു തീർത്ഥയാത്രയിലേക്കെത്തിച്ചേരുകയാണ് കുറോസാവ. മുഴുവൻ റഷ്യൻ സാഹിത്യത്തിലും വെച്ച് ഏറ്റവും മഹത്തായത് എന്ന് വ്ളാദിമിർ നബോക്കോഫും മഹാത്മാഗാന്ധിയും ഒരു പോലെ പ്രശംസിച്ച ലിയോ ടോൾസ്റ്റോയിയുടെ 'ഇവാൻ ഇല്ലിച്ചിന്റെ മരണം' എന്ന നോവലാണ് അകിര കുറോസാവയുടെ ഇക്കിറു എന്ന ചിത്രത്തിന്റെ അടിസ്ഥാന പ്രചോദനം എന്ന് പൊതുവെ ഒരു നിരീക്ഷണമുണ്ട്. സ്വന്തം ജീവിതം ഒരന്വേഷണത്തിന്റെ കുരിശാക്കി മാറ്റുകയും, ആ കുരിശിൽ അനുനിമിഷം പിടഞ്ഞവസാനിക്കുകയും ചെയ്ത അനശ്വരനായ സാഹിത്യകാരനായിരുന്നു ലിയോ ടോൾസ്റ്റോയി. ജീവിതത്തിന്റെയും മരണത്തിന്റെയും പ്രകൃതത്തെക്കുറിച്ചുള്ള അന്വേഷണവും, മരണം എന്ന സത്യത്തോട് മനുഷ്യൻ എങ്ങിനെ പൊരുത്തപ്പെടുന്നു എന്ന് ടോൾസ്റ്റോയി തന്റെ കൃതിയിൽ വ്യക്തമാക്കുന്നു. എന്നാൽ 'ഇക്കിറു' ഇവാൻ ഇല്ലിച്ചന്റെ മരണം എന്ന കൃതിയുടെ അടിസ്ഥാനത്തിൽ മാത്രം എടുത്ത ഒരു ചലച്ചിത്രമല്ല. എന്നാൽ രണ്ടിന്റെയും അടിസ്ഥാനം ജീവിതവു മരണവും തന്നെ.

ടോക്കിയോ മുനിസിപ്പാലിറ്റിയിലെ ഒരുദ്യോഗസ്ഥ പ്രമുഖന്റെ ജീവിതസമരങ്ങളും മറ്റുമാണ് സിനിമയുടെ പ്രതിപാദ്യം. കുറുസോവ സിനിമകളിലെ സ്ഥിരം സാന്നിദ്ധ്യമായ തക്കാഷി ഷിമുറയാണ് മുഖ്യകഥാപാത്രമായ വതനാബെയെ അവതരിപ്പിച്ചത്. വർഷങ്ങളായി മുനിസിപ്പാലാപ്പീസിലെ ഒരേ കസേരയിൽ ഒരേതരം ജോലികൾ ചെയ്ത് ജീവിതത്തിനോട് മടുപ്പു തോന്നിയ ഒരു മധ്യവയസ്കനാണ് വതനാബെ. ലോകത്തുള്ള കോടിക്കണക്കിന് സർക്കാർ ഉദ്യോഗസ്ഥരുടെ പ്രതീകമാണ് ഇയാൾ. തന്റെ രാജ്യത്തിനു വേണ്ടി ഒന്നും പ്രവർത്തിക്കാതെ 'അനങ്ങാപ്പാറ നയം' സ്വീകരിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രതീകം. സർക്കാർ സംവിധാനങ്ങളുടെ പ്രയോജനമില്ലായ്മ തുറന്നു കാണിക്കുന്നുണ്ട് ഇക്കിറു.

വതെനാബിന്, ഒരു മകനും, മരുമകളും ഉണ്ടെങ്കിലും, പരസ്പരസ്നേഹം എന്ന വാക്കിന് അവരുടെ ജീവിതത്തിനിടയിൽ നേരിയ സ്ഥാനം പോലുമില്ല. എന്തെന്നാൽ വതെനാബിന്റെ വരുമാനത്തിലും, മറ്റ് സമ്പത്തിലും മാത്രമാണ് മകന്റെയും മരുമകളുടെയും കണ്ണ്. ഈ ജീവിതത്തിനിടയിൽ വതെനാബ് തിരിച്ചറിയുന്നു തനിക്ക് ക്യാൻസറാണെന്നും, ഇനി ഒരു വർഷം മാത്രമേ താൻ ജീവിച്ചിരിക്കുകയുള്ളു എന്നും. മരണത്തെ അഭിമുഖീകരിക്കാൻ സമയമായെന്ന് വതെനാബ് പറയുമ്പോൾ, തന്നെ എന്നാണ് അയാൾ ജീവിതത്തെ അഭിമുഖീകരിച്ചിട്ടുള്ളത് എന്ന ചോദ്യം ഉള്ളിലുയരുന്നു. ടോക്കിയോ നഗരത്തിലെ നിശാജീവിതത്തിലേക്ക്, അതിന്റെ നൈമിഷികമായ സന്തോഷത്തിലേക്ക് ഊളിയിട്ട് കൊണ്ട് ഒരു രക്ഷപ്പെടൽ നടത്താൻ വതെനാബ് ശ്രമിക്കുന്നുവെങ്കിലും അത് പരാജയപ്പെടുന്നു. പിന്നീടാണ് തന്റെ സഹപ്രവർത്ത

കയുടെ ജീവിതം അയാളുടെ കണ്ണിൽപ്പെടുന്നത്. കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്ന ഒരു ജോലി കൂടി അവൾക്കുണ്ടായിരുന്നു. അതുവഴി അവൾ നഗരത്തിലെ കുട്ടികളുമായി ഒരു പ്രതീകാത്മക ചങ്ങാത്തത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അവളോടൊപ്പം ഒരു രാത്രി നഗരത്തിലെ തിരക്കിൽ അലയുന്ന അയാൾ, നിന്നെപ്പോലെ ഒരു ദിവസമെങ്കിലും എനിക്ക് ജീവിക്കണമെന്ന് അവളോട് പറയുന്നു. പിന്നെ ഹോട്ടലിലെ മേശക്കരുകിൽ നിന്ന് എന്തൊക്കെയോ തീരുമാനിച്ചുറപ്പിച്ച പോലെ പടികളിറങ്ങി പോകുന്നു. ആ സമയത്ത് അയാളുടെ പിറകിൽ നിന്ന് കുട്ടികൾ പടികൾ കയറിവരുന്ന തങ്ങളുടെ അതിഥിക്ക് ഹാപ്പിബർത്ത്ഡേ ചൊല്ലി ആശംസകൾ അറിയിക്കുനു.

ജീവിതത്തിന്റെ അർത്ഥം തിരിച്ചറിയുന്ന വതെനാബ് ആപ്പീസിലേക്ക് തിരിച്ചെത്തുന്നത് ഒരു പുതിയ മനുഷ്യനായിട്ടാണ്. ഉപയോഗശൂന്യമായി കിടന്ന ഒരു ചതുപ്പ്നിലം, കുട്ടികൾക്ക് വേണ്ടിയുള്ള ഒരു പാർക്കായി രൂപാന്തരപ്പെടുത്തുകയാണ് വതെനാബ്. ഇതിനിടയിൽ സർക്കാരിൽ നിന്ന് ഒരു പാട് തടസ്സങ്ങളും, വിമർശനങ്ങളും ഏൽക്കേണ്ടിവന്നുവെങ്കിലും, അതിനെയെല്ലാം മറികടന്ന് അയാൾ വിജയിക്കുന്നു. തന്റെ മുൻകാല ജീവിതത്തോടുള്ള ഒരേറ്റുമുട്ടലാണ് ഇവിടെ വതെനാബ് നടത്തുന്നത്.

ചിത്രത്തിന്റെ അവസാനഭാഗത്ത്, താൻ നിർമിച്ച പാർക്കിലെ ഒരുഞ്ഞാലിലിരുന്ന് ആടുകയും അതോടൊപ്പം മഞ്ഞു വീഴുന്ന അന്തരീക്ഷത്തെ നോക്കി ഒരു പാട്ടുപാടുകയുമാണ് അയാൾ. സ്നേഹത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചുമുള്ള ആ പാട്ടിലൂടെ ജീവിതം എത്ര ഹ്രസ്വമാണെന്ന് വതെനാബും, നമ്മൾ പ്രേക്ഷകരും തിരിച്ചറിയുന്നു.

ഉദയരാജ് കെ.ആർ., BA Economics

***ഒരു കാലഘട്ടത്തിന്റെ വിപ്ലവാശയങ്ങളുടെയും പ്രതിഷേധങ്ങളുടെയും പ്രതീകമായിരുന്നു കെ. അജിത. തലശ്ശേരി - പുൽപള്ളി കലാപങ്ങളിലൂടെ കേരള സമൂഹത്തിനെ, അതിന്റെ നിർജീവാവസ്ഥയിൽ നിന്നും അവർ ഉണർത്തി. പിന്നീട് feminist ആശയങ്ങളിൽ ആകൃഷ്ടയായി സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ചു. ഇന്ന് സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ഏത് അതിക്രമത്തേയും ചെറുക്കുന്ന ഏറ്റവും വലിയ ശക്തിയായി പ്രവർത്തിച്ചു വരുന്നു.***

## ശ്രീമതി അജിതയുമായി വിവേക് (Sociology Dept.) അർച്ചന (Botany Dept.) എന്നിവർ നടത്തിയ അഭിമുഖ സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ.

- **ശ്രീമതി അജിത താങ്കൾ ഇപ്പോൾ കൈകാര്യം ചെയ്യുന്ന issue ഏതാണ്?**

സ്ത്രീകളുടെ നേരെയുള്ള ആക്രമണം. സ്ത്രീകൾക്കു നേരെയുള്ള ലിംഗപരമായ അടിച്ചമർത്തലിനെയാണ് ഞങ്ങൾ നേരിടുന്നത്. കുടുംബത്തിലുള്ള പ്രശ്നങ്ങൾക്കാണ് importance കൊടുക്കുന്നത്.

- **ഏതെങ്കിലും കേസ് എടുത്തു പറയാമോ?**

അങ്ങനെ പറയാൻ പറ്റില്ല. 'അന്വേഷി'യിൽ ഒരുപാട് കേസുകൾ വരുന്നുണ്ട്. gender based ആയ പീഢനങ്ങൾക്കെതിരെ നിലപാടെടുക്കുന്ന ഒരു സംഘടനയാണ് 'അന്വേഷി.'

- **87-ൽ തുടങ്ങുന്നത് 'ബോധന'യാണ്... പിന്നീടെങ്ങനെയാണ് ഇതവസാനിച്ച് അന്വേഷി തുടങ്ങുന്നത്?**

അതൊരു വളർച്ചയുടെ പ്രക്രിയയാണ്. അല്ലാതെ അവസാനവും തുടക്കവുമൊന്നുമല്ല. 93ലാണ് അന്വേഷി തുടങ്ങുന്നത്. ബോധനയുടെ പ്രവർത്തനങ്ങളുടെ അനുഭവങ്ങളിൽ നിന്ന്, അത് മതിയാവില്ല എന്നു തോന്നിയിട്ടാണ് അന്വേഷി തുടങ്ങുന്നത്.

- **ഇത്തരം ഒരു സംഘടന തുടങ്ങണമെന്നു തോന്നിയത് എങ്ങനെയാണ്?**

അതായത്... ഓർമക്കുറിപ്പുകളുടെ ഒരു ഘട്ടം കഴിഞ്ഞിട്ട് ഞാനുൾപ്പെട്ടിട്ടുള്ള മുന്നേറ്റങ്ങൾ ക്രമേണ ഇല്ലാതായി. അച്ഛൻ മരിച്ച ആ സമയത്ത് എനിക്ക് അഖിലേന്ത്യാതലത്തിൽ ഫെമിനിസ്റ്റ് പ്രസ്ഥാനമായി ബന്ധം കിട്ടി. അങ്ങനെ ഫെമിനിസ്റ്റ് മുന്നേറ്റത്തെക്കുറിച്ച് കൂടുതലറിയുകയും പഠിക്കുകയും ചെയ്തപ്പോൾ കേരളത്തിൽ, പുരുഷാധിപത്യ വ്യവസ്ഥിതിയുടെ ഭാഗമായി സ്ത്രീകൾ ഒരു രണ്ടാംകിട പൗരത്വം അനുഭവിക്കുന്നു എന്നും ഇതൊരു രാഷ്ട്രീയ പ്രശ്നമാണെന്നും ഒരിക്കലും സ്വകാര്യ പ്രശ്നമല്ല എന്നും മനസിലാക്കി, അത്തരം പ്രസ്ഥാനത്തിന്റെ ആവശ്യകത ഉണ്ടായിരുന്നതു കൊണ്ടാണ് 'അന്വേഷി' തുടങ്ങിയത്.

- **സംഘടന ആരംഭിച്ചാലും issues വേണമല്ലോ..... അവ കളക്ട് ചെയ്യുന്നതെങ്ങനെ?**

issues നമ്മൾ തുടങ്ങുന്നതല്ല. അവയിൽ ഇടപെടുമ്പോഴാണ് സംഘടന ജനിക്കുന്നത്. സ്ത്രീധന പീഢനം പോലെ എന്തെങ്കിലും issues അറിയുമ്പോൾ നമ്മൾ അതിൽ ഇടപെടുന്നു. അതൊരു Public issue ആയി ഉയർത്തികാട്ടുന്നു. അല്ലെങ്കിൽ ഇതൊന്നും ഒരു സംഭവമേ ആവില്ല. വെറുമൊരു കുടുംബപ്രശ്നം മാത്രമാവും. എന്നാൽ ഇത്, പുരുഷനു മേൽക്കോയ്മ നൽകുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ പ്രശ്നമാണ്. ഞങ്ങൾ അത്തരം സംഭവങ്ങളിൽ പൊതുയോഗങ്ങളും പ്രക്ഷോഭങ്ങളും നടത്തും. ആക്ഷൻ കമ്മിറ്റികൾ രൂപീകരിക്കും. അങ്ങനെ ഇവയെ പൊതുപ്രശ്നമെന്ന നിലയിൽ ഇടപെട്ടുകൊണ്ടാണ് അന്വേഷി പോലുള്ള സംഘടനകൾ ഉണ്ടാവുന്നത്. ഒരു സംഘടനാരൂപത്തിൽ ആവശ്യം ഉയരുമ്പോഴാണ് അതുണ്ടാവുന്നത്. തുടങ്ങുമ്പോൾ മൂന്നോ നാലോ പേരേ ഉണ്ടാവൂ ഓരോ ഗ്രൂപ്പിലും.

- **സാറാ ജോസഫിന്റെ 'മാനുഷി'യെല്ലാം ഇതേ സമയത്താണ് രൂപീകരിക്കപ്പെട്ടത്. അവരുമായി ഒരു അസ്സോസിയേഷൻ ഉണ്ടായിരുന്നോ?**

1990 ഡിസംബറിൽ ഒരു ദേശീയ സമ്മേളനം നടന്നിരുന്നു. അതുമായി ബന്ധപ്പെട്ട് ഒരു ഏകോ

പന സമിതി ഫോം ചെയ്തിരുന്നു. അതിൽ ഞങ്ങൾ ഒരുമിച്ച് വർക്ക് ചെയ്തിട്ടുണ്ട്.

● 'മാനുഷി' യുടെ രൂപീകരണത്തെക്കുറിച്ച് ഒരു വിവാദമുണ്ടായിരുന്നില്ലേ......അതിന് തുടക്കം കുറിച്ചത് CPI (M) ആണെന്നും അല്ല... പട്ടാമ്പി കോളേജ് വിദ്യാർത്ഥിനികൾ സാറാ ടീച്ചറിന്റെ നേതൃത്വത്തിൽ രൂപീകരിച്ചതാണെന്നും.......?

അത്, സാറാടീച്ചറിനോട് ചോദിക്കേണ്ട ചോദ്യ മാണ്. ഞങ്ങൾ സുഹൃദ് ഗ്രൂപ്പുകളാണ്. സാറാ ടീച്ചർ പറയുന്ന ഭാഗത്തേ ഞാൻ നിൽക്കൂ. ഞങ്ങൾ ഒരുമിച്ച് ഒരു സംഘടനയിൽ പ്രവർത്തി ച്ചിരുന്നില്ലന്നേയുള്ളൂ. issues ഉണ്ടാവുമ്പോൾ ഒന്നിച്ചൊരുപാട് വർക്ക് ചെയ്തിട്ടുണ്ട്.

2-3 കൊല്ലം മുമ്പ് നിങ്ങൾ ഒന്നിച്ച് ചൂലെടുത്ത് സമരം നടത്തിയിരുന്നല്ലോ....

ഐസ്ക്രീം പാർലർ കേസിലായിരുന്നു.

● ഈയൊരു മാറ്റം ഒന്നു വിശദീകരിക്കാ മോ..... തോക്കെടുത്ത് യുദ്ധം ചെയ്ത മാധ്യം എന്നു മുതലാണ് ചൂലെടുത്ത് സമരം ചെയ്യാൻ തുടങ്ങിയത്?

നിങ്ങളീ പത്രക്കാർ സംസാരിക്കുന്ന പോലെ ചോദിക്കല്ലേ.. ഞാനിപ്പോൾ തോക്കെടുക്കാറില്ല. പോരെ. പൊതുശ്രദ്ധ നേടാനുള്ള ഒരു മാർഗ്ഗമാ യിരുന്നു അത്. ഒരു സത്യാഗ്രഹം നടന്നതു കൊണ്ടോ പൊതുയോഗം കൂടുന്നതു കൊണ്ടോ ശ്രദ്ധിക്കപ്പെടില്ല. ഇത് പുതിയ രീതിയിൽ Pro-test നടത്താനുള്ള ഒരു മാർഗ്ഗം മാത്രമാണ്. സാധാരണക്കാർ ഇത്, അറിയണം ശ്രദ്ധിക്കണം. അത്രേയുള്ളൂ. ഇതൊക്കെ ചിഹ്നങ്ങൾ ആണ്.

● അതെ. ഇത്തരം ചിഹ്നങ്ങളാണ് പ്രശ്നം. സ്ത്രീയുടെ ആയുധം ചൂലാണെന്ന ശക്തമായ സന്ദേശം ഇത് നൽകുന്നില്ലേ?

നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും വ്യാഖ്യാ നിക്കാം. സ്ത്രീക്ക് മാത്രമല്ല. പുരുഷനും ചൂലെ ടുക്കാം.

പക്ഷേ... ഒരു പുരുഷനും ഒരിക്കലും ചൂലെടു ത്ത്, സമരം നടത്തിയിട്ടില്ല.

അതവരുടെ പ്രശ്നമാണ്. ചൂലെടുക്കണോ, ഉലക്ക പിടിക്കണോ എന്ന് സമരം ചെയ്യുന്നവർ തീരുമാനിക്കും. എന്തായാലും ശ്രദ്ധിക്കപ്പെട്ടല്ലോ. അതുമതി.

● ഫെമിനിസം എന്നതുകൊണ്ട് എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?

പുരുഷാധിപത്യ വ്യവസ്ഥിതിയിൽ സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങൾക്കും, പീഡന ങ്ങൾക്കും, വിവേചനങ്ങൾക്കുമെതിരെ സമരം ചെയ്യുന്ന മുന്നേറ്റം ആണ് ഫെമിനിസം. അടി സ്ഥാനപരമായി അതൊരു രാഷ്ട്രീയ മുന്നേറ്റമാ ണ്. സ്ത്രീപക്ഷ രാഷ്ട്രീയ സമൂഹത്തിലുണ്ടാ വുന്ന ഏതു പ്രശ്നവും പുരുഷനേക്കാളും സ്ത്രീയെ ബാധിക്കും. പക്ഷേ, ഒരു പ്രശ്നത്തിൽ സ്ത്രീയുടെ deimension എന്താണെന്ന് ആളുകൾ മനസിലാക്കുന്നില്ല. അതിനുള്ള ഉത്തരവാദിത്തം ഞങ്ങൾക്കാണ്.

● കേരളത്തിലെ feminist മുന്നേറ്റങ്ങൾക്ക് വരുന്ന പാളിച്ചകൾ എന്തെല്ലാമാണെന്ന് പറ യാമോ?

പാളിച്ചകളേക്കാൾ കൂടുതൽ നേട്ടങ്ങളെ കുറിച്ച് പറയാനാണ് എനിക്ക് താൽപര്യം. പാളിച്ചകൾ ഏതൊരു മുന്നേറ്റത്തിനും ഉണ്ടാവും. ഇന്നത്തെ രാഷ്ട്രീയ പാർട്ടികളെ അല്ലെങ്കിൽ ജനാധിപത്യ സംവിധാനത്തെ നോക്കുക.യാണെങ്കിൽ, എല്ലാ യിടത്തും സ്ത്രീകളെ സംബന്ധിച്ച നിർണായക തീരുമാനങ്ങളെടുക്കേണ്ട. പ്രക്രിയകളിൽ അവർക്കു സ്ഥാനമില്ല, എന്ന് കാണാം. പാർല മെന്റിൽ സ്ത്രീകൾക്ക് 33% സംവരണത്തിനുള്ള ബില്ല് പാസ്സാക്കാനുള്ള ഇച്ഛാശക്തി UPA ഗവൺമെന്റും കാണിച്ചില്ല. ഒരു നാടിന്റെ പോക്ക് എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കാ നുള്ള അവകാശം സ്ത്രീക്കില്ല. ഒരു രാഷ്ട്രീയ പാർട്ടിയുടെയോ, എന്തിന് ഒരു കുടുംബത്തി ന്റെയോ പോക്ക് എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം സ്ത്രീക്കില്ല. ഈ ഒരവസ്ഥയിൽ സ്ത്രീകൾ അശക്തയാണ്. അവർക്ക് ഒരു Empowerment ആവശ്യമാണ് എന്നംഗീകരിക്കപ്പെട്ടത് ഫെമിനിസ്റ്റ് മൂവ്മെന്റിന്റെ പ്രവർത്തനഫലമായാണ്. ഇപ്പോൾ സർക്കാർ തന്നെ Women's Empowerment എന്ന പ്രോഗ്രാം നടത്തുന്നുണ്ട്. വനിതാ കമ്മീഷനുണ്ടാക്കി വനിതാ പോലീസിന്റെ വനിതാ സെൽ ഉണ്ടാക്കി. കുടുംബകോടതികൾ ഉണ്ടാക്കി. അഖിലേന്ത്യാ നിലവാരത്തിലുള്ള feminist മുന്നേറ്റത്തിന്റെ im-pact ആയി ഗാർഹീക പീഡനങ്ങൾ തടയാനുള്ള നിയമം വന്നു. സ്ത്രീധന പീഡനങ്ങൾ തടയാ

നുള്ള പ്രത്യേകവകുപ്പ്, ഇവയെല്ലാം വന്നത് ഇങ്ങ നെയാണ്. പെൺ ഭ്രൂണഹത്യ എന്ന അപകടക രമായ അവസ്ഥയ്ക്കെതിരെ നിയമം കൊണ്ടുവ ന്നു. ജോലി സ്ഥലത്തെ ലൈംഗികപീഡനം, ബിൽ പാസ്സായി. ഇതെല്ലാം സ്ത്രീപക്ഷ പ്രസ്ഥാ നങ്ങളുടെ പ്രവർത്തന ഫലമായുണ്ടായതാണ്. കക്ഷിരാഷ്ട്രീയ താത്പര്യങ്ങൾക്ക് കീഴ്പ്പെടാതെ സ്വതന്ത്രമായ് പ്രവർത്തിക്കുന്ന ഈ പ്രസ്ഥാന മാണ് പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നത്. പിന്നീടത്, ഇടതുപക്ഷ പാർട്ടികൾ ഏറ്റെടുക്കു ന്നു. ഒരു Catalyst ന്റെ റോൾ ആണ് ഞങ്ങൾ വഹിക്കുന്നത്. ഇന്ന് സ്ത്രീ സംബന്ധമായ എന്ത് പ്രശ്നമുണ്ടായാലും 'അന്വേഷി'ക്ക് എന്താണ് പറയാനുള്ളത് എന്ന് ആളുകൾ ചോദിക്കും. ഈ Impact ആണ് നിങ്ങൾ കാണേണ്ടത്.

● ഇടതുപക്ഷ പാർട്ടികൾ ഈ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന കാര്യം പറഞ്ഞല്ലോ... രാഷ്ട്രീയ പാർട്ടകൾ ഇതേറ്റെടുക്കുമ്പോൾ എന്തെങ്കിലും മാറ്റം സംഭവിക്കുന്നുണ്ടോ?

തീർച്ചയായും ഉണ്ട്. അവർ ഇടപെടുമ്പോഴേ ഇത്, മുഖ്യധാരയിലെ പ്രശ്നമാവൂ. നിയമമാവൂ. ഞങ്ങൾ ഇവിടിരുന്നു പറയുമ്പോൾ ആരും ശ്രദ്ധി ക്കില്ല.

● പക്ഷേ രാഷ്ട്രീയ പാർട്ടികളിലും പുരുഷ ന്മാർ തന്നെയാണ് കേന്ദ്രമായി വരുന്നത്. അവർ സ്ത്രീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതും. സ്ത്രീകൾ നേരിട്ടു ചെയ്യുന്നതും തമ്മിൽ വ്യത്യാ സമില്ലേ..?

അതില്ലെന്നല്ല. പക്ഷേ... ഉദാഹരണത്തിന് ഒരു തെരഞ്ഞെടുപ്പു വന്നു എന്നിരിക്കട്ടെ. അപ്പോൾ ഈ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടാൻ ചെയ്യാൻ രാഷ്ട്രീയ പാർട്ടികൾക്ക് സാധിക്കും. അവർക്കേ സാധിക്കൂ. ഭരണത്തിൽ വരുന്ന പാർട്ടിക്ക് ഇതിൽ എന്തെങ്കിലും ചെയ്യാതെ തരമില്ലെന്നാവും. അല്ലെങ്കിൽ ഇതിന്റെ consequences അവർ നേരി ടേണ്ടി വരും. അവർ പ്രശ്നങ്ങൾ ഏറ്റെടുത്തെന്ന് വച്ച് ഞങ്ങൾ ഇല്ലാതാവുന്നില്ല.

ഞങ്ങൾ പിന്നെ മിണ്ടാതിരിക്കുകയല്ല. പ്രയ ത്നിച്ചു കൊണ്ടേയിരിക്കും. ഞങ്ങൾ ചെയ്യുന്ന പോലെ ഇടതുപക്ഷ പാർട്ടികൾക്കും ചെയ്യാൻ പറ്റില്ല. പക്ഷേ... ഒരു കാറ്റ്... വലിയ കൊടുങ്കാ റ്റായി മാറും. ഐസ്ക്രീം കേസിലൊക്കെ നമ്മള ത്, കണ്ടതാണ്. തെരഞ്ഞെടുപ്പു വന്നപ്പോൾ ജന ങ്ങളുടെ ഇച്ഛാശക്തി എന്തുമാത്രം ഉയർന്നെന്ന് നമ്മൾ അനുഭവിക്കുകയും ചെയ്തു.

സ്ത്രീ പുരുഷ സമത്വം എന്നത് ഒരു വെറും വാക്കിലുപരി യാഥാർത്ഥ്യം ആവണം. ഇതി നൊരു തുടക്കമാണ് ഞങ്ങളിടുന്നത്.

● പുരുഷൻ ചെയ്യുന്നതെല്ലാം സ്ത്രീക്ക് ചെയ്യാൻ പറ്റണം എന്ന രീതിയിലാണോ 'സമത്വം' എന്നുദ്ദേശിക്കുന്നത്?

എന്നല്ല. അതൊരിക്കലും സാധിക്കില്ല. പക്ഷേ, സ്ത്രീയുടെ അവകാശത്തെക്കുറിച്ച് പുരുഷൻ ബോധവാനാകണം. തന്നെപോലെ അധികാ രവും അവകാശവുമുള്ള പൗരനായി അംഗീക രിക്കണം. കുടുംബ വ്യവസ്ഥിതിയിൽ മാറ്റം വര ണം. കുടുംബങ്ങളിൽ ജനാധിപത്യം വരണം.

● വിവാഹ പൂർവ ബന്ധത്തെക്കുറിച്ച് നിങ്ങ ളുടെ കാഴ്ചപ്പാടെന്താണ്? അജിത എന്ന വ്യക്തിക്ക് ഒരു mother superior ന്റെ റോൾ ആണ് ഉള്ളത് എന്ന് ചില മാധ്യമങ്ങൾ പരാമർശിക്കു കയുണ്ടായി...?

ഞാനൊരു കടുത്ത സദാചാരവാദിയൊന്നുമല്ല. Adolesunu period ൽ ഇത്തരം പലതും ഉണ്ടാവും. അതിനെ സദാചാരപരമായി കാണരുതെന്ന് നില പാടെടുക്കുന്നയാളാണ് ഞാൻ.

Sex worker issue ലാണെന്നു തോന്നുന്നു. എന്ന പറ്റി അങ്ങനെയൊരഭിപ്രായം വന്നത്. വേശ്യാ വൃത്തിയെ ഒരു തൊഴിലായി അംഗീകരിക്കണം, തൊഴിലവകാശങ്ങൾ കൊടുക്കണം, എന്നൊക്കെ പറയുന്ന ഒരു trend ഉണ്ട്. ഞാൻ അതിനെതിരെ ശക്തമായി നിൽക്കും. കാരണം അതൊരു തൊഴിലായി ഞാൻ കാണുന്നില്ല. സ്ത്രീക്കുനേരെയുള്ള violence ന്റെ ഏറ്റവും തീക്ഷ്ണമായ രൂപമായിട്ടേ ഞാനതിനെ കാണൂ. സ്ത്രീയുടെ ലൈംഗികതയെ, ശരീരത്തെ മാർക്ക റ്റിലെ വിൽപനച്ചരക്കാക്കുന്ന മുതലാളിത്ത സമ്പ്രദായമാണത്. മുതലാളിത്തവും പുരുഷാ ധിപത്യവും ഒന്നിച്ചു ചേർന്നാണ് ഇതിനെ വാണിജ്യവത്ക്കരിക്കുന്നത്. ഇങ്ങനെ ചെയ്യുന്ന പ്രത്യയ ശാസ്ത്രത്തെ അല്ലെങ്കിൽ ആ നിലപാ ടെടുക്കുന്ന ഗ്രൂപ്പുകളെ എനിക്കംഗീകരിക്കാൻ പറ്റില്ല.

● 'നളിനി ജമീല' പറയുന്ന പോലെ ലൈംഗിക തൊഴിൽ എന്നൊന്നില്ല എന്നാണോ?

അതൊരു മാന്യമായ തൊഴിലായിരുന്നെങ്കിൽ അവർ അവരുടെ മകളെ വിവാഹം കഴിപ്പിച്ചു വിട്ടതെന്തിനാ? അവർ പറയുന്നതെല്ലാം മറ്റാരൊക്കെയോ ചേർന്ന് പറയിപ്പിക്കുന്നതാണ്.

Sex worker theory സ്ത്രീ സ്വാതന്ത്ര്യമല്ല. Sex tourism നമ്മുടെ നാട്ടിലും അംഗീകൃതമാക്കാനുള്ള ഒരു അന്താരാഷ്ട്ര ഗൂഢാലോചനയായാണ് ഞാനിതിനെ കാണുന്നത്. തായ്‌ലാന്റിലെല്ലാം നടക്കുന്നതെന്താണെന്ന് നിങ്ങൾക്ക് വല്ല ധാരണയുണ്ടോ? Sex tourism industry എന്നു പറയും. നിയമം അംഗീകരിക്കുന്ന ഒന്ന്. 10 മുതൽ 15 വയസുവരെയുള്ള പെൺകുട്ടികളെ റെഡിമെയ്ഡ് വസ്ത്രങ്ങളെ പോലെ പ്രദർശിപ്പിക്കും. ഇതെല്ലാമാണ് ആഗോളവൽക്കരണം, ടൂറിസം എന്നിവ കൊണ്ടുണ്ടാകുന്നത്.

- Internet Pronography യിലാണ് ഏറ്റവും കൂടുതൽ ഫെമിനിസം നടക്കുന്നത് എന്ന അഭിപ്രായത്തെ എങ്ങനെ നോക്കിക്കാണുന്നു?

അത് ഫെമിനിസത്തെ കുറിച്ചുള്ള തെറ്റായ ധാരണയാണ്. ഫെമിനിസം സ്ത്രീയുടെ മഹത്വത്തെയും ആത്മാഭിമാനത്തെയും വിൽപ്പനച്ചരക്കാക്കുന്ന ഏർപ്പാടല്ല.

- ലെസ്ബിയനിസം പോലുള്ള ലൈംഗിക സ്വയം നിർണയാവകാശത്തിൽ നിങ്ങളുടെ നിലപാടെന്താണ്?

ഞാനതിന് എതിരൊന്നുമല്ല. പെണ്ണിന് ആണുമായി മാത്രമേ സെക്സ് പാടുള്ളൂ എന്നൊന്നുമില്ല. ഡ്രസ്സ് കോഡ് പോലും വേണ്ട എന്നതാണ് എന്റെ അഭിപ്രായം. വസ്ത്രധാരണത്തിൽ എന്തിനാ ഒരു discrimination. ആണിനും പെണ്ണിനും വെവ്വേറെ ഡ്രസ്സിന്റെ ആവശ്യമില്ല. ആണുങ്ങൾക്ക് വേണമെങ്കിൽ ചുരിദാറുമിടാം എന്നാണ് എനിക്കു തോന്നുന്നത്.

ഒരു ആൺകുട്ടിയും പെൺകുട്ടിയും തമ്മിലുള്ള ബന്ധത്തിന് ഇന്നും ചില Social stigmaകൾ ഉണ്ട്. അവർക്ക് തമ്മിൽ സൗഹൃദം ഉണ്ടാക്കാൻ പോലും സാധിക്കില്ല. ഇതെല്ലാം മാറണം. വിദ്യാഭ്യാസ സമ്പ്രദായം മാറണം. ആൺകുട്ടിയും പെൺകുട്ടിയും ഒന്നിച്ചിരുന്ന് പഠിക്കണം. സെക്സിന്റെ ഒരു mystification ഇല്ലാതാവണം. ഇതൊരു റ്റാബോ ആയി നിലനിർത്തരുത്. പക്ഷേ Lesbianism ത്തെ ഗ്ളോറിഫൈ ചെയ്യുന്നതിനോട് എനിക്ക് അനുഭാവമില്ല. അതാണ് ശരി എന്ന് പറയാൻ പറ്റില്ല. Lesbianism ത്തെ ഞാൻ കാണുന്നത് പുരുഷാധിപത്യത്തിനെതിരെയുള്ള ഒരു കലാപമായിട്ടാണ്. പക്ഷേ പലയിടത്തും ചർച്ചകൾ വരുമ്പോൾ സെക്സ് വർക്കേഴ്സിന്റെ അവകാശങ്ങളും Lesbianism ന്റെ അവകാശങ്ങളും മാത്രമാണ് വിഷയം.

- അതിനോട് നമ്മൾ അഡ്ജസ്റ്റ് ചെയ്യണമെന്നാണോ?

അങ്ങനെയാവരുതല്ലോ. ഒരു സാധാരണ സ്ത്രീയുടെ പ്രശ്നം ഇതൊന്നുമല്ല. എന്റെ നോട്ടത്തിൽ 90% സ്ത്രീകളുടെയും പ്രശ്നം ഗാർഹിക പീഢനം ആണ്.

- കേരളത്തിന്റെ ആഗോള വികസന പ്രക്രിയയെ എങ്ങനെ നോക്കിക്കാണുന്നു?

എന്റെ അഭിപ്രായത്തിൽ ഈയൊരു അജണ്ടയുടെ ഭാഗമായിട്ടാണ് ഇവിടെ നേരത്തെ പറഞ്ഞ സെക്സ് റാക്കറ്റും സെക്സ് വർക്കർ തിയറിയുമെല്ലാം ഉണ്ടായത്. കേരളത്തെ കോളനി വത്ക്കരിക്കുന്നതിന്റെ ഭാഗമാണത്. കേരളത്തെ എന്നല്ല മൊത്തം ഇന്ത്യയെ തന്നെയും ഒരു ടൂറിസം വികസന മേഖലയാക്കുന്നു. ഏതു സർക്കാർ വന്നാലും പ്രമോട്ട് ചെയ്യുന്ന, ചെയ്യേണ്ടതെന്നു വരുത്തിത്തീർക്കുന്ന ഒന്നാണ് ടൂറിസം. ഏറ്റവും പ്രധാനപ്പെട്ട വികസനം ടൂറിസം ആണ്. ഇതിന്റെ ഭാഗമായാണ് സെക്സ് റാക്കറ്റുകളും അവരുടെ പിന്നിലെ മാഫിയകളുമെല്ലാം ഉണ്ടായത്. 'മാഫിയ' എന്നു കേൾക്കുമ്പോൾ നിങ്ങൾ കരുതും അധോലോകമാണെന്ന്. അല്ല. അഴിമതി പുരണ്ട ജുഡീഷറിയും, രാഷ്ട്രീയവും, പോലീസും ചേർന്ന ഒരു മാഫിയയാണ് നമ്മുടെ സമൂഹത്തെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത്. ടൂറിസത്തിന്റെ വികസനം നമ്മൾ പ്രത്യേകം പഠിക്കേണ്ടതാണ്. എന്റെ അഭിപ്രായത്തിൽ ടൂറിസത്തിന്റെ വികസനം സമൂഹത്തിനെ നശിപ്പിക്കുന്ന ഒന്നാണ്.

പക്ഷേ നമ്മുടെ ഏറ്റവും വലിയ വരുമാനം വരുന്നത് ടൂറിസത്തിൽ നിന്നാണ്..

നമ്മൾ ശ്രദ്ധിക്കേണ്ടത് ഉത്പാദന മേഖലയിലാണ്. ഉത്പാദന പ്രക്രിയ മുഴുവൻ മരവിച്ചു കിടക്കുകയാണ്. അതങ്ങനെ വെറുതെയിട്ട് ടൂറിസമേ രക്ഷയുള്ളൂ എന്ന് പറയുന്നതിൽ അർത്ഥമില്ല. എങ്ങനെ ലാഭം ഉണ്ടെന്നാണ് നിങ്ങൾ പറയുന്നത്? ടൂറിസം റിസോർട്ടുകളും, ഫൈവ് സ്റ്റാർ

ഹോട്ടലുകളും ഉണ്ടാക്കിയിട്ടാണോ ഒരു നാട് വികസിക്കേണ്ടത്? ഭക്ഷ്യോൽപാദനത്തിലൂന്നിയുള്ള കൃഷിയിലൂടെയാണ് ഒരു നാട് വികസിക്കേണ്ടത്. അത് മുഴുവൻ തകിടം മറിച്ച് നാണ്യവിളകൾക്ക് ഊന്നൽ നൽകുന്ന സമ്പ്രദായമാണിപ്പോഴുള്ളത്. ഇന്റർനാഷനൽ മാർക്കറ്റിൽ വില കൂടുന്നതിനും കുറയുന്നതിനുമനുസരിച്ച് കാർഷികോൽപന്നങ്ങളുടെ വില കൂടുന്നു. നമ്മൾ മുഴുവനായും ആശ്രിയിക്കുന്നവരാണ്. അത് അങ്ങേയറ്റം തലകീഴായ വികസന രൂപമാണ്. കേരളത്തിലെ ജനങ്ങൾക്കാവശ്യമായത് ഇവിടെ തന്നെ ഉത്പാദിപ്പിക്കണം. ഇങ്ങനെയൊരു സമ്പദ്വ്യവസ്ഥഇവിടെ ഉണ്ടായിരുന്നു. ഇതിനെയാണ് സാമ്രാജ്യത്വം ആദ്യം തന്നെ തകിടം മറിച്ചത്.

നമ്മുടെ ചെറുകിട വ്യവസായ മേഖല പൂർണ്ണമായും നശിപ്പിക്കാൻ ശ്രമം നടക്കുന്നു. ഒടുവിൽ ടൂറിസം ആണ് ഇവിടെ ഏറ്റവും വലുത് എന്ന രീതിയിൽ പ്രചാരം നടത്തുന്നു. ഇതിന് ഫണ്ട് വരുന്നത് IMF ൽ നിന്നും ലോകബാങ്കിൽ നിന്നുമെല്ലാമാണ്. മൂന്നാം ലോകരാഷ്ട്രങ്ങളുടെ ടൂറിസത്തിന്റെ മൂന്ന് പ്രധാന മുദ്രാവാക്യങ്ങൾ മദ്യം, പെണ്ണ്, മയക്കുമരുന്ന് എന്നതാണ്. ഇത് തന്നെയാണ് ഗോവയിലും തായ്ലാഡിലുമെല്ലാം നടക്കുന്നത്.

- പക്ഷെ ആഗോളവത്ക്കരണം ഒരു റിയാലിറ്റി ആണ്. ഒഴിവാക്കാൻ കഴിയാത്ത ഒന്ന്. അതിനോട് സമരസപ്പെട്ടു നിന്ന് അതിന്റെ ഗുണവശങ്ങൾ സ്വായത്തമാക്കുകയല്ലേ നല്ലത്?

എനിക്കങ്ങനെ ഒരു നിലപാടെടുക്കാൻ കഴിയില്ല. നമ്മൾ പലതിനോടും ആദ്യം അഡ്ജസ്റ്റ് ചെയ്യും. പിന്നെ അതിന്റെ വക്താക്കളായി തീരും. ആഗോളവത്കരണത്തിനോട് സമരസപ്പെട്ട് പിന്നീട് അതിന്റെ വക്താവായി തീർന്ന വേണു പറയുന്നത് ആഗോളവൽക്കരണം അനിവാര്യമായ പ്രക്രിയയാണെന്നാണ്.

ഇങ്ങനെയൊരു വൈരുദ്ധ്യം വരുന്നതെങ്ങനെയാണ്? വേണുവിനെ പോലെ തീവ്രമായ വിപ്ലവാശയങ്ങൾ വിശ്വസിച്ചിരുന്നവർക്ക് എങ്ങനെ ഇത് സാധിച്ചു? അതാണ് ഞാൻ പറഞ്ഞത്. നിലപാടുകളിൽ വ്യക്തത വേണം എന്ന്. ഓരോരുത്തരുടേയും നിലപാടുകൾ മാറുന്നതിന് ഓരോ കാരണങ്ങളുണ്ടാവും. തത്കാലം നിലനിൽപിന്റെ രാഷ്ട്രീയമായിരിക്കാം അവർ നോക്കുന്നത്. അങ്ങനെയാവുമ്പോൾ നിലപാടുകൾ എങ്ങനെ വേണമെങ്കിലും മാറ്റാം.

ഒരു പക്ഷേ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സംഭവിച്ചതും ഇതു തന്നെയായിരിക്കും.

അതെ. ഒരു long term percepative നഷ്ടപ്പെടുന്നു. എന്നതാണ് സത്യം.

- നിങ്ങൾ പണ്ട് ചൈനയോട് വളരെയധികം വിധേയത്വം പ്രകടിപ്പിച്ചിരുന്ന വ്യക്തിയായിരുന്നല്ലോ. പുതിയ ചൈനയെ എങ്ങനെ നോക്കിക്കാണുന്നു?

അമേരിക്കയുടെ ആഗോളവൽക്കരണ പ്രക്രിയയ്ക്ക് സമാനമായ ഒരു മുതലാളിത്ത രാജ്യമായാണ് ഇന്നത്തെ ചൈനയെ ഞാൻ കാണുന്നത്.

- മുതലാളിത്ത ശക്തിയായ് ഉയർന്നുവന്ന ചൈന എന്ന് പറയാൻ സാധിക്കില്ലേ?

മുതലാളിത്തത്തെ അംഗീകരിക്കാൻ സാധിക്കുമോ? എനിക്ക് കഴിയില്ല. ഞാൻ സോഷ്യലിസത്തെയാണ് വിഭാവനം ചെയ്തത്, സ്വപ്നം കണ്ടത്. കമ്മ്യൂണിസ്റ്റ് രാജ്യമായ ചൈനയെയാണ് ഞാൻ ആരാധിച്ചത്. ഇപ്പോഴതൊരു കമ്മ്യൂണിസ്റ്റ് രാജ്യമല്ല.

- മാവോയുടെ തന്നെ പരാജയമായ് അതിനെ കാണാൻ പറ്റില്ലേ?

അതെങ്ങനെ? മാവോ കമ്മ്യൂണിസ്റ്റ് രാജ്യം കെട്ടിപ്പടുക്കാൻ ശ്രമിച്ച വ്യക്തിയാണ്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ താത്കാലികമായ ഒരു പരാജയം എന്ന് വേണമെങ്കിൽ പറയാം.

- അതേ മാവോയുടെ ചിത്രം തന്നെ ചൈനീസ് വിദ്യാർത്ഥികൾ ടിയാൻ മെൻ സ്ക്വയറിൽ അടിച്ചു തകർത്തല്ലോ?

പ്രതിവിപ്ലവം നടക്കുമ്പോൾ അതൊക്കെ സംഭവിക്കും. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ജീർണനകൾക്കെതിരെ പോരാടാൻ ശക്തമായ ആഹ്വാനം നൽകിയ വ്യക്തിയാണ് മാവോ.

- മാവോ വാദത്തിൽ ഇന്നും വിശ്വസിക്കുന്നുണ്ടോ?

തീർച്ചയായും. അതായത്, കമ്മ്യൂണിസ്റ്റുകാർ എങ്ങനെയിരിക്കണം എന്നെല്ലാം അദ്ദേഹം പറ

ഞ്ഞിട്ടുണ്ട്. സാംസ്കാരിക വിപ്ലവത്തിന്റെ മുദ്രാവാക്യം എന്തായിരുന്നു? "Bombard the head quartes" എന്ന് അല്ലേ? അതായത് നേതൃത്വത്തിന് നേരേ ബോംബ് വർഷിക്കുക. നേതൃത്വത്തിലെ ജീർണതകൾക്കെതിരെ അല്ലെങ്കിൽ മുതലാളിത്ത ചായ്‌വിനെതിരെ പൊരുതുക.

പാരിസ് കമ്മ്യൂൺ പരാജയപ്പെട്ടില്ലേ. എങ്കിൽ പോലും അതിന്റെ തത്വങ്ങൾ പിന്നീട് അനശ്വരമായി മാറുകയാണ് ചെയ്തത്. അതുപോലെ സാംസ്കാരിക വിപ്ലവവും താത്കാലികമായി, ഭൗതികമായി പരാജയപ്പെട്ടാൽ പോലും അതിന്റെ തത്വങ്ങൾ ഇപ്പോഴും പ്രസക്തമാണ്.

- നേപ്പാളിലെ ഇന്നത്തെ മാവോയിസ്റ്റ് പ്രസ്ഥാനത്തെ എങ്ങനെ കാണുന്നു?

അവർ വളരെ പോസിറ്റീവ് ആയ പാതയിലല്ലേ സഞ്ചരിക്കുന്നത്.

- അവർ വളരെയധികം അക്രമങ്ങൾ ചെയ്യുന്നില്ലേ?

സായുധ സമരത്തെ ഞാൻ നിരാകരിക്കുന്നില്ല.

- സാധാരണക്കാർക്കു നേരെയുള്ള അക്രമങ്ങളാണ് ഉദ്ദേശിച്ചത്?

അങ്ങനെ നിങ്ങൾ പറയരുത്. നേപ്പാളിലെ മാവോയിസ്റ്റ്കാർ സാധാരണക്കാർക്കു നേരെ അക്രമങ്ങൾ നടത്തുന്നു എന്ന് ഞാൻ മനസിലാക്കിയിട്ടില്ല.

- അവരും ഇപ്പോഴൊരു കക്ഷിരാഷ്ട്രീയത്തിൽ പങ്കെടുക്കുകയാണല്ലോ?

അതൊരിക്കലും തെറ്റില്ല.

അത് അവരിത്രനാൾ ഉയർത്തിപ്പിടിച്ച മാവോയിസ്റ്റ് വാദത്തെ കയ്യൊഴിയുന്ന പോലെയല്ലേ

എല്ലാം അങ്ങനെ ഉലക്ക വിഴുങ്ങുന്ന പോലെയാവണം എന്ന് പറയരുത്. മാവോ പറഞ്ഞത് ജനങ്ങൾക്ക് വേണ്ടി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ശരിയാണെന്നാണ്. ജനാധിപത്യപരമായ പ്രവർത്തനങ്ങൾ തെറ്റാണെന്ന് മാവോ പറഞ്ഞിട്ടില്ല. മാവോയിസ്റ്റുകൾ ആദ്യം സായുധസമരത്തിന്റെ പാതയിലായിരുന്നു. ഇപ്പോൾ അവർ തട്ടിയെറിഞ്ഞ് ജനാധിപത്യ പ്രക്രിയയ്ക്ക് വേണ്ടി യുദ്ധം ചെയ്യുന്നു.

- അവരും മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് വന്നു കഴിഞ്ഞാൽ ഇത്രയും നാളുമുണ്ടായിരുന്ന ആശയങ്ങൾ വിട്ടുകളയാൻ സാധ്യതയില്ലേ?

അങ്ങനെ മാറിക്കൊള്ളണമെന്ന് നിർബന്ധമൊന്നുമില്ല. ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

- നമ്മുടെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സംഭവിച്ചതല്ലേ?

അതുകൊണ്ട് അവിടെയും അങ്ങനെയാവും എന്നില്ല. ദീർഘകാല സമരത്തിന്റെ ചരിത്രമുള്ളവരാണ് നേപ്പാളിലെ മാവോയിസ്റ്റുകൾ. അവരും ജനാധിപത്യത്തിലേക്ക് വരുമ്പോൾ അഴിമതിയുള്ളവർ ആവും. ഇവരെ പോലെ എന്ന് പറയാൻ പറ്റില്ല. എല്ലാം ഒരു പോലെയല്ലല്ലോ ചരിത്രത്തിൽ. ഇവിടെയങ്ങനെയായിരുന്നു. അവിടെയും അങ്ങനെയാവും എന്ന മുൻവിധിയോടു കൂടി കാണേണ്ടതില്ല, എന്നതാണ് എന്റെ അഭിപ്രായം.


NIJIL DAS

# NSS (National Service Scheme)

'വ്യക്തിത്വ വികസനം സേവനത്തിലൂടെ' എന്ന ലക്ഷ്യത്തോടെ നാഷണൽ സർവ്വീസ് സ്കീം എന്ന സംഘടന തേവര തിരുഹൃദയ കലാലയത്തിൽ ഏറെ തീക്ഷ്ണതയോടെ പ്രവർത്തിച്ചു പോരുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന NSS ന്റെ 3 യൂണിറ്റുകളാണ് നമ്മുടെ കോളേജിൽ ഉള്ളത്. 3 യൂണിറ്റുകളിലായി 300ലേറെ കുട്ടികൾ ഈ സംഘടനയിൽ അംഗങ്ങളാണ്. വർഷം തോറും NSS ന്റെ നേതൃത്വത്തിൽ ഒരു മിനി ക്യാമ്പും (3 ദിവസം) ഒരു ദശദിന ക്യാമ്പും നടത്തിപ്പോരുന്നു. കൂടാതെ ഒക്ടോബർ 2-ഗാന്ധിജയന്തി, പരിസര ശുചീകരണം, ഡിസംബർ 1 എയ്ഡ്സ് ദിനം - എയ്ഡ്സ് ബോധവത്ക്കരണ റാലി തുടങ്ങിയവ NSS ന്റെ പ്രവർത്തനങ്ങളാണ്.

കഴിഞ്ഞ വർഷത്തെ ദശദിന ക്യാമ്പ് 2006 ഡിസംബർ 21-ാം തീയതി മുതൽ 31-ാം തീയതി വരെ തൈക്കാട്ടുകര ഗ്രാമ പഞ്ചായത്തിലെ ഗവ. എൽ.പി. സ്കൂളിൽ വച്ചായിരുന്നു. തൈക്കാട്ടുകരയിലുള്ള ഗവ. ആയുർവേദ ഹോസ്പിറ്റൽ പരിസരം വൃത്തിയാക്കുക, പഞ്ചായത്തിലെ റയിൽവേ പരിസരം വൃത്തിയാക്കുക എന്നിവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. പഞ്ചായത്തംഗങ്ങളുടെ അഭിനന്ദനങ്ങളും, ആശംസകളും സ്വന്തമാക്കാൻ നമ്മുടെ NSS യൂണിറ്റിന് സാധിച്ചു.

'ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ പൗരന്മാർ' എന്ന അവബോധം മുൻനിർത്തി ഭാവിതലമുറയെ വാർത്തെടുക്കാൻ NSS സംഘടനയ്ക്ക് സാധിക്കുന്നു.

# പ്രപഞ്ചസത്യം



കള്ളനും, കലാകാരനും, കാമുകനും
രാവിൽ ഉറക്കമില്ല!
കരയും, കാറ്റും, കടലും ഉറങ്ങിയിട്ടും
ഇവർ ഉറങ്ങുന്നില്ല.

കള്ളൻ തന്റെ കഞ്ഞിക്കു വേണ്ടി
കലാകാരൻ തന്റെ സൃഷ്ടിക്കു വേണ്ടി
കാമുകനോ തന്റെ കാമുകിക്കു വേണ്ടി
കഷ്ടമെത്ര സഹിച്ചാലും ഒടുവിൽ-

കള്ളനെ കാരാഗൃഹത്തിലടയ്ക്കും,
കലാകാരനോ ഭ്രാന്തുപിടിക്കും,
കാമുകനോ തൂങ്ങിമരിക്കും,
ഇതു കാലചക്രം തെളിയിച്ച പ്രപഞ്ച സത്യം!

**നിജിൽ ദാസ് ഇ.കെ.,**
ബി.എ., സോഷ്യോളജി.
No. 2006

# To Rise above Mediocrity



Sometime, ago there was this incredible story in the back page of The Hindu, about a 7 year old girl, Sushama Verma, who cleared the Class X exams. Her father happened to be a daily age labourer and her elder brother had a similar remarkable educational career. He had even cleared SAT, but couldn't go to a U.S. University for want of money. Now, his sister had outdone him.

You'd think this was a reason to be happy, a reason to celebrate. For here was a girl, actually an entire family, who though having a humble background, had through hard work, brought out their inherent latent brilliance, seemingly symbolising the rise of the new, modern and vibrant India. Certainly I thought this was a reason to be happy. But no these 24 X 7 news channels of ours stir up controversy everywhere.

One of these channels, held an SMS poll on ''Are kids growing up too fast?" They consulted ''experts" on whether feats at such young an age, causes ''burnout'' and according to the SMSes they scrolled on the bottom of the screen, one chap thought we should ''allow kids to grow up naturally". They were almost unanimous in their opinion that parents were putting way too much pressure on their children to perform academically and that this was a bad trend.

I don't disagree with the fact that there is sometimes too much importance given to academic performance. But hang on a second here. Are you telling me that allowing this kid to sit the Class X exams, because she was brighter than average happens to be a crime? Should she instead, have been forced to waste her time among others of her age, just because she was considered too young? Kids growing up too fast? Nonsense. There'd no such thing as growing up too fast.

Let me make my point Sir C V. Raman completed his M.Sc at age 17. His nephew, subramanyan Chandrasekhar discovered the eponymous 'Chandrasekhar limit' at age 19. The mathematician Nobert Weiner, was awarded his Ph.D. at age 18. They grew up too fast? The fast two went on to win the Nobel Prize for Physics. All three achieved

scientific immortality. Science and therefore, human civilization would have been much poorer if they hand'nt been allowed to fast-track their education. Closer to our times, ther's the Fields Medal winning - mathematician Terence Tao. Thanks Heavens, there were no ''experts'' around to discourage their pursuit of excellence.

I mention only these eminent people who come to my mind. Doubtless, ther's plenty more example of child prodigies. Now, the TV show in question also talked about Buddha, the marathon-running kind. In his case, it might be true that he is forced in to by his guardians. But I think the fact that the media stirs up such questions at all, reveals a trait among us in India. We're content to be mediocre.

We strait-jacket kids and force them into conformity. This is true not only of academic matters, but also, say sports. If ther's a kid who wants to play football bad make a career in to-no, his parents insit. Studies first. As far as I know, Ronaldinho didn't become double World Footballer of the year by studying calculus at high school, but only because ever since the day he first kicked a football, he had one and only one thing on his mind.

Our society, seems to want people to follow a set pattern. Violating it, is heresy; which is why Srinivasa Ramanujan was suffocated in India, by a system that had no place for him. But fortunately, there were some people who recognized him for the genius he was, gave him a scholarship to Cambridge, where he was allowed to soar free and break out of the intellectual confinement he had suffered in India.

We seem to be happy to remain mediocre. Maybe you don't agree. You might start pointing out achievers among us. Sania Mirza? ranked, what 50? Big deal. The Indian cricket team, who pull a sport contested only by former British colonied, and the name of which make people scratch their heads throughout most of the world? A nation of one billion people which can't manage more than a single medal at the Olympics? About the only sports persons who I can.

**NITHYANAND N RAO** - B.Sc. Physics

# स्कूल की पत्रिका

स्कूल की पत्रिका छप रही
सह मिला मुझे समाचार ।
सोचा मैं भी कुछ लिख डालूँ ।
आर्टिकल या कविताएँ दो चार ।।


कविता लिखूँ, कहानी लिखूँ
या लिखूँ कोई लेख
इसी सोच में बैठा हूँ
सिर घूटनों पर टेक ।।

समझ नही आता मुझे
क्या लिखूँ, कैसे लिखूँ ।
सोच बहुत पर लिखने को
कोई करावस्तु न मिली ।।
इस उल्झन संध्या भी
रात्रि मैं बदली ।।

पर मैं कैसे लिखूँ
ठहरी जो अनुभूत हीन
इन्ही विचारो में खोकर ।
टूटे फूटे शब्दों में
यह सारी कविता लिख डाली ।
आसा हैं पढेंगें सभी बारी-बारी ।।

**ARIF BASHAR** BSc Zoology

# വീണ്ടും ഗാഗുൽത്തായിലേക്ക്.....



സംസ്കരിക്കപ്പെട്ടവരുടെ കുഴിമാടങ്ങളിൽ ഒരുപിടി പുഷ്പങ്ങൾ അർപ്പിച്ച് തിരികെ നടക്കുമ്പോൾ ചിലപ്പോഴെങ്കിലും മനസ്സിൽ ഒരു ചോദ്യം ഉയർന്നു വരാറില്ലേ.....? സംസ്കരിക്കപ്പെട്ടവർ മരിക്കേണ്ടവരായിരുന്നോ? ആണെങ്കിൽ തന്നെ അതിപ്പോൾ സംഭവിക്കേണ്ടതായിരുന്നോ? ഈ ചോദ്യങ്ങൾക്കൊന്നും ആരും ഉത്തരം തേടാറില്ല.... മരിച്ചവനെക്കുറിച്ചും അവന്റെ മരണത്തെക്കുറിച്ചും സംസാരിക്കാൻ ധാരാളം ആളുകൾ ഉണ്ടാകും. പക്ഷേ, തന്റെ ജീവന്റെമേൽ കരിമ്പടം പുതപ്പിച്ച മരണത്തെക്കുറിച്ച് അവനെന്തായിരിക്കും പറയാനുള്ളത്...?

അയാൾ നടക്കുകയായിരുന്നു. ശ്മാശനത്തിനരികെയുള്ള തന്റെ കുടിലിലേക്ക്. അന്നെഴുതി തീർന്ന കഥയും പത്രാധിപർക്ക് പോസ്റ്റ് ചെയ്തു കഴിഞ്ഞു. ഇനി വിശ്രമമാണ് ബാക്കിയുള്ളത്.

അയാൾ.... ശാമുവേൽ യോസഫ്. ആത്മാക്കളുടെ കൂട്ടുകാരൻ. മരിച്ച സത്യങ്ങൾക്ക് തൂലികയിലൂടെ പുനർജന്മം നൽകുന്ന അജ്ഞാതൻ.

ഈ യാത്ര വർഷങ്ങളായ് തുടരുന്ന ഒന്നാണ്. തപാലാപ്പീസിലേക്കും തിരിച്ചും. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ അയാൾ അവിടം സന്ദർശിക്കും.

തന്റെ കൈയ്യിലുള്ള കവർ തപാൽ പെട്ടിയിൽ നിക്ഷേപിച്ച് തിരിച്ചു പോരും. ഒരു തപാൽ അയക്കുന്നതിനുള്ള സ്റ്റാമ്പും അയാൾ വാങ്ങും. ആരോടും ഒന്നും

സംസാരിക്കാറില്ല. "സമനില തെറ്റിയ ഇവൻ ആർക്കാണ് കത്തയക്കുന്നതെന്ന്" ഓഫീസ് ജീവനക്കാർ അത്ഭുതപ്പെടാറുണ്ട്. അവർ പലപ്പോഴും പലതും അയാളോട് ചോദിച്ചിരുന്നു. എന്നാൽ നിർവികാരമായ ഒരു നോട്ടമായിരുന്നു ഫലം.

തന്നോട് മാത്രം സംസാരിക്കുന്ന അയാൾക്ക് എല്ലാവരും അപരിചിതരായിരുന്നു. മനുഷ്യർക്ക് കടന്നുചെല്ലാനാകാത്ത ആത്മാക്കളുടെ ലോകത്തായിരുന്നു അയാൾക്ക് കൂട്ടുകാരേറെയും. അവരുടെ ഇടയിൽ ജീവിച്ച അയാൾ ലോകത്തിന് മുന്നിൽ ഭ്രാന്തൻ എന്ന് മുദ്രകുത്തപ്പെട്ടു. നെഞ്ചൊപ്പമെത്തുന്ന, നരച്ച് ജടപിടിച്ച താടിയും തോൾ മൂടികിടക്കുന്ന ചെമ്പൻ മുടിയും മുഷിഞ്ഞ വേഷങ്ങളും അയാളെ ആ പേരിനർഹനാക്കി. ഇടതുകണ്ണിന് കീഴെയുള്ള ആ വലിയ മറുക് അയാളുടെ മുഖത്തിന് ഒരു അസാധാരണത്വം സമ്മാനിച്ചു. നീളൻ വടിയും കയ്യിലേന്തി നടക്കുന്ന അയാളോട് സംസാരിക്കാനോ, ആ മുഖത്തൊന്ന് നോക്കുവാനോ ആരും ധൈര്യപ്പെട്ടിരുന്നില്ല. കാരണം, ആ കണ്ണുകളുടെ തീക്ഷ്ണത അപാരമായിരുന്നു.

വഴിയരികിലായിരുന്നു ആ തപാലാപ്പീസ്. ഒരു പഴയ കെട്ടിടം. പക്ഷേ, ലോകം ആ ഗ്രാമത്തിന് മുന്നിൽ തുറക്കപ്പെടുന്നത് ആ പഴയ കെട്ടിടത്തിലൂടെയാണ്. ദൂരെയുള്ളവരുടെ കത്തുകളും, മണിയോർഡറുകളും പ്രതീക്ഷിച്ച് പലമുഖങ്ങളും അതിനു മുന്നിൽ കാത്തു നിൽക്കാറുണ്ട്. പക്ഷേ, അവരെയൊന്നും ശ്രദ്ധിക്കാൻ അയാൾ തുനിഞ്ഞിരുന്നില്ല. തന്റെ കുടിൽ ലക്ഷ്യമാക്കി നടക്കുമ്പോൾ ആ മുഖം എന്തോ ചിന്തിക്കുന്നുണ്ടായിരുന്നു. വഴിയോരം ചേർന്നാണ് നടപ്പ്. മനോഹരമായ ആ വഴിയുടെ ഇരുവശങ്ങളിലും തണൽമരങ്ങൾ വളർന്നു നിന്നിരുന്നു. മഞ്ഞപൂക്കൾ കൊണ്ട് നിരത്തിനെ അലങ്കരിക്കുന്ന മരങ്ങൾ. ജീവൻ വേർപ്പെട്ട് മണ്ണോട് ചേരാൻ വെമ്പുന്ന ആ പുഷ്പങ്ങൾക്ക് ഒരു ചെറിയ സുഗന്ധമുണ്ട്. വാടിയ ഒരുപിടി പുഷ്പങ്ങളെ അയാൾ എന്നും കയ്യിലെടുക്കും. അപ്പോൾ ആ കണ്ണുകളിൽ അഹരമായ ദയവൂറിവരുന്നത് കാണാം. സൃഷ്ടികർത്താവിന്റെ കരവിരുതിനെ സാകൂതം വീക്ഷിച്ചുകൊണ്ട് അയാൾ നടക്കും.

പൂക്കളെ സ്പർശിക്കുമ്പോഴാണ് അയാൾ ഈ ലോകത്തിന്റേതാകുന്നത്. അല്ലെങ്കിൽ ലോകം അയാളുടേതാകുന്നത്. ആത്മാക്കളെ വിട്ട് ഭൂമിയിലേക്ക് ഇറങ്ങുന്ന മുഹൂർത്തങ്ങളിൽ ഒന്ന്. അതുകൊണ്ട് തന്നെ ആ യാത്രകൾ ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളായ് അയാൾക്ക് തോന്നിയിരുന്നു. കുട്ടികളുടെ "ഭ്രാന്തൻ" വിളികൾക്ക് ചെവികൊടുക്കാതെ നടന്നകലുമ്പോൾ അയാൾ



ഓർത്തു. താൻ ഇന്നും ഇവിടെയൊരു അജ്ഞാതനാണ്. ബന്ധങ്ങളും ബന്ധനങ്ങളും ഇല്ലാത്ത ഒരു സമസ്യ. ആർക്കും പിടികൊടുക്കാതെ നിഗൂഢമായി ജീവിക്കുന്നതിൽ അയാൾ ആനന്ദം കണ്ടെത്തി. പക്ഷേ, ആ നിമിഷം തന്നെ അയാൾ തന്റെ ചിന്തയെ തിരുത്തി. അല്ല,........ ഒരാൾക്ക് ... ഒരാൾക്ക് തന്നെ അറിയാം. കുറച്ചൊക്കെ. തന്നെ ആദ്യമായ് സ്നേഹത്തോടെ നോക്കിയത് ആ കണ്ണുകൾ ആയിരുന്നു.

അരയിൽ കെട്ടുള്ള കാവിവസ്ത്രം ധരിച്ച്, കയ്യിൽ കുരിശു മാലയും പിടിച്ച് ശ്മശാനത്തിൽ പ്രാർത്ഥനാ നിമഗ്നനായിരിക്കുന്ന തേജസ്വരൂപത്തെ സാമുവൽ ഓർത്തു. "ഗബ്രിയേലച്ചൻ" അവഗണിക്കപ്പെട്ട ആത്മാക്കൾക്കായ് പ്രാർത്ഥിക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ.

കല്ലറകളിൽ കൈമുട്ടൂന്നി, ശിരോഭാരം കൈകളിൽ താങ്ങി, മണിക്കൂറുകളോളം മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കാറുള്ള അച്ചനെ സാമുവേൽ പലപ്പോഴും തന്റെ കുടിലിന് മുമ്പിൽ നിന്ന് ശ്രദ്ധിച്ചിട്ടുണ്ട്. ആ കാരുണ്യമൂർത്തിയുടെ മുൻപിൻ മാത്രം താൻ വെളിവാക്കപ്പെട്ട വ്യക്തിത്വമാണ്. ഏകദേശം രണ്ട് വർഷങ്ങൾക്ക് മുമ്പായിരുന്നു അത്.

അന്നു ശാമുവേൽ ഭ്രാന്തില്ലാത്ത ഒരു ഭ്രാന്തനായിരുന്നു. സിമിത്തേരിയോട് തൊട്ടുകിടക്കുന്ന ഇരുണ്ട ഗുഹയിൽ താമസിക്കുന്ന ഭ്രാന്തൻ. രാത്രികളിൽ, കല്ലറകളിൽ മെഴുകുതിരി കത്തിച്ച് വച്ച് ഭ്രാന്തമായ ആവേശത്തോടെ എന്തൊക്കെയോ കുത്തിക്കുറിക്കുന്ന ആ രൂപത്തെ കണ്ട് പല വഴിയാത്രികരും പേടിച്ചിട്ടുണ്ട്. പക്ഷേ, അവരുടെയൊന്നും കാലൊച്ചകൾ ശാമുവേൽ കേട്ടിരുന്നില്ല. ഭൂമിയിലെ തന്റെ ജന്മലക്ഷ്യം പൂർത്തീകരിക്കുകയായിരുന്നു അയാൾ. ആ മെഴുകുതിരിവെളിച്ചത്തിൽ കുത്തിക്കുറിക്കുന്ന കഥകളിലൂടെ ആത്മാക്കളുടെ കൂട്ടുകാരനായ അയാളെ ദൈവം പ്രത്യേകം തിരഞ്ഞെടുത്തതായിരുന്നു. ലോകം മറച്ചുവെക്കുന്നതും മനഃപൂർവ്വം മറക്കുന്നതുമായ പല സത്യങ്ങളും അയാളുടെ തൂലികയിലൂടെ വെളിച്ചം കണ്ടു.

ദൈവം അങ്ങനെയാണ്. കാലാകാലങ്ങളിൽ പ്രവാചകരുടെ പ്രവചനങ്ങളിലൂടെയും, വെളിപാടുകളിലൂടെയും, ദർശനങ്ങളുടെ രൂപത്തിലും തന്നെ വിളിക്കുന്നവരുടെ മുൻപിൽ പ്രത്യക്ഷപ്പെടും. ആശയറ്റ കണ്ഠങ്ങളിൽ നിന്നും "ദൈവമേ.... നീയെവിടെ....." എന്ന ചോദ്യമുയരുമ്പോൾ അവൻ അവതരിക്കും. ലോകത്തിന് തിരിച്ചറിയാനാകാത്ത രൂപത്തിൽ.... നിശബ്ദമാക്കപ്പെടുന്ന നാവുകൾക്കുവേണ്ടി ശബ്ദിക്കുന്നവനായിരുന്നു ഈ എഴുത്തുകാരനും. മോക്ഷം കിട്ടാത്ത ആത്മാക്കൾ തങ്ങളുടെ കഥകൾ അദ്ദേഹത്തോട് പങ്കുവെച്ചു. അയാൾ അവർക്കൊരു ആശ്വാസമായിരുന്നു.

ഒരു പ്രത്യേക രീതിയിലാണ് ശാമുവേൽ തന്റെ രചനകൾ നടത്തിയിരുന്നത്. ചില വിശേഷപ്പെട്ട രാത്രികളിലേ ആ തൂലിക ചലിക്കാറുള്ളൂ. ആ രാത്രികൾക്ക് മുൻപ് എരിഞ്ഞടങ്ങിയ പകലുകളിൽ സിമിത്തേരിയിൽ ഒരു ശവസംസ്കാരം നടന്നിട്ടുണ്ടാകും. പാലമരങ്ങളാൽ ചുറ്റപ്പെട്ട ഇരുണ്ട ഒരു സിമിത്തേരിയായിരുന്നു അത്. കാട്ടുവള്ളികളും കുറ്റിച്ചെടികളും ഇടതൂർന്ന് വളർന്ന് നിന്നിരുന്ന ആ പ്രദേശത്തിന് പ്രകൃതി തന്നെ ഒരു നിഗൂഢത സമ്മാനിച്ചിരുന്നു. ആർക്കും എപ്പോൾ വേണമെങ്കിലും അവിടെ കടന്നു ചെല്ലാമായിരുന്നു. രാത്രി, തന്റെ കറുത്ത പുതപ്പുകൊണ്ട് ലോകത്തെ പുതപ്പിക്കുമ്പോൾ ആത്മാവിനാൽ പ്രചോദിതനായ് ശാമുവേൽ ഉണരും. രാത്രിയുടെ നിശ്ശബ്ദത

യിൽ ഒരു കയ്യിൽ ഒരു പിടി പാലപ്പൂക്കളും മറുകയ്യിൽ മെഴുകുതിരികളുമായ് അയാൾ സിമിത്തേരിയിലേക്ക് കടന്നുവരും. തോൾസഞ്ചിയിൽ തൂലികയും കടലാസും എപ്പോഴും ഉണ്ടായിരിക്കും. സുഗന്ധം പരത്തുന്ന ആ പുഷ്പങ്ങൾ കല്ലറകളിൽ വച്ച്, തിരികൾ കത്തിച്ച് ഒരു നിമിഷം മൗനിയായ് നിൽക്കുമ്പോഴേക്കും അത് സംഭവിച്ചിരിക്കും. അന്ന് സംസ്കരിക്കപ്പെട്ടവന്റെ ആത്മാവ് പൂക്കളുടെ നടുവിൽ വന്നിരിക്കും. തന്റെ കഥകൾ പറയുവാൻ തയ്യാറായിക്കൊണ്ട്. എഴുത്തുക്കാരൻ ആ മെഴുകുതിരി വെളിച്ചത്തിൽ തന്റെ തൂലികയിലൂടെ അവർക്ക് ജീവൻ നൽകും.

അയാളെ തേടിവരുന്ന ആത്മാക്കൾക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. ആയുസ്സ് തീരുന്നതിന് മുമ്പ് മരിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു അവരിൽ ഏറെയും. ഒന്നുകിൽ സ്വയം ഒടുങ്ങിയവർ. അല്ലെങ്കിൽ മറ്റുള്ളവരാൽ ഒടുക്കപ്പെട്ടവർ. എന്താണെങ്കിലും ആ മരണങ്ങളോരോന്നും ജീവിച്ചിരിക്കുന്ന പലർക്കും സന്തോഷം പകർന്നിരുന്നുവെന്ന് അയാൾ തിരിച്ചറിഞ്ഞു. താൻ സംസാരിച്ചിരുന്ന ആത്മാക്കൾക്കൊന്നും മുഖമുണ്ടായിരുന്നില്ല എന്നത് അയാളെ അത്ഭുതപ്പെടുത്തി. ജീവിച്ചിരുന്നപ്പോൾ പറയാൻ കഴിയാതിരുന്ന, ഒരുപക്ഷേ, തങ്ങളുടെ തന്നെ, മരണത്തിന് കാരണമായ പല സത്യങ്ങളും ആ എഴുത്തുകാരന്റെ തൂലിക വരച്ചുവെക്കുന്നത് കണ്ട് അവർ ആനന്ദനൃത്തം ചവിട്ടി. മെഴുകുതിരിയുടെ അരണ്ടവെളിച്ചത്തിൽ, അവയോരോ ചോദ്യചിഹ്നങ്ങളായ് ലോകത്തിനു മുമ്പിൽ നിലകൊണ്ടു മറ്റുള്ളവർക്ക് വേണ്ടി എരിഞ്ഞടങ്ങിയ അവരുടെ കഥകൾ എഴുതി തീരുമ്പോഴേക്കും ആ മെഴുകുതിരികളും ഉരുകി തീർന്നിരിക്കും. ആത്മാക്കൾ കല്ലറകളിലേക്ക് മടങ്ങുമ്പോൾ സംതൃപ്തമായ മനസ്സോടെ, ശാന്തമായ മുഖത്തോടെ എഴുത്തുകാരനും തിരിച്ചു പോകും. ഗുഹയുടെ ഇരുട്ടിലേക്ക്. എല്ലാ ആത്മാക്കളുടെ കല്ലറകളിലും പാലപ്പൂവിന്റെ ഗന്ധം പകർത്താൻ എഴുത്തുകാരൻ ശ്രദ്ധിച്ചിരുന്നു.

രണ്ട് വർഷങ്ങൾക്ക് മുമ്പുള്ള ആ രാത്രിയിൽ സംഭവിച്ചത് അയാൾ ഓർത്തു. അതിന് ശേഷമാണല്ലോ ഗബ്രിയേലച്ചൻ തന്നെ തിരിച്ചറിഞ്ഞതും. സംസ്കാരങ്ങൾ നടക്കാത്ത ഒരു ആഴ്ചയാണ് കടന്നുപോയതെങ്കിലും ആത്മാവിനാൽ പ്രചോദിതനായ് സിമിത്തേരിയിൽ എത്തിയതായിരുന്നു അയാൾ. പ്രധാന കുരിശിൻചുവട്ടിൽ അന്നത്തെ അതിഥികളെ കണ്ട് അയാൾ ഞെട്ടിപ്പോയി. ഒന്നും രണ്ടുമല്ല, നൂറുകണക്കിനാത്മാക്കളായിരുന്നു അവിടെ കൂടിയിരുന്നത്. മറ്റൊന്നുകൂടി അയാൾ ശ്രദ്ധിച്ചു. അവയിലൊന്നിന് മാത്രം മുഖമുണ്ടായിരുന്നു. ദുഃഖസാന്ദ്രമായ ആ മുഖം പക്ഷേ ഒന്നും സംസാരിച്ചില്ല. കൂടി നിന്ന ആ ആത്മാക്കളുടെ രോദനങ്ങൾ മലവെള്ളപ്പാച്ചിൽ പോലെ അയാളിലേക്കോടിയെത്തി. അവ കടലസിൽ പകർത്താൻ അയാൾ പാടുപെട്ടു. ഏതോ നാട്ടിൽ വർഗ്ഗീയ കലാപത്തിൽ വെന്തെരിഞ്ഞവർ. മതവും ജാതിയും അവർക്ക് ശവക്കല്ലറകൾ തീർത്തു. ഹിന്ദുവെന്നും, മുസൽമാനെന്നും മറ്റുള്ളവരാൽ വേർതിരിക്കപ്പെട്ട ഇവർക്ക് പക്ഷേ, ജാതിയും മതവും അജ്ഞാതമായിരുന്നു. മതങ്ങൾക്കാധാരമായ ദൈവങ്ങൾ പോലും അവർക്കന്യങ്ങളായിരുന്നു. "ആർക്കു വേണ്ടിയാണ് തങ്ങൾ മരിച്ചത്?" ഈ ചോദ്യം അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. സമൂഹമെന്ന വടവൃക്ഷത്തിന്റെ വേരുകൾ മതാന്ധതയുടെ ചിതൽപ്പുറ്റുകൾ തേടി വളരുന്നത് എഴുത്തുകാരൻ തിരിച്ച

റിഞ്ഞു. ആത്മാക്കളുടെ ആരവങ്ങളൊടു ങ്ങിയ അന്തരീക്ഷത്തിൽ നിന്നും അഹിം സാമന്ത്രണങ്ങൾ ഉയരുന്നത് കേട്ട അയാൾ പതുക്കെ മുഖമുയർത്തി. മുഖമുള്ള ആ ആത്മാവ് നടന്നകലുന്നു. കയ്യിൽ ഒരു വടിയും പിടിച്ച് കുനിഞ്ഞ് നടക്കുന്ന ആ അർദ്ധനഗ്നനരൂപത്തെ തിരിച്ചറിഞ്ഞ എഴു ത്തുകാരൻ അറിയാതെ ഉരുവിട്ടു. ഹേ... റാം... മെഴുകുതിരികൾ എരിഞ്ഞടങ്ങി. രച നാഭാരത്താൽ ക്ഷീണിതനായ അയാൾ കല്ലറകളിലൊന്നിൽ ചരിഞ്ഞു കിടന്നു. ആ മനസ്സിൽ അപ്പോഴും തിരിയടങ്ങിയിരുന്നി ല്ല.

ഉറക്കമുണർന്ന ശാമുവേൽ കണ്ടത്, തലേദിവസത്തെ രചനയും കയ്യിൽപിടിച്ച് തന്നെ നോക്കി പുഞ്ചിരിക്കുന്ന ഗബ്രിയേ ലച്ചനെയാണ്. ആ മഹാത്മാവിന്റെ കയ്യിലെ കുരിശുമാലയിൽ സ്നേഹ ത്തോടെ ചുംബിച്ചപ്പോൾ ചിരിക്കുന്ന ആ രൂപം അയാളെ വിളിച്ചു.... "അജ്ഞാ തൻ...." കുരിശുമാല തന്റെ കയ്യിൽ തന്ന് മന്ദസ്മിതം തൂകി അകന്നു പോകുന്ന ആ രൂപത്തെ നോക്കിയിരിക്കുമ്പോൾ ശാമു വേൽ അറിഞ്ഞു. അച്ചൻ തന്നെ തിരിച്ചറി ഞ്ഞിരിക്കുന്നു... "അജ്ഞാതൻ" എന്ന പേരിൽ താനെഴുതിയ കഥകളൊക്കെ ഒരു പക്ഷേ അച്ചൻ വായിച്ചിരിക്കാം.

എത്രയെത്ര ജന്മങ്ങളാണ് തന്റെ മുന്നിലൂടെ കടന്നു പോയത്? അയാൾ ഓർത്തു. അവരിൽ എല്ലാ തരക്കാരുമുണ്ടാ യിരുന്നു. ആത്മാക്കളിലെ "വേശ്യ" ഒരി ക്കൽ അയാളെ തേടിവന്നു. മൂന്നു മക്ക ളുടെ അമ്മയായിരുന്നു അവർ. കുഞ്ഞുങ്ങ ളുടെ വിശപ്പിന് തന്റെ മാനത്തേക്കാൾ വില നൽകിയ അവർ ഓരോ ദിവസവും ഓരോ രുത്തരുടെ ഭാര്യയായി. ആ മരവിച്ച മന സ്സിൽ നിന്നും സന്തോഷം എന്നേ വറ്റിപ്പോ യിരുന്നു. അവസാനം മക്കൾ നൽകിയ പാലിൽ വിഷത്തുള്ളികൾ ഉണ്ടെന്നറിഞ്ഞു കൊണ്ട് അത് കുടിക്കുമ്പോൾ അവർ മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. ആ മാതൃത്വം അവരെ ശപിച്ചില്ല... ഇന്നും പ്രാർത്ഥിക്കുന്നു. ...... അമ്മ .... അവളെന്നും അങ്ങനെയാണല്ലോ.

ഓരോ ജീവിതവും ഓരോ നിയോഗ ങ്ങളാണ്. അത് പൂർത്തീകരിക്കുവാനായ് മനുഷ്യൻ ഓരോ വേഷങ്ങൾ കെട്ടിയാടു ന്നു. ചിലർ വഴിയിൽ തളർന്നു പോകുന്നു. ആരോടൊക്കെയാണ് മനുഷ്യൻ യുദ്ധം ചെയ്യേണ്ടത്? കാലത്തിനോടോ? മരണത്തി നോടോ.... അല്ലെങ്കിൽ അവനോട് തന്നെയോ? ഒരു വലിയ യാത്രയുടെ ഭാഗ മായ ഈ കൊച്ചു ജീവിതത്തിൽ അവൻ എന്തൊക്കെയോ ലക്ഷ്യം വക്കുന്നു. പക്ഷേ, എത്തിച്ചേരുന്നതെവിടെ? ഈ ലോകത്തിൽ എല്ലാവരും ഒരു പോലെ ജനി ക്കുന്നു. അവർ കടന്നു പോകുന്ന വഴികൾ പലതാണ്. ചിലത് ജീവിതത്തിലേക്ക് നീളു ന്നു. പക്ഷേ, ഏറെയും മരണത്തിലേക്ക്. കടന്നു പോകുന്ന വഴികളിൽ എല്ലാവരും പ്രകാശം പരത്തുന്നു. പക്ഷേ, ചിലർ നൽകുന്ന പ്രകാശത്തിന്റെ നിറം കറു പ്പല്ലേ?.... അതല്ലേ, മറ്റുള്ളവരുടെ കൂടി കാഴ്ച മറക്കുന്നത്? അവരെ മരണത്തി ലേക്ക് നയിക്കുന്നത്? മരണം.... ജീവിത ത്തിനു മേൽ അവൻ എന്നെങ്കിലും പിടി മുറുക്കും. എപ്പോഴും കൂടെയുണ്ടെങ്കിലും മനുഷ്യൻ മനഃപൂർവ്വം മറക്കാൻ ശ്രമി ക്കുന്ന ഈ സമസ്യക്കെന്താണൊരുത്തരം?

ചിന്തകൾ കാടുകയറുന്നുവെന്ന റിഞ്ഞ ശാമുവേൽ തിരിച്ചു വന്നു. വഴി അവസാനിക്കാറായ്. കയ്യിലെ മഞ്ഞപ്പു ഷ്പങ്ങൾ, സുഗന്ധം നഷ്ടപ്പെട്ട്, കറുത്ത നിറത്തിലായിരിക്കുന്നു. അവയെ മണ്ണിലേ ക്കെറിഞ്ഞിട്ട് അയാൾ നടത്തം തുടർന്നു. എതിരേ ഒരു അമ്മയും കുഞ്ഞും വരുന്ന തയാൾ കണ്ടു. ആ കുഞ്ഞ് അമ്മയുടെ

ഒക്കത്തിരുന്ന് ശാമുവേലിനെ നോക്കി പുഞ്ചിരിച്ചു. കളങ്കമില്ലാത്ത ചിരി. എവിടെ നിന്നോ ചില ഓർമ്മകൾ അയാളിലേക്കോ ടിയെത്തി. ഓർമ്മകളിൽ ഒരു പിഞ്ചു കുഞ്ഞ് ചിരിച്ചു. ഗർഭപാത്രത്തിലെ കൊല പാതകത്തിന്റെ ബാക്കിപത്രമായിരുന്നു അവൻ. അയാളോർത്തു. അമ്മയുടെ ഉദര ത്തിൽ തുടിച്ചു കൊണ്ടിരുന്ന അവൻ തന്നെ തേടിയെത്തിയത് ആശുപത്രിയിലെ കുപ്പത്തൊട്ടിയിൽ നിന്നാണ്. പിറക്കാതെ പോയ പുണ്യജന്മം. അവൻ ഒത്തിരി ആഗ്ര ഹിച്ചിരുന്നു. ഈ ലോകത്തിന്റേതാകു വാൻ. എല്ലാം കാണുവാൻ. പക്ഷേ, അമ്മ യുടെ ആവശ്യ പ്രകാരം ഗർഭപാത്രത്തിൽ ആഴ്ന്നിറങ്ങിയ കത്തി അവന്റെ കണ്ണുക ളിലാണ് കുത്തിക്കയറിയത്. കാഴ്ച അപ്പോഴേ മറക്കപ്പെട്ടു. ഒരു പിടി മാംസ ക്കഷ്ണങ്ങളായ് പുറത്തുവന്ന അവന്റെ ഹൃദയം അപ്പോഴും തുടിച്ചിരുന്നു. അമ്മ യുടെ സ്നേഹ സ്പർശനത്തിനായ്..... അവനിന്നൊരു മാലാഖയാണ്. അവന്റെ കഥ ചിത്രീകരിച്ച അന്ന് താൻ ആദ്യമായ് കരഞ്ഞത് ശാമുവേൽ ഓർത്തു. അയാൾ ഇങ്ങനെ എഴുതി- സ്ത്രീ...... അവളൊരി ക്കലും അമ്മയല്ല. അമ്മയെന്ന പദവിലേ ക്കെത്താൻ അവളൊരുപാട് സഞ്ചരിക്കേ ണ്ടിയിരിക്കുന്നു...


ചിന്തകൾക്ക് വിരമാമിട്ടുകൊണ്ട് അയാൾ കുടിലിൽ ചെന്നു കയറി. അതൊരു ഗുഹയായിരുന്നു. പാറക്കല്ലുകൾ കൊണ്ട് ഭിത്തികൾ തീർത്ത ഗുഹ. കോപ്പ യിൽ അൽപ്പം വെള്ളം പകർന്നു കുടിച്ചു. ഉറങ്ങാൻ കിടന്നപ്പോൾ, ഭിത്തിയിൽ തൂക്കി.ിരുന്ന ആ കുരിശുമാല അസാധാ രണമായ് തിളങ്ങിയിരുന്നു. ദൈവമേ... അയാൾ മന്ത്രിച്ചു.

അടുത്ത പ്രഭാതം ഒരു വെള്ളിയാഴ്ച യുടേതായിരുന്നു. ഒപ്പീസുപാട്ടിന്റെ ഈരടികളാണ് അയാളെ ഉണർത്തിയത്. അയാൾ സിമിത്തേരിയിലേക്ക് നോക്കി. ഗബ്രിയേലച്ചനും ചുറ്റും ചെറിയൊ രാൾക്കൂട്ടം. ഒരുപറ്റം തെണ്ടികളായിരുന്നു അവർ. രണ്ട് കുഴിമാടങ്ങളിൽ മെഴുകുതി രികൾ കത്തുന്നുണ്ടായിരുന്നു. ശാമുവേൽ ഓർത്തു. രണ്ട് മരണങ്ങൾ നടന്നിരിക്കു ന്നു. അല്ല, രണ്ട് ജീവിതങ്ങൾ സ്വതന്ത്രമായിരിക്കുന്നു....

നടന്നകലുന്ന തെണ്ടിക്കുട്ടികളിൽ ഒരു കൊച്ചു കുഞ്ഞിനെ അയാൾ ശ്രദ്ധി ച്ചു. അവൻ വിതുമ്പുന്നുണ്ട്. ഒരുപക്ഷേ, അവന് വേണ്ടപ്പെട്ടവരായിരിക്കാം മരിച്ചത്. മറ്റുള്ളവർ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു....

ഉപേക്ഷിക്കപ്പെട്ട ജീവിതങ്ങൾ... ശാമുവേൽ ഓർത്തു. ഏതോ തെരുവിന്റെ ഇരുണ്ടമൂലയിൽ മാംസദാഹത്തിന്റെ ഇര കളായ് പിറന്നു വീണവരല്ലേ ഇവർ? ഊരും പേരുമില്ലെങ്കിലും ഉയിരുള്ളവർ. തെണ്ടിക ളാണെങ്കിലും ആത്മാവുള്ളവർ. അച്ഛനാ രെന്നറിയില്ലെങ്കിലും അങ്ങനെയൊരാളു ണ്ടെന്നറിയുന്നവർ. വേദനക്ക് മൗനത്തിന്റെ ഭാഷ നൽകിയവർ. അകന്നു പോകുന്ന അവരെ നോക്കി നെടുവീർപ്പിട്ടുകൊണ്ട് അയാൾ ഗുഹയിലേക്ക് തിരിച്ചു കയറി. എന്തോ, അയാൾക്കൊരു അസ്വസ്ഥത തോന്നി. ഹൃദയം വല്ലാതെ മിടിക്കുന്നു. ശരീരം തളരുന്നു. അയാൾ വീണ്ടും കിട ന്നു.

രാത്രിയായപ്പോഴേക്കും ശക്തിയായ് കാറ്റു വീശാൻ തുടങ്ങി. ഇത് പതിവില്ലാ ത്തതാണ്. തന്റെ ഹൃദയമിടിപ്പ് വീണ്ടും ഉയരുന്നുവോ? ആത്മാവ് മന്ത്രിക്കുന്നു. ഭ്രാന്തമായ ആവേശത്തോടെ അയാൾ സിമിത്തേരിയിലേക്കോടിയെത്തി. കല്ലറ കൾ പതിവുപോലെ പൂക്കൾകൊണ്ട് അല



ങ്കരിച്ചു. കാറ്റത്ത് മെഴുകുതിരി നാളങ്ങളെ കെടാതെ നിർത്താൻ അയാൾ പണിപ്പെട്ടു. ആത്മാക്കൾക്കായ് കാത്തിരിക്കുമ്പോൾ അന്നാദ്യമായ് അയാൾക്ക് ഏകാന്തത തോന്നി. മനസ്സിന്റെ പിടി അയഞ്ഞുപോകുന്നു. അയാൾ ആ കുരിശുമാല കയ്യിലെടുത്തു. ആ ക്രൂശിത രൂപത്തിലേക്ക് നോക്കിയിരിക്കേ മനസ്സ് ശാന്തമാകുന്നുവെന്നയാളറിഞ്ഞു...

മെഴുകുതിരി നാളങ്ങളെ ഊതികെടുത്തിയ കാറ്റ് അപ്പോഴും ശമിച്ചിരുന്നില്ല. ആകാശത്ത് നക്ഷത്രങ്ങൾ കാണാനേയില്ല. കാത്തിരിപ്പിന്റെ നിമിഷങ്ങൾക്ക് വിരാമമിട്ടു കൊണ്ട് കല്ലറകൾ ഇളകുന്ന ശബ്ദം. അതയാളെ ആവേശഭരിതനാക്കി. തൂലിക കയ്യിലെടുത്ത് അയാൾ തയ്യാറായിരുന്നു. കാറ്റു ശമിച്ചതും ആരോ തിരി കൊളുത്തിയതുപോലെ മെഴുകുതിരികൾ തെളിഞ്ഞതും പെട്ടെന്നായിരുന്നു. ആ മങ്ങിയ വെളിച്ചത്തിൽ അയാൾ കണ്ടു. രണ്ടുപേർ തന്റെ മുന്നിൽ നിൽക്കുന്നു. മുഖങ്ങൾ പക്ഷേ, അവ്യക്തങ്ങളാണ്. ഒന്നൊരു വൃദ്ധയും മറ്റെയാൾ യുവാവുമാണെന്ന് അയാൾ ഊഹിച്ചു. അവരുടെ വേഷവിധാനം അവർ യാചകരാണെന്ന് തോന്നിച്ചു. രാവിലത്തെ സംഭവം അയാളുടെ മനസ്സിലേക്കോടിയെത്തി.

യുവാവാണ് സംസാരിച്ചു തുടങ്ങിയത്. എന്തോ, ശാമുവേലിന് കൈ വിറക്കുന്നുണ്ടായിരുന്നു. ഒപ്പമെത്താൻ അയാൾ പാടുപെട്ടു. യുവാവിന്റെ മനസ്സ് പ്രക്ഷുബ്ധമാണെന്ന് ആ വാക്കുകൾ തെളിയിച്ചു. ആ സ്ത്രീ യുവാവിന്റെ വാക്കുകൾ ശ്രദ്ധിച്ച് അരികത്തിരുന്നു. അവരുടെ മുഖത്തിനു ചുറ്റും അപാരമായ ഒരു ശോഭ ശാമുവേൽ ദർശിച്ചു. അവർ അമ്മയും മകനുമാണെന്ന് ശാമുവേലിന് തോന്നി. അവരുടെ കഥയും അയാൾ കടലാസ്സിൽ പകർത്തി.

“എല്ലാവരാലും വെറുക്കപ്പെട്ടവർ... തെണ്ടികൾ ആർക്കും വേണ്ടാത്തവരായിട്ടും എന്തിനോ വേണ്ടി ഞങ്ങൾ ജീവിച്ചു. മരണത്തിലേക്കോ ജീവിതത്തിലേക്കോ എന്ന് നിശ്ചയമില്ലാത്ത ഞങ്ങളുടെ യാത്രയിൽ കുപ്പത്തൊട്ടികൾ ഞങ്ങൾക്ക് സ്വർഗ്ഗം തീർത്തു. നാല്കാലികൾക്കും ഇരുകാലികൾക്കും ഇടയിലായിരുന്നു ഞങ്ങളുടെ സ്ഥാനം. സമൂഹത്തിന്റെ നേർധാരാ പ്രവാഹത്തിൽ നിന്നും "Beggers Prohibited" എന്ന മുന്നറിയി

പ്പിലൂടെ സമൂഹം ഞങ്ങളെ മാറ്റി നിർത്തി. കണ്ടില്ലെന്ന് നടിക്കുമ്പോഴും ജനമധ്യത്തിൽ ഞങ്ങളുണ്ടായിരുന്നു. വേദനയുടെ ആൾരൂപങ്ങളായി....."

ഒരുതിരുത്തലും ആവശ്യമില്ലാത്ത, മനോഹരമായ ഭാഷയിൽ യുവാവ് പറഞ്ഞു കൊണ്ടേയിരുന്നു. ഒരു ചോദ്യവും ചോദിക്കാൻ എഴുത്തുകാരന് സമയം കിട്ടിയില്ല. അയാൾ തുടർന്നു. "നിങ്ങൾക്കറിയുമോ? ലോകത്താദ്യമായ് ആത്മഹത്യ ചെയ്ത തെണ്ടികളായിരിക്കും ഞങ്ങൾ. ലോകത്തിന്റേതായ ഒന്നും ഞങ്ങളെ തളർത്തിയിരുന്നില്ല. ജീവിതം ഞങ്ങൾക്കു നേരെ പല്ലിളിച്ചു കാട്ടിയപ്പോഴും മുഖം തിരിച്ചപ്പോഴും ഞങ്ങൾ പതറിയില്ല. പക്ഷേ, ഇന്ന് .........., 80 വയസ്സുകഴിഞ്ഞ എന്റെ അമ്മയെ കാമവെറി പൂണ്ട അവർ കടന്നു പിടിച്ചപ്പോൾ, സമൂഹം അത് കണ്ട് ചിരിച്ചപ്പോൾ ഞാനാദ്യമായ് പരാജയപ്പെട്ടു. ഒരുപറ്റം കോളേജ് വിദ്യാർത്ഥികളായിരുന്നു അവർ. നാളെക്കുവേണ്ടി ലോകം കരുതിവെച്ചിരിക്കുന്നവർ. മാംസദാഹം പൂണ്ട ആ രൂപങ്ങൾക്ക് കണ്ണുകൾ ഇല്ലായിരുന്നു. അവരുടെ അട്ടഹാസത്തിൽ അമ്മയുടെ ആർത്തനാദം അലിഞ്ഞില്ലാതായി. മോട്ടോർസൈക്കിളുകളുടെ ശബ്ദം അകന്ന് പോകുമ്പോഴും അമ്മയുടെ കൈകൾ കൂപ്പിയ നിലയിലായിരുന്നു. അരുതേ.... എന്ന അപേക്ഷയോടെ. നിസ്സഹായരായ ഞങ്ങളെ രക്ഷിക്കാൻ മരണത്തിന് മാത്രമെ കഴിയുമായിരുന്നുള്ളൂ" ആ യുവാവ് പറഞ്ഞു നിർത്തി. രാത്രിയുടെ ആ നിശബ്ദതയിൽ നിസ്സഹായരായ ഒരായിരം അമ്മമാരുടെ, ഒരായിരം സഹോദരിമാരുടെ രോദനങ്ങൾ എഴുത്തുകാരന്റെ ചെവിയിൽ അലയടിച്ചു. വിറച്ചുകൊണ്ടയാൾ തൂലിക താഴെവച്ചു.

അൽപനേരത്തെ നിശബ്ദതയ്ക്കു ശേഷം, പൂർത്തിയാകാത്ത കഥയുടെ ക്ലൈമാക്സിനായി എഴുത്തുകാരൻ പതിയെ ഒരു ചോദ്യം ചോദിച്ചു. "നിങ്ങൾക്കവരോട് ക്ഷമിക്കാനാവുമോ?" നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങവെ ആ വൃദ്ധയുടെ നാവ് ആദ്യമായ് സംസാരിച്ചു. "മകനേ... അമ്മക്ക് ക്ഷമിക്കാനല്ലാതെ മറ്റെന്താണ് കഴിയുക?..." ഒരായിരം മനുഷ്യജന്മങ്ങളുടെ പുണ്യം കൊണ്ട ആ വാക്കുകൾ എഴുതുമ്പോഴേക്കും കണ്ണുനീർ അയാളുടെ കാഴ്ചയെ മറച്ചിരുന്നു. കഥ, തൂലികയുടെ അതിർത്തികൾ ഭേദിച്ച് ദൂരേക്ക് പോകുന്നത് അയാൾ തിരിച്ചറിഞ്ഞു.

"ശാമുവേൽ..." വാത്സല്യമൂറുന്ന ആ വിളികേട്ട് അയാൾ നടുക്കത്തോടെ മുഖമുയർത്തി. ആരും തന്നെ ആ പേര് വിളിച്ചിരുന്നില്ല. തന്റെ അമ്മ... അമ്മ മാത്രമെ കാലങ്ങൾക്ക് ശേഷം അമ്മയുടെ ഓർമ്മകൾ അയാളിലേക്കോടിയെത്തി. നിറമിഴികളോടെ അയാൾ അവരെ നോക്കി. കാണെക്കാണെ ആ മുഖങ്ങൾ തെളിഞ്ഞു വരുന്നത് കണ്ണീരിനിടയിലൂടെ അയാൾ കണ്ടു. ഒരു അഭൗമമായ പ്രകാശം അവരെ വലയം ചെയ്തിരിക്കുന്നു. തന്നെ നോക്കി പുഞ്ചിരിക്കുന്ന ആ അമ്മ. അമ്മയുടെ മടിയിൽ തലചായ്ച്ച് കിടക്കുന്ന മകൻ. ആ മകന്റെ കണ്ണുകൾ തീനാളങ്ങളാകുന്നതും അമ്മ അവനെ ആശ്വസിപ്പിക്കുന്നതും അയാൾ കണ്ടു. എവിടെയോ കണ്ടുമറഞ്ഞ മുഖങ്ങൾ.... കാലഘട്ടങ്ങളിലൂടെ ഓർമ്മകൾ സഞ്ചരിച്ചു - ചരിത്രത്താളുകൾ പിന്നോട്ട് മറിച്ച് ഒടുവിൽ അയാൾ എത്തിച്ചേർന്നു. കാൽവരിയിലെ കുരിശിൻ ചുവട്ടിൽ. ഒരിക്കൽ കുരിശിൽ കിടന്ന്, തന്റെ അമ്മയെ ലോകത്തിനായ് നൽകിയവൻ, ഇന്ന് ആ അമ്മയെ ലോകത്തിൽ നിന്ന് രക്ഷിക്കാൻ അവരോടൊപ്പം ജീവൻ വെടിഞ്ഞിരിക്കുന്നു. ഒരു ഞെട്ടലോടെ എഴുത്തു

കാരൻ തിരിച്ചറിഞ്ഞിരിക്കുന്നു. സൃഷ്ടിയുടെ മുന്നിൽ നിസ്സഹായനായ സ്രഷ്ടാവ് മരണത്തെ പുൽകിയിരിക്കുന്നു. അയാൾ കുറിച്ചുവച്ചു. "ലോകത്തിൽ വീണ്ടും അവതരിച്ച ദൈവങ്ങൾ ആത്മഹത്യ ചെയ്തിരിക്കുന്നു. ഗോൽഗോഥായിലെ കാൽവരിയിൽ മനുഷ്യർ കുരിശുകൾ വീണ്ടും ഉയർത്തി ഒരു ദുഃഖവെള്ളി കൂടി സമാഗതമായി........"

നിറമിഴികളോടെ കൈകൾ കൂപ്പിനിൽക്കുന്ന എഴുത്തുകാരനെ സാക്ഷിയാക്കി ദൈവങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തപ്പെട്ടു. ആ മാതാവ് അപ്പോഴും അയാളെ നോക്കുന്നുണ്ടായിരുന്നു. "അമ്മ"...... എന്ന് മന്ത്രിച്ചു കൊണ്ട് അയാൾ അവിടെ തളർന്നു വീണു. കല്ലറകൾ ഓരോന്നായ് തുറക്കപ്പെടുന്നതും ആത്മാക്കൾ ഉയർന്നു പോകുന്നതും അയാൾ കണ്ടു. അയാൾക്കവയെ തടയാനായില്ല. ആ ഇരുണ്ട ആകാശത്ത് ക്രമേണ നക്ഷത്രങ്ങൾ തെളിഞ്ഞു വന്നു. അവ അയാളെ നോക്കി പുഞ്ചിരിച്ചു.

അന്ന് ഞായറാഴ്ചയായിരുന്നു. ദൈവങ്ങളില്ലാത്ത ഭൂമിയിലെ മൂന്നാം ദിവസം. തന്റെ തൂലികയിൽ മഷി വറ്റിയെന്നറിഞ്ഞിട്ടും എഴുത്തുകാരൻ സിമിത്തേരിയിലെത്തി. പാലകൾ ഒന്നും പൂത്തിരുന്നില്ല. അലങ്കരിക്കാൻ കല്ലറകളും അയാൾ കണ്ടില്ല. മെഴുകുതിരികൾ എന്നേ കെട്ടുപോയിരുന്നു. തന്റെ ജീവിതവും കെടാറായി എന്നയാൾക്കു തോന്നി. മനസ്സിനും ശരീരത്തിനും ക്ഷീണം ബാധിച്ചിരിക്കുന്നു. വിറക്കുന്ന ശരീരത്തോടെ അയാൾ കുരിശിൻ ചുവട്ടിൽ ഇരുന്നു. ചിന്തകൾ പലതും മനസ്സിലൂടെ കടന്നുപോയി. അമ്മ, സഹോദരങ്ങൾ, ആത്മാക്കൾ... ലോകത്ത് തനിക്കായ് ഉണ്ടായിരുന്നവരെല്ലാം തന്നെ കടന്നുപോയി. താൻ മാത്രം..... ഇരുട്ടിൽ ഒറ്റക്കായ കൊച്ചുകുഞ്ഞിനെപ്പോലെ അയാൾ പേടിച്ചു. ഒരിക്കൽ.... ഒരിക്കൽ കൂടി തനിക്കെഴുതണം. വളരെ പണിപ്പെട്ട് തൂലികയെടുത്ത് അയാൾ കുനിഞ്ഞിരുന്ന് കുത്തിക്കുറിക്കാൻ തുടങ്ങി. അയാളുടെ "മാസ്റ്റർ പീസ്" ആയിരുന്നു അത്. "ഒരു ഭ്രാന്തനായ എഴുത്തുകാരന്റെ കഥ....." അയാൾ നിർത്താതെ എഴുതിക്കൊണ്ടിരുന്നു.

ആത്മാക്കൾക്കായ് പ്രാർത്ഥിക്കാൻ പിറ്റേന്ന് സിമിത്തേരിലെത്തിയ ഗബ്രിയേലച്ചനാണ് അത് കണ്ടത്. പ്രധാന കുരിശിൻചുവട്ടിൽ, ഒരു കയ്യിൽ തലവച്ച് ചരിഞ്ഞു കിടക്കുന്ന ആ ഭ്രാന്തൻ. അയാളുടെ ജീവൻ ദേഹം വിട്ട് പോയിരുന്നു. പക്ഷേ, ആ കയ്യിലെ തൂലിക അപ്പോഴും ചലിച്ചു കൊണ്ടിരുന്നു. "മാസ്റ്റർ പീസ്" രൂപം കൊള്ളുകയായിരുന്നു. ഒരു കാറ്റു വീശി. ആ കാറ്റത്ത് എങ്ങു നിന്നോ രണ്ട് പാലപ്പൂക്കൾ ആ കുരിശിൻ ചുവട്ടിലേക്ക് വന്നു വീണു. പ്രാർത്ഥനാനിർഭരമായ മനസ്സോടെ ആ ഭ്രാന്തന്റെ കണ്ണുകളെ ഗബ്രിയേലച്ചൻ തഴുകിയടച്ചു. പള്ളിമണികൾ ഒന്നും രണ്ടുമായ് മുഴങ്ങാൻ തുടങ്ങി.

**ആൽവിൻ ജോർജ്ജ് വി.**
ബിരുദാനന്തര ബിരുദം, രസതന്ത്രം.

# നിഴൽ



കാൽചുവട്ടിൽ കിടന്ന
അപരിചിതമായ
വികലമായ
നീണ്ട
കുറുത്തു നേർത്ത
രൂപം കണ്ട് ഭയന്ന്
കാലുകൾ പറിച്ച്, ഞാനോടി
ഒരു പ്രഭാതവും
മദ്ധ്യാഹ്നവും
പ്രദോഷവും കഴിഞ്ഞു
വിയർത്തൊലിച്ച്
ആ നിഴലിപ്പോഴും
കാൽചുവട്ടിൽ
ചതഞ്ഞ് ഞരങ്ങുന്നു.

# F.I.R.

*വാക്കുകളെ*
*അന്വേഷിച്ച്*
*തലച്ചോറിലൂടുവഴികളിലൂടെ*
*ചൂട്ടുകത്തിച്ച്, അലറിവിളിച്ച്*
*കവിതയുടെ പ്രേതസഞ്ചാരം.*

*ഭാഷയുടെ കടൽത്തീരങ്ങൾ*
*വാക്കിന് ചൂണ്ടയിട്ടിരുന്ന്*
*അറ്റാക്കു വന്ന*
*കവിയുടെ പോസ്റ്റ്മോർട്ടം റിപോർട്ട്*

**ARCHANA V.,** BSc Botany

# The Most 'Happening' place in the Campus

I guess writing is one of the coolest hobbies in the world... especially for those who don't have many friends to whom they can open up and being a writer is one of my greatest dreams.

I love calling myself a 'writer and philosopher' (!!!) Though I know it would be a disgrace to those great people if I say I am already one. Its so wonderful the way those great souls think and write... I often find myself wonderstruck at the skill of even the not so famous novelists. It gives me an insight to their capability to observe even the minutest details of everything around them... To be a writer, you ought to be really observant (I underline really). And every successful writer is well informed.... in almost everything be it arts, sports, law, politics, science and technology, history.... you name it, they all know a lot about it. So it really isn't such an easy job to be a literary figure...

I know I'm not a very gifted writer but I am so fascinated and obsessed by the idea of being a writer that I believe I am already one!! So, I guess its impossible for a by force to stop me from that. (After all, belief is the first and last requirement for a person to succeed).

Writing even a small story or a passage of a few paragraphs requires a lot of interest and skill. The latter I am afraid can only be attained by one's own effort and experience. A writer must also be a good reader - which is obvious. I have to confess that even though I am crazy about literature - be it Malayalam or English - I haven't read much almost nothing for my age and with such a great dream in my mind.

Whenever I read, I fell reading is better than any other 'teenage entertainment' it's a fact. Still, I find myself spending less time in the library than all other "happening" places in the campus. The truth is that (I can't help admitting) the Library is the most happening place in any college campus.

Most of the 'cool' guys 'n gals feel the library is boring place - only 'nards' spend their tine there. These 'cool' guys 'n' gals actually don't realize that the 'nards' might be having much more fun than them.

A book can take you anywhere in the world - you wouldn't have to physically Travel. A book can take you back to the past to propel you to the distant future like a time machine. Through a book you can experience the magic of love and the beauty of romance. A book can convert you into an intelligent detective investigating a tricky case. A book can even take to another world of magic wizards, witches and spells like 'Harry Potter'. There are no limits to the experiences you might get by merely going to the library and spending some time with books.

(I started this passage with the topic 'writing' in my mind but my pen worked automatically to create this passage and changed its title).

**JOSEPHINE VARGHESE** - B.Sc. Physics

**Padma Bhushan Rev. Fr. Gabriel Chiramel** CMI was born on 14th Dece. 1914, at Manalur, in Thrissur Dist. In 1932, he joined the Novitiate and was ordained priest in the Congregation of Carmalites of Mary Immaculate in 1942. Fr. Gabriel later joined St. Berchmans College, Changanacherry for studies and secured II rank in the Intermediate Examination. In 1949, he took BSc. (Hon) Degree in Zoology from Presidency College, Madras and the same year, he joined Sacred Heart College, Thevara as Head Biology Division. In 1952, Fr. Gabriel became the founder Prof. and Head, Department of Zoology. He discovered a new species of ship worm ***'Bankia gabriale'*** in 1953. In 1956, he became the founder Principal of Christ College, Irinjalakuda. In 1975, Fr. Gabriel was elevated as the Provincial of CMI Devamatha Province, Thrissur. The same year he started the Carmel English Medium School, Chalakudy. In 1978, Fr. Gabriel became the founder Director of Amala Cancer Hospital, Thrissur. He was elected to the Syndicate of Calicut University in 1980. In 1991, he received the **'Samskarika Sadasu'** Award for education and social work. In 1994. All Kerala Catholic Congress Award for Education and Social Service was presented to Fr. Gabriel in 1995. The following year he also received the ***'Share and Care Award'*** instituted by American Malayalees. In the year 2000, Fr. Gabriel received the 'Man of the Century' Award instituted by Telegraph Daily. In 2001, he was presented with the ***'Star of Kerala Church Award'*** by Better life Movement, Aaloor. All this culmiated, when in January 2007, Fr. Gabriel was awarded the prestigious ***Padma Bhushan*** by Govt. of India in recognition of his distinguished service to the nation, in medial service and education. Its a great honor bestowed on Rev. Fr. Gabriel. We feel that it is an honor bestowed on the Dept. of Zoology and Sacred Heart College too and share in the pride and happiness of the occasion.

*By*
**Pratheeksha**
BSc Zoology

# NCC ARMY WING

**3(B) Coy, S.H. College, Thevara**
**21(K) Bn NCC Ernakulam**

## Highlights of the year 2006-2007

Sgt. Aisha Kareem attended All India G.V. Mavulangar Shooting Competition held in Azanzol, West Bengal and won the third position in the national level competition.

CSM. Sreejith attended National Integration Camp in Delhi

Lepl. Dhanesh Kumar attended RCTC conducted in Gwalior, M.P.

Suo. Pappu P S was selected for 12 days Indian Military Academy attachment camp in Dehradun.

CQMS. Rajesh T Das attended National Integration Camp held at Kolaghat, West Bengal.

## Other credits

In connection with anti tobacco day our twelve cadets conducted an anti-tobacco campaign programme and staged a street play.

20 parades were conducted in this academic year in which cadets were given exposures in firing, drill, field craft, map reading, weapon training, first aid etc...

2 days Mini Camp was conducted with 102 cadets in our college.

NCC of our college conducted a cycle rally, highlighting the eradication of plastic carry bags less than thirty microns. 22 cadets attended in this cycle rally with the support of the Corporation of Cochin.

The college team had won the first prize in Field Craft competition held in the Annual Training Camp of 21 (K) Bn NCC EKM at Piravam.

# FACTS

1. 30,000 core rupees worth electricity is stolen in India every year.

2. 18 inches per year is the rate at which Mexico city is sinking.

3. 100 kilogram is the weight of a one million dollar gold coin unveiled by Royal Canadian Mint.

4. 15 million red blood cells are created an d killed every second in human body.

5. 3,106 carte is the weight of largest diamond found on earth.

6. 5,764 sq. km. of India's costal area will be submerged under the sea by the year 2100.

7. 1,40,000 core rupees is the amount of India's crop loss in 2006-07, due to insects, pest and weeds.

8. 4,00,000 pound is the amount went into the desinging of the logo for 2012 Olympic Games in London.

9. 26 million people die every year in India due to poor environmental & Sanitary condition, says a WHO report.

10. 22 ft. is the maximum length to which a giant South Africa Earllworn can grow.

11. 58,000 core rupees world food is wasted in India every year, says the ministry of food processing industry.

12. 7,000 new insects species are discovered every year.

*By*
**Raghavendran**
BA Economics



Jinju Mary
Bsc Botany

# കുഷ്ഠരോഗികളുടെ ലോകം

എന്നത്തെയും പോലെ ഒരു ദിവസം കൂടി - എന്നുമെഴുതി ഡയറിത്താളുകൾക്കു പോലും ഈ വാചകം മടുത്തു തുടങ്ങിയിരിക്കുന്നു. എങ്കിലും ചുട്ടയിലെ ശീലം പോലെ അയാളത് മുടക്കാറില്ല. പണ്ട് അനിശ്ചിതമായ ഭാവിയുടെ നേർക്ക് കണ്ണുനട്ടിരുന്നപ്പോൾ ചിന്തകളുടെ ഭാരം അയാളെ നിദ്രാവിഹീനനാക്കിയിരുന്നു, ഡയറിത്താളുകളെ സമ്പുഷ്ടമാക്കിയിരുന്നു. ഇന്ന് ഭദ്രമായ ഭാവി അയാളുടെ മനസിനെ ശൂന്യമായിക്കിയിരിക്കുന്നു. അവിടേക്ക് എന്തെങ്കിലും തള്ളിക്കയറ്റാൻ അയാൾ ശഠിച്ചതുമില്ല. അമ്മയുടെ പാചകം വളരെ മോശമായിരിക്കുന്നുവെന്നോർത്തു കൊണ്ട് അയാൾ കിടക്കയിൽ അഭയം പ്രാപിച്ചു.



ഇന്ന് രാവിലെ അനാഥരാക്കപ്പെട്ടു അയൽപക്കത്തെ ഇരട്ടക്കുട്ടികളുടെ തേങ്ങൽ അയാൾ കേട്ടില്ല. ആഴ്ചകളായി കിടപ്പാടത്തിനുവേണ്ടി തന്റെ ഓഫീസ് കയറിയിറങ്ങുന്ന ദാക്ഷായണിയമ്മയെ അയാൾ ഓർമ്മിച്ചതേയില്ല. വർഷങ്ങളായി അനുഭവിക്കുന്ന യാത്രാദുരിതം പരിഹരിക്കുന്നതിനായി നിരാഹാര സമരം നടത്തുന്ന തന്റെ നാട്ടുകരുടെ മുഖങ്ങളിൽ ഒന്നുപോല മുഖം അയാളുടെ മനസിൽ തെളിഞ്ഞില്ല. രാത്രിയുടെ യാമങ്ങളിൽ പതിവുതെറ്റിച്ചുകൊണ്ട് ഒരു ദുഃസ്വപ്നം അയാളുടെ മനസിലേക്ക് കയറിവന്നു - കൈകാൽ വിരലുകൾ ദ്രവിച്ച് താനൊരു കുഷ്ഠരോഗിയായിത്തീർന്നിരിക്കുന്നു. ചൂടും തണുപ്പും ഒന്നും അനുഭവിക്കാൻ കഴിയുന്നില്ല - ഉറക്കമില്ലാത്ത ഒരു രാത്രി അയാൾക്കു സമ്മാനിച്ചുകൊണ്ട് ആ ദുഃസ്വപ്നം അവിടെ ചുറ്റിപ്പറ്റി നിന്നു.

പിറ്റേന്ന്, രാത്രിയുടെ സമ്പാദ്യം നെറ്റിയിൽ അതിന്റെ മുദ്ര പതിപ്പിച്ചുവെന്ന് കണ്ണാടി അയാളോടു പറഞ്ഞു. പക്ഷേ, കുനിഞ്ഞ ശിരസ് ആ അടയാളത്തെ മറ്റുള്ളവരുടെ കണ്ണുകളിൽ നിന്നു മറച്ചു കൊള്ളുമെന്ന് ഉറപ്പിൽ അയാൾ ഓഫീസിലേക്ക് യാത്രയായി. ബസ്സ് സ്റ്റോപിലെത്തി. പതുക്കെ തലയുയർത്തി ചുറ്റും നോക്കിയപ്പോൾ അയാൾക്കൊന്നും പൊട്ടിച്ചിരിക്കണമെന്നു തോന്നി. എങ്കിലും അയാൾ സംയമനം പാലിച്ചു ഓഫീസിൽ ഫയലുകൾക്കിടയിൽ നിന്ന് തലയുയർത്തി നോക്കുമ്പോഴെല്ലാം അയാൾക്ക് ഉറക്കെ ചിരിക്കണമെന്നു തോന്നി. അതുകൊണ്ട് ഫയലുകൾക്കിടയിൽ തന്റെ തല അയാൾ പൂഴ്ത്തിവച്ചു.

വൈകുന്നേരം, കണ്ണാടിയിൽ നോക്കി കുമ്പസാര രഹസ്യം പോലെ ശബ്ദം താഴ്ത്തി അയാൾ പറഞ്ഞു. “നീ മാത്രമല്ല, ഈ ലോകം മുഴുവൻ കുഷ്ഠരോഗികളെ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. എല്ലാവരും ഒരേ സ്വപ്നത്തിന്റെ അവകാശികൾ. എല്ലാവർക്കും ഒരേ മുദ്ര. നീ കൂട്ടത്തിലൊരുവൻ മാത്രം. സമാധാനത്തോടെ തലതാഴ്ത്തി നടക്കൂ.”

ഷോണി ജോസഫ് കെ.

# PANDORA'S BOX

**BAIJU K.P., MSc. Pure Chemistry**

## കവിത

*(ഗ്രീക്ക് മിത്തോളജി തുറന്നപ്പോൾ പ്രത്യാശയൊഴിച്ചുള്ള എല്ലാ അനുഗ്രഹങ്ങളും നഷ്ടപ്പെടുകയും എല്ലാ അനർത്ഥങ്ങളും അവശേഷിക്കുകയും ചെയ്ത പെട്ടി)*

വിടവാങ്ങുന്നത്;
ഇരുളണയാത്ത രാത്രിയോട്
നിലക്കാത്ത ശബ്ദങ്ങളോട്
ചലിക്കാത്ത സൗഹൃദങ്ങളോട്
അണയാത്ത തീ നാളത്തോട്


കാത്തിരിക്കുന്നത്;
വാർദ്ധ്യകരോഗത്താൽ ക്ലേശിക്കുന്ന
മാതാപിതാക്കൾ
ബാധ്യതയായി തീർന്നേക്കാവുന്ന
പെങ്ങൾ
ചതിപ്രയോഗങ്ങളുടെ കുരുക്ഷേത്രം
പരിഹാസം നിറഞ്ഞ വാക്കുകൾ

ആഗ്രഹം;
ചിന്തകന്റെ തലച്ചോറും
കലാകാരന്റെ ഹൃദയവും
രാഷ്ട്രീയക്കാരന്റെ മനസ്സും
കായികാഭ്യാസിയുടെ ശരീരവുമുള്ള
പച്ചയായ മനുഷ്യനാകുക.


ആവശ്യം;
മാന്യമായ ജോലി
ആർഭാടം നിഞ്ഞ ഗൃഹം
വീടിനൊരു താങ്ങ്
വീണ്ടെടുക്കേണ്ട പ്രതാപം

സംഘർഷം;
ആഗ്രഹവും ആവശ്യവും തമ്മിൽ
യാഥാർത്ഥ്യവും സ്വപ്നവും
വികാരവും വിചാരവും തമ്മിൽ

ശുഭം:
ഒന്നിനു മാത്രമായി ജീവിക്കയെങ്കിൽ
ഒന്നുമായി തീരില്ലയെന്നോർത്തിടേണം
പലതായി മാറുകിൽ പലവക പട്ടിക-
യിലൊന്നെങ്കിലുമായി മാറിടാം.




NCC ARMY WING



NCC NAVAL WING

# "ആസേതുഹിമാചലം"

## (രാമസേതുവിനെ കുറിച്ച് ചില ചിന്തകൾ....)



ഏതൊരു രാജ്യത്തിനും തനതായ സംസ്ക്കാരവും, ചരിത്രപരമായ സവിശേഷതകളും, അഭിമാനാർഹമായ അതിന്റെ ബിംബങ്ങളുമുണ്ടാകും. ആ രാജ്യം അറിയപ്പെടുന്നതു തന്നെ അതിലൂടെയായിരിക്കും. നാം നമ്മെ തന്നെ അറിയാതെയായാൽ സാംസ്കാരിക അപചയം സംഭവിക്കും. ഒടുവിൽ അസ്ഥിത്വം നഷ്ടപ്പെട്ട് സർവ്വ നാശം സംഭവിക്കുകയും ചെയ്യും. പൗരാണികമായി നമ്മൾ സങ്കൽപ്പിച്ചുവന്നിരുന്നതും, ആദരിക്കുന്നതും, അഭിമാനിക്കുന്നതുമായ മാനബിന്ദുക്കളെ നമുക്ക് എന്തിന്റെ പേരിലായാലും തമസ്ക്കരിക്കുവാനും, തകർക്കുവാനും അവകാശമില്ല. "നാനാത്വത്തിൽ ഏകത്വം" - എന്ന വാക്ക് ഇവിടെ വളരെ അന്വർത്ഥമാണ്. വിവിധ മത വിശ്വാസങ്ങളും, ആചാരങ്ങളും വച്ചു പുലർത്തുമ്പോഴും, നമ്മുടെ പൈതൃകത്തിൽ ഏകഭാവം ദർശിക്കുമ്പോളാണ്, ഒരു ജനതയും, രാജ്യവും അതിന്റെ അസ്തിത്വം നിലനിർത്തുന്നത്.

ഇത്രയും ആമുഖമായി പറഞ്ഞത്, ഇന്ന് ഭാരതം ചർച്ചചെയ്യപ്പെടുന്ന അല്ലെങ്കിൽ ഭാരതമനസ്സാക്ഷിയെ പിടിച്ചുലയ്ക്കുന്ന "രാമസേതു" എന്ന വിഷയത്തിന്റെ ചരിത്രപരവും, സാംസ്കാരികപരവുമായ പ്രസക്തിയിലേയ്ക്ക് നിങ്ങളുടെ ചിന്തകളെ ക്ഷണിക്കുവാനാണ്. കരയും കടലും രാജ്യാതിർത്തികളിൽ മുഖ്യമാണ്. അതിൽ കടലിനോടായിരിക്കും പണ്ടു മുതലേ മനുഷ്യർക്ക് ഒടുക്കാനാവാത്ത അഭിനിവേശം നിലനിന്നിരുന്നത്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന പ്രശംനവും, കടലിനോട് വളരെയേറെ ബന്ധപ്പെട്ട ഒന്നാണ്. ശ്രീലങ്കയേയും ഇന്ത്യയേയും തമ്മിൽ ബന്ധിപ്പിച്ചു കിടക്കുന്ന പാലത്തെയാണ് 'രാമർപാലം' അഥവാ 'ആഡം പാലം' (Adam's Bridge) എന്നു വിളിക്കുന്നത്. ഇത് പൊളിച്ച് കപ്പൽചാൽ നിർമ്മിക്കാനാണ് ഭാരതസർക്കാർ പ്രത്യേകിച്ച് വകുപ്പുമന്ത്രിയായ തമിഴ്നാട്ടുക്കാരൻ ശ്രീ. ടി.ആർ. ബാലുവും കൂട്ടരും മുന്നോട്ടു വന്നിട്ടുള്ളത്. അതിനു കൊടുത്തിരിക്കുന്ന പേരിൽ തന്നെ വൈരുദ്ധ്യമുണ്ട്. പദ്ധതിക്കിട്ടിരിക്കുന്ന പേര് 'സേതുസമുദ്രം' പദ്ധതിയെന്നാണ്. സേതു എന്ന സംസ്കൃത വാക്കിന്റെ അർത്ഥം പാലം എന്നാണ്. പദ്ധതി നടപ്പിലായാൽ പാലം തന്നെ ഇല്ലാതാവും.

കടലിനടിയിൽ രൂപംകൊണ്ടതോ, നിർമ്മിക്കപ്പെട്ടതോ ആയ കുറേ കരിങ്കൽ കൂനകൾ ഇടിച്ചു നിരത്തുന്നതിന് എന്തിനാണ് ഇത്ര കോലാഹലം? ചോദ്യം ശരിയാണെങ്കിലും ഉത്തരം തേടാൻ വളരെ ബുദ്ധിമുട്ടാണെന്നതാണ് വാസ്തവം. വൈകാരികമായി ഇതിനെ സമീപിക്കുമ്പോൾ ഇത്തരത്തിൽ പല ചോദ്യങ്ങളും ഉന്നയിക്കപ്പെടാം. ആയിരക്കണക്കിനു വർഷങ്ങളായി ഒരു ജനതയെ സാംസ്കാരികമായ അടിത്തറയിൽ നിലനിർത്തിയ വിശ്വാസത്തെയാണ് ഇതിലൂടെ ചോദ്യം ചെയ്യപ്പെടുന്നത്.

ഈ പാലം ശ്രീരാമ നിർമ്മിതമല്ലെന്ന് (വകുപ്പു മന്ത്രിയുടെ അഭിപ്രായത്തിൽ) ഒരു വാദത്തിനു വേണ്ടി അംഗീകരിച്ചാലും, അത് പരമ്പരാഗതമായി വിശ്വസിച്ചു വരുന്ന ചരിത്രചിഹ്നമാണ്. ജനങ്ങൾ പരിപാവനമായി കരുതി വരുന്ന സാംസ്കാര ചിഹ്നമാണ്.

ജറുസലേമിലെ വെയ്‌ലിങ്ങ് വാൾ (Wailing Wall) പോലെ, മെക്കയിലെ 'കാബാ' പോലെ രാമർപാലവും ആദരിക്കപ്പെടേണ്ടതാണ്. വെയ്‌ലിങ്ങ് വാളും, കാബായും ജനങ്ങളുടെ വിശ്വാസ-വികാര ചിഹ്നങ്ങളായി എങ്ങിനെ കരുതപ്പെടുന്നുവോ, അതേപോലെ രാമർസേതുവെ സംബന്ധിച്ചും ജനങ്ങളുടെ വികാരങ്ങൾ അധികമളവിൽ തന്നെയുണ്ട്. മനുഷ്യ നിർമ്മിതമായവ മാത്രമല്ല, പ്രകൃതി നിർമ്മിതമായവ കൂടി സാംസ്കാര പ്രതീകമായി സംരക്ഷിക്കണമെന്നാണ് അന്താരാഷ്ട്ര കീഴ്‌വഴക്കം.

ഡൽഹി മെട്രോ റെയിൽപദ്ധതി നടപ്പിലാക്കുമ്പോൾ കുത്തബ്മിനാറിനെ ബാധിക്കുമെന്ന ആക്ഷേപം കാരണം, വഴിമാറ്റിയാണ് പദ്ധതി നടപ്പിലാക്കിയത്. ടിപ്പുസുൽത്താൻ മാളികയ്ക്കു കോട്ടം സംഭവിക്കുമെന്ന ആക്ഷേപം ഉയർന്നതോടെ ബാംഗ്ലൂരിലെ നിർദ്ദിഷ്ട റെയിൽപാത വഴിമാറ്റിക്കൊണ്ടു പോകുവാൻ തീരുമാനിക്കപ്പെട്ടാതായി അറിയുന്നു. അതുപോലെതന്നെ ദേശീയവും സാംസ്ക്കാരികവുമായി ഇഴചേർന്നു കിടക്കുന്ന രാമർ പാലവും ദേശീയ സ്മാരകമായി സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

'നാസ' പുറത്തുവിട്ട ഉപഗ്രഹ ചിത്രം പൊതുജനമദ്ധ്യത്തിൽ രാമർപാലത്തെപ്പറ്റി പുതിയ അറിവുണ്ടാക്കിയെന്നത് സത്യമാണ്. പക്ഷേ ഇതിനെത്രയോ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ, ചരിത്രപരമായ തെളിവുകൾ നമുക്കു ലഭ്യമാണ്. 1747-ൽ ഇന്തോനേഷ്യ ആക്രമിച്ച ഡച്ചുകാർ പുറത്തിറക്കിയ ഭൂപടത്തിൽ രാമർക്ഷേത്രം എന്നാണ് ഈ ഭാഗത്തെ കാണിച്ചിരിക്കുന്നത്.

1788 ജോസഫ് ബർക്സ് എന്ന ആസ്ത്രേലിയൻ ഭൂമിശാസ്ത്രജ്ഞൻ അദ്ദേഹം യാത്ര ചെയ്ത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കിയതിൽ രാമേശ്വരം, രാമർക്ഷേത്രം, ധനുഷ്ക്കോടി, ധനുഷ്കോടിക്കും തലൈമണ്ണാറിനും ഇടയ്ക്കുള്ള പ്രദേശം 'രാമർപാലം' എന്നു കുറിയ്ക്കപ്പെട്ടിട്ടുണ്ട്. ഈ ഭൂപടം തഞ്ചാവൂരിലെ സരസ്വതിമഹലിൽ സൂക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്. അടുത്തിടെ കേന്ദ്രമന്ത്രി ടി.ആർ. ബാലു ചെന്നു കണ്ടത് ഈ ഭൂപടത്തെയാണ്. 1788-ൽ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയാണ് ഈ ഭൂപടം പ്രകാശനം ചെയ്തത്.

16 വർഷങ്ങൾക്കു ശേഷം, 1804ൽ സർവെ.ർ ജനറൽ നിയമിക്കപ്പെട്ട ശേഷം, 'രാമർപാലം' എന്നുള്ളത് 'ആഡംപാലം' എന്നു പുനർനാമകരണം ചെയ്യപ്പെട്ടു. ഇത് ബ്രിട്ടീഷ് ഇന്ത്യയുടെ ഭൂപടമാണ്. വേറെയും ഭൂപടങ്ങളുണ്ട്. ചിക്കാഗോ സർവ്വകലാശാലയിലെ ചരിത്രവകുപ്പ് മേധാവി, സ്വാർസ്ബർഗ്, 25 വർഷങ്ങളോളം ഗവേഷണം നടത്തി. 200ഓളം വിദഗ്ദ്ധന്മാരുടെ പരിശ്രമഫലമായി രൂപം കൊണ്ട അറ്റ്ലസ്സിൽ, വേദ പുരാണ ഇതിഹാസ കാലങ്ങളിൽ അറിയപ്പെട്ടിരുന്ന പേരുകളിൽ തന്നെ ഓരോ സ്ഥലങ്ങളും രേഖപ്പെ

ടുത്തി. ഇതിൽ രാമസേതു രേഖപ്പെടുത്തിയി ട്ടുണ്ട്. ഇങ്ങനെ, അൻപതോളം ഭൂപടങ്ങളുണ്ട്. ഇവയിലെല്ലാം ഭാരതത്തെയും ലങ്കയെയും ബന്ധിപ്പിക്കുന്ന പാലം ഉണ്ടായിരുന്നത് വ്യക്ത മായിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷ്ണ ദേവരായർ തന്റെ സാമ്രാജ്യത്തിന്റെ വിസ്തീർണ്ണം ബേലൂർ മുതൽ രാമർപാലം വരെയെന്നു 1508-ാം വർഷം കൽവെട്ടുകളിൽ പതിച്ചുവെച്ചിട്ടുണ്ട്. രാമർപാലം വെറും ഭാവ നയല്ല, യഥാർത്ഥ്യമാണെന്ന് ഈ തെളിവുകൾ കാട്ടിത്തരുന്നു.

ഇപ്പോൾ നിർമ്മിക്കപ്പെടുന്ന കനാലിന് എതിരായി ശ്രീലങ്കയ്ക്ക് അന്താരാഷ്ട്ര കോട തിയെ സമീപിക്കാവുന്നതാണ്. ശ്രീലങ്കയിലെ 34 വിദഗ്ദ്ധന്മാർ ഈ പദ്ധതിയെപ്പറ്റി വിദഗ്ദ്ധ പഠനം നടത്തിയപ്പോഴും അവരുടെ അഭി പ്രായം ഈ കനാൽ ശ്രീലങ്കയെ പ്രതികൂല മായി ബാധിക്കുമെന്നാണ്. രാമർ പാലത്തിനു ചുറ്റും ധാരാളം ഗുഹകളും ചുണ്ണാമ്പുകല്ലു കളും ഉണ്ട്. ഈ ചുണ്ണാമ്പുകല്ലുകളാണ് കടൽ ജലത്തിനെ ഉപ്പകറ്റി ശുദ്ധജലമായി മാറ്റുന്നത്. ഈ ചുണ്ണാമ്പുകല്ലുകൾ നശിപ്പിക്കപ്പെടുകയാ ണെങ്കിൽ രാമേശ്വരത്തും, ശ്രീലങ്കയിലെ തലൈമണ്ണാർ പ്രദേശത്തും കുടിവെള്ളക്ഷാമം ഉണ്ടാവാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പും നല്കുന്നു. കൂടാതെ ഇപ്പോൾ നിലനിൽക്കുന്ന ജൈവസന്തുലനം മാറുമ്പോൾ മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയും ചെയ്യാനിടയുണ്ട്.

250ഓളം ശാസ്ത്രജ്ഞർ സിംഗപ്പൂരിൽ സമ്മേളിച്ച് 2,60,000 പേർക്ക് ജീവഹാനി വരു ത്തിയ സുനാമിയുടെ ഗതിയെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി. രാമസേതു ഒരു പ്രതിരോ ധഭിത്തിയായി സുനാമി തിരമാലകളുടെ ശക്തിയെ കുറച്ചു എന്നാണ് അവർ അഭിപ്രാ യപ്പെട്ടത്. ഈ ചർച്ചയ്ക്കു നേതൃത്വം നൽകിയ റ്റാഡ്മൂർത്തിയെയാണ് ഭാരതസർക്കാർ സുനാമി കാര്യങ്ങളെ സംബന്ധിച്ച് ഉപദേഷ്ടാ വായി നിയമിച്ചിട്ടുള്ളത്. സുനാമി പോലെ യുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള ഒരു പ്രതിരോധഭിത്തിയാണ് ഈ രാമർപാലം.

കൂടാതെ, ആഴക്കടലിൽ എതിരെതിരാ യുള്ള തിരമാലകളുടെ ഗതി ഈ രാമസേതു മുനമ്പിൽ മാത്രമാണുള്ളത്. അതിവേഗത്തി ലുള്ള തിരമാലകൾ രാമർസേതുവിലടിച്ച് തോറിയം എന്ന അണുശക്തിയ്ക്കാവശ്യമായ ധാതു കരയ്ക്കടിക്കുന്നു. നമ്മുടെ അണു ശക്തി നിലയങ്ങൾക്ക് അത്യാവശ്യമായ അസംസ്കൃത വസ്തുവാണിത്. ലോക ത്തിൽവെച്ച് ഏറ്റവുമധികം അളവിൽ തോറിയം ഇവിടെ മാത്രമേ ലഭിക്കുന്നുള്ളൂ. ഇപ്പോഴുള്ള തോറിയം ശേഖരം നമ്മുടെ അണുശക്തി ആവശ്യങ്ങൾ 389 വർഷങ്ങൾ വരെ നിവർത്തിക്കുവാൻ പര്യാപ്തമാണെന്നു ബാബാ അണുശക്തി കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. രാമർസേതു ഇടിയ്ക്കപ്പെടുകയാണെങ്കിൽ, തോറിയം ശേഖരം പുതുതായി ഉണ്ടാവി ല്ലെന്നു മാത്രമല്ല, ഉള്ള ശേഖരം തന്നെ ഇനി യൊരു സുനാമി വരുന്ന പക്ഷം കടലിന്നടി യിൽ പോവുകയും ചെയ്യും.

ഇങ്ങനെ നോക്കിയാൽ സാംസ്കാരി കവും ചരിത്ര-പരവുമായി ഈ പാലത്തിനുള്ള പ്രത്യേകതയും ആവശ്യകതയും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. എന്തു പുരോഗ തിയാണെങ്കിലും നിലവിലുള്ള നന്മകളെ നശി പ്പിച്ചുകൊണ്ട് നേടാമെന്ന് വിചാരിക്കുന്നത് ബുദ്ധിപൂർവ്വകമല്ല. നൂറ്റാണ്ടുകളായി രൂഢ മൂല മായി കിടക്കുന്ന ഒരു വിശ്വാസത്തേയും ആർക്കും തകർക്കാൻ കഴിയില്ല.

**SARIKA K.S. BSc Zoology**

# CAMPUS SURVEY

*കലാലയ രാഷ്ട്രീയത്തെ നിങ്ങൾ അനുകൂലിക്കുന്നുണ്ടോ?*

**ഉണ്ട് - 81%**

**ഇല്ല - 14.5%**

**അഭിപ്രായമില്ല - 4.5%**

നമ്മുടെ യുവത്വം, കലാലയ രാഷ്ട്രീയത്തെ അനുകൂലിക്കുന്നതായിട്ടാണ്, എഡിറ്റോറിയൽ ബോർഡ് നടത്തിയ സർവേയുടെ ഫലം തെളിയിക്കുന്നത്. കലാലയത്തിലെ 81 ശതമാനം വിദ്യാർത്ഥികൾ കുറ്റമറ്റ രീതിയിലുള്ള കലാലയ രാഷ്ട്രീയത്തെ അനുകൂലിക്കുന്നു. വിദ്യാർത്ഥികൾ രാഷ്ട്രീയബോധമുള്ളവരായിരിക്കണം എന്നാണ് ഇവർ അഭിപ്രായപ്പെടുന്നത്. പ്രതികരണശേഷിയില്ലാത്ത ഒരു ജനതയെ വാർത്തെടുക്കുക എന്നത് കമ്പോളശക്തികളുടെ അജണ്ഡയാണ്. ഇവർ കാലത്തെ പുറകിലേക്ക് വലിക്കുകയാണ് ചെയ്യുന്നത്. ഇവർക്കെതിരെ പോരാടാൻ, രാഷ്ട്രീയബോധമുള്ള ഒരു യുവതലമുറക്കെ കഴിയുകയുള്ളൂ എന്ന് ഈ വിഭാഗം അഭിപ്രായപ്പെടുന്നു.

വെറും 14.5 ശതമാനം വിദ്യാർത്ഥികൾ മാത്രമാണ് കലാലയരാഷ്ട്രീയത്തെ എതിർക്കുന്നത്. കലാലയ രാഷ്ട്രീയം, അക്രമത്തിലേക്കും, മറ്റു ദുരന്തങ്ങളിലേക്കും, എത്തിച്ചേരുന്നു എന്നാണ് ഇവർ അഭിപ്രായപ്പെടുന്നത്.

എന്നാൽ 4.5 ശതമാനം വിദ്യാർത്ഥികൾ കലാലയരാഷ്ട്രീയത്തെ അനുകൂലിക്കുന്നുമില്ല എതിർക്കുന്നുമില്ല. ഈ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾ, തങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യം ശരിയായി വിനിയോഗിക്കാൻ മടികാട്ടുന്നു.

*തയ്യാറാക്കിയത് :*

**എഡിറ്റോറിയൽ ബോർഡ്**

# Primrose Nature Club / Encon Club Activity - 2006-2007

The Primrose Nature Club organized and conducted various kinds of Nature Awareness and Nature conservation programmes in collaboration with the Primrose Nature Club of the college.

The Primrose Nature Club observed the World Environment 5 June. Members in the presence of Principal Fr. A.J. Saviance, assembled in the college portico and took a Pledge on Nature Conservation. Our college gets Palathulli Puraskaram II Prize (2005-2006)for the combined activities organized under the guidance of the Primrose Nature Club / Encon Club.

On 7 June 2006 all Club members and students wished to join the club assembled. Director Dr. V. J. Dominic addressed the gathering. Ms Nissy Elias (Second BSc. Botany) were elected as joint secretaries. Mr. V.J. Jose, Deputy Campaigner, Green Peace, inaugurated the activities of the Club for the year 2006 - 2007 on 8 June 2006. The clubs observed the day as College Environment Day. On 4 Aug. 2006 the Club gave a reception in Our College to the 'Mazha Yathra' organized by the Kerala State Remote Sensing & Environment Centre. Fr. A.J. Saviance, Principal, Dr. V.J. Dominic, Club Director, and Murali Thalancherry convenor, Mazha yathra and Ajmal K Mujeeb, Director Social Justice spoke on the occasion.

Regular Club meetings are conducted on every Wednesday at 1.30 pm. The Club conducted the Flower Carpet Competition at the college Portico on 25 Aug. 2006. Eleven teams participated. Attractive cash prizes were given to the winners.

The Classroom beautification contest for the year started on 11 Sept.. 2006. Fifteen classes registered for participation. The club consults the competition every year. The classes which maintain the classroom neat, clean and tidy for the entire year will be awarded attractive cash prizes.

Regular Club Meeting on 27 Sept. 2006 discussed and planned the programmes to be conducted during the wildlife week. Club members and Director participated in the activities of the wildlife week programmes organized by the Forest Department at Maharajas College Ernakulam on 2,3 Oct. 2006.

In Connection with Wildlife week celebrations, the Club organised an invited lecture by Dr. S. Sivadas, Laision Officer of Forest Department, Kerala High Court, in our college on 6 Oct. 2006. Members conducted a poster exhibition also on wild life protection.

As part of the Chikungunya aware ness and cleanliness awareness programme directed by the government, the Club and other clubs of the college jointly organized a cleanliness awareness programme in and out side the campus on 13 Oct. 2006. The programme included cleaning the campus, cleaning the pocket roads and a procession up to Thevara market holding placards. The club, with the help of the Kerala Forest Department, conducted a Nature Study camp at Silent Valley on 1-3 Dece. 2007. It was thrilling experience for the club members who has trekking in the dense forest, classes on forest conservation and audio-visual presentation of wild flora and fauna.

On the 15th January 2007 the club protested against the indiscriminate felling of the mangrove plants from the Valnthakadu islands near the city. We passed a resolution, which was published in the newspapers. On the same day, as part of the Oil / gas conservation fortnight, the club members took a pledge on oil and gas conservation.

In collaboration with Bharat petroleum Corporation Ltd., Kochi Refinery, the club conducted an essay competition for the students of our college. Reshma Babu Final BSc. Botany, J Mansa Final BSc. Botany, Lafseena Latheef Fianl BSc. Botany got the first, second and third prizes respectively. The Prizes (Rs. 400/-, Rs. 300/- and Rs. 200/-) are sponsored by the Kochi Refineries Ltd.

The Club activates will be concluded on 15th Feb. 2007.

Dr. V.J Dominic, Director | **Nissy M**, Club Secretary



Cheif Editor
**Udayaraj K.R.**

## SUB EDITORS



Sarika. K.S.



Harisankar V.G.



Aruna Ananad



Sanu Devassykutty



Rajesh P.T.



Nijildas E.K.



Raghavendran



Sreedevi



Pradanya Pinglay



Archana



Nabillah Haniph

# കോളേജ് യൂണി

## 2006 - 07 അദ്ധ്യയനവർഷത്തെ യൂണിയൻ ഭാരവാഹികൾ



ചെയർമാൻ:
വിവേക് കെ. ആർ.

ചെയർമാൻ: വിവേക് കെ. ആർ.

വൈസ് ചെയർമാൻ: ചിത്ര മുകുന്ദൻ

ജനറൽ സെക്രട്ടറി: ഉണ്ണികൃഷ്ണൻ പി. എസ്.

യു. യു. സി.: സ്മിജോ കെ. സണ്ണി

യു. യു. സി.: സൗരത്ത് പി. കെ.

മാഗസിൻ എഡിറ്റർ: ഉദയരാജ് കെ. ആർ.

ആർട്ട്സ് ക്ലബ് സെക്രട്ടറി: ഷിബിൻ രാജ്

വനിതാ പ്രതിനിധികൾ: സൂര്യ സി. എസ്., ബെറ്റ്സി കെ. റ്റി.

### ക്ലാസ് പ്രതിനിധികൾ

ഒന്നാം വർഷ ബിരുദം: **അലൻ ജേർസൺ**

രണ്ടാം വർഷ ബിരുദം: **രാജേഷ് പി. റ്റി.**

മൂന്നാം വർഷ ബിരുദം: **വിവേക് എൻ. നായർ**

ഒന്നാം വർഷ ബിരുദാനന്തര ബിരുദം: **യൂനിസ്**

രണ്ടാം വർഷ ബിരുദാനന്തര ബിരുദം: **ഹോർമിസ്**



വൈസ് ചെയർമാൻ:
ചിത്ര മുകുന്ദൻ



ജനറൽ സെക്രട്ടറി:
ഉണ്ണികൃഷ്ണൻ പി. എസ്.



ആർട്ട്സ് ക്ലബ് സെക്രട്ടറി:
ഷിബിൻ രാജ്



യു. യു. സി.:
സൗരത്ത് പി. കെ.



യു. യു. സി.:
സ്മിജോ കെ. സണ്ണി

# യൻ റിപ്പോർട്ട്



വനിതാ പ്രതിനിധി:

**സൂര്യ സി. എസ്.**

**സത്യപ്രതിജ്ഞ**

2007 ജനുവരിയിൽ പ്രിൻസിപ്പാൾ റെവ. ഫാ. എ.ജെ. സാവിയൻസിന്റെ മുമ്പാകെ, സത്യപ്രതിജ്ഞ ചെയ്യുകയും, പ്രൊഫസർ. ടി.ടി. ജോസഫിനെസ്റ്റാഫ് അഡ്വൈസറായി തീരുമാനിക്കുകയും ചെയ്തു.

**യൂണിയൻ ഉദ്ഘാടനം**

നവോത്ഥനമൂല്യങ്ങൾ ഉൾക്കൊണ്ട ക്യാമ്പസ് എന്ന ആശയം മുന്നോട്ട് വച്ചു കൊണ്ട് കോളേജ് യൂണിയൻ ഉദ്ഘാടനം 2007 ജനുവരി 10-ാം തീയതി നടന്നു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഏഷ്യാനെറ്റ് ഡ്രീംസ് അവതരിപ്പിച്ച ഗാനമേള നടക്കുകയുണ്ടായി.

**ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം**

തേവര തിരുഹൃദയ കലാലയത്തിന്റെ, കലാപാരമ്പര്യത്തെ പരിപോഷിക്കുന്നതിനായി, ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി ഷിബിൻ രാജിന്റെ നേതൃത്വത്തിൽ ആർട്ട്സ് ക്ലബ്ബ് രൂപീകരിക്കുകയുണ്ടായി. ഇതിന്റെ ഉദ്ഘാടനം ജനുവരിയിൽ അമൃത ടി.വി. സൂപ്പർസ്റ്റാർസ് ഫെയിംസ്, ജോബ്, ശരത്, നിധീഷ് എന്നിവർ നിർവഹിച്ചു. ഇതോടനുബന്ധിച്ച് നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളും നടന്നു.



വനിതാ പ്രതിനിധി:

**ബെറ്റ്സി കെ. റ്റി.**

**ഫിലിം ഫെസ്റ്റിവൽ**

തേവര സേക്രട്ട് ഹാർട്ട് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഫെബ്രുവരി 8, 9 തീയതികളിൽ ഫിലിം ഫെസ്റ്റിവെൽ നടത്തപ്പെട്ടു. രംഗ്ദേ ബസന്തി, ഓട്ടോഗ്രാഫ്, ഡോൺ എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

**മറ്റ് പരിപാടികൾ**

ചിത്രകലാ പ്രദർശനം, സൂര്യ ടി.വി. ചാനലിന്റെ സൂര്യ നക്ഷത്രം എന്നീ പരിപാടികൾ നടത്തപ്പെട്ടു.

**നന്ദി**

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന എല്ലാ പരിപാടികളിലും പങ്കാളിത്തം കൊണ്ടും, മാനവശേഷി കൊണ്ടും, സഹകരിച്ച എല്ലാവർക്കും കോളേജ് യൂണിയന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം ഈ റിപ്പോർട്ട് നിങ്ങളേവരുടെയും അംഗീകാരത്തിനായി സമർപ്പിച്ചു കൊള്ളുന്നു.

എന്ന്,

ജനറൽ സെക്രട്ടറി



ഒന്നാം വർഷ പ്രതിനിധി

**അലൻ ജേർസൺ**



മാഗസിൻ എഡിറ്റർ:

**ഉദയരാജ് കെ. ആർ.**



മൂന്നാം വർഷ പ്രതിനിധി

**വിവേക് എൻ. നായർ**



രണ്ടാം വർഷ പ്രതിനിധി

**രാജേഷ് പി. റ്റി.**





**NAAC - PEER TEAM**


Prof. Usha Mukundan, Prof. Ananda Deb Mukhopadhyay
Dr. L. Thara Bhai, Fr. A. J. Saviance, Principal

# കരിനാക്കുള്ള കവിത

കരിനാക്കുള്ള ജാരസന്തതിയെ പോലെ
ജന്മപാപവും കർമ്മപാപവും
വീണുടഞ്ഞ വാക്കിന്റെ താപവും പേറിയ
ഒരു കവിതയാണ് ഞാൻ.
സുഹൃത്തിന്റെ ചോരയിൽ മുക്കിയ കൈപ്പത്തിയും
ഹൃദയ ഭേദനം ചെയ്തെടുത്ത ദുഃഖവും
എടുത്തണിഞ്ഞ
അഭിശപ്തമായ വൈകല്യമാണു ഞാൻ
സഹനത്തിന്റെ മൂർദ്ധാവിൻ
തുടികൊട്ടിപ്പാടിയ
ഭ്രാന്തിന്റെ വിരൽ പാടാണ് ഞാൻ.
താളം മുറിയാത്ത മകരപ്പെരുമഴയുടെ
ആർപ്പിന്റെ പ്രതിധ്വനിയാണ് ഞാൻ.
അടഞ്ഞ കണ്ഠത്തിന്റെ, മുറിഞ്ഞ നാവിന്റെ
തെറിച്ച രക്തത്തിന്റെ ഇടറിയ കാൽവെയ്പ്പിന്റെ
പതറിയ താളത്തിന്റെ വിലക്കിന്റെ ഭ്രഷ്ടിന്റെ
അരുതിന്റ കയ്യൊപ്പാണ് ഞാൻ
വിലയിടപ്പെട്ട എന്റെ പാപമേ
ഇതാ നിന്റെ കൈവെള്ളയി-
ലെന്റെ സർപ്പദംശനത്തിന്റെ കഴപ്പ്.

**ARCHANA N.** BSc Botany







# പ്രാർത്ഥനാഗീതം

കാരുണ്യദീപമാം സർവ്വേശ്വരാ എന്നിൽ
കനിവിൻ പൊൻ പ്രഭ തെളിയിക്കണേ
കാതരയാമെന്റെ കണ്ണീർ തുടച്ചു നീ
കണ്ണിൽ പ്രകാശം ചൊരിയേണമേ!

പിച്ചവച്ചൊരുനാൾ നിൻമുന്നിൽ വന്നു
അറിവിൻ ആദ്യാക്ഷരം കുറിച്ചു.
അന്നത്തെ പുലരിയിലെഴുതിയ
അമൃതാക്ഷരങ്ങളെ നമിയ്ക്കുന്നു ഞാൻ.

ഉള്ളിലെ പൂന്തോപ്പിലുറങ്ങുമാതന്ത്രിയെ
അറിവിന്റെ പൂക്കളായ് വിരിയിക്കണേ
ജീവിതത്തിൽ തമസ്സകറ്റീടണേ
എന്നെന്നും ഞങ്ങളെ കാത്തീടണേ!

SREEDEVI C.V. - BA English Copy Editor

# എന്റെ തുളസിക്കതിരിന്


പാതിമുറിഞ്ഞു വീണൊരെൻ വാക്കുകൾക്കിടയിലെന്നും
എന്റെ പ്രണയം ഞാൻ ചേർത്തു വച്ചിരുന്നു...
നിൻ ഹൃദയതാളത്തിനരികെ ഞാൻ.... കാത്തിരുന്നെങ്കിലും
നിറമാർന്ന മൗനങ്ങളാലെ സ്വപ്നങ്ങൾ നീ നെയ്തു തന്നു.

നിന്റെ മിഴികളിൽ നിറയുന്ന വേദനയും
ഒന്നൊപ്പുവാനെൻ കരം കൊതിച്ചിരുന്നു.
ചേർന്നു പുൽകുവാനെൻ മനം തുടിച്ചിരുന്നു
നറുപുലരിയിലുണരും തുളസിക്കതിരെന്നപോലെയിനിയെന്നെന്നും
എന്റെ ജീവനിൽ തളിർക്കുവാൻ കാത്തിരുന്നു...

മനസ്സിന്റെ മൺചെരാതിനുള്ളിൽ എരിയുന്ന നാളമായ്
അണയാതെയെന്നുമെന്നോർമ്മയിൽ നീറിടും
എരിവെയിലിലുരുകുമെൻ നിനവേ നിൻമുഖം
ഇനിയേഴു ജന്മങ്ങളെല്ലാം കാത്തിരിക്കാം നിനക്കായ്
പിരിയാതെയന്നന്റെ പാതിമെയ്യാകുവാൻ....

ഉദയരാജ് കെ.ആർ.
ബി.എ. എക്കണോമിക്സ്

# ചെഗുവേര - വിപ്ലവത്തിന്റെ രക്തനക്ഷത്രം



ബൊളീവിയൻ കാടുകളിൽ സാമ്രാജ്യത്വത്തിന്റെ വെടിയേറ്റു മരിച്ചു വീണ വിപ്ലവകാരി....... "വിപ്ലവകാരിക്ക് രക്തസാക്ഷിത്വം മോഹിപ്പിക്കുന്ന ഒരു അനുഭവമാണ്; അത് ധീരന്മാരുടെ താവളമാണ് " എന്ന് പ്രഖ്യാപിച്ച് ചൂഷിത വർഗ്ഗത്തിന്റെ അവകാശങ്ങൾക്കായി നിർഭയത്വം പോരാടി രക്തസാക്ഷിത്വം വരിച്ച ചെ... 39 വർഷം മാത്രം നീണ്ട ജീവിതം കൊണ്ട് സാമ്രാജ്യത്വത്തിനെതിരെ ഒരു യുഗത്തിന്റെ പോരാട്ടങ്ങൾ നയിച്ച്.... ഓർമകളിൽ പോലും...... പുത്തൻ സാമ്രാജ്യത്വ ശക്തികൾക്ക് നടുക്കം തീർത്ത ചെ..... ലോക യുവത്വത്തെ വിപ്ലവമെന്ന വസന്തത്തിലേക്ക് ആനയിച്ച് അവരുടെ ചോരത്തുടിപ്പായ് തീർന്ന അനശ്വരനായ വിപ്ലവകാരി ..... ചെ ....

1928 ജൂൺ 14ന് അർജ്ജന്റീനയിൽ ജനിച്ച ചെ, കുഞ്ഞുനാളിൽ തന്നെ അലട്ടിയിരുന്ന ആസ്തമ പോലുള്ള അസുഖങ്ങളെ വകവെയ്ക്കാതെ തന്റെ സുഹൃത്തുമൊത്ത് ലാറ്റിനമേരിക്കയുടെ ഹൃദയത്തിലൂടെ ഒരു മോട്ടോർ സൈക്കിളിൽ നടത്തിയ യാത്രയാണ് ചെഗുവേരയെ വിപ്ലവത്തിന്റെ രക്തസാക്ഷിയാക്കി മാറ്റിയത്. വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്ത ചെ തന്റെ നാട്ടിൽ നല്ല ശമ്പളത്തിൽ ലഭിച്ച തൊഴിലുപേക്ഷിച്ച് കുഷ്ഠരോഗികളുടെ സങ്കടങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങി ചെന്നു.

ലാറ്റിനമേരിക്കയെ ബാധിച്ച ഏറ്റവും മാരകമായ രോഗം സാമ്രാജ്യത്വ അധിനിവേശമാണെന്ന് ചെഗുവേര തിരിച്ചറിഞ്ഞു. പിന്നെയുള്ള ചെയുടെ ജീവിതം പോരാട്ടത്തിന്റെ.... വിപ്ലവത്തിന്റെ.... ഇതിഹാസമായിരുന്നു. ഗ്രാൻമ എന്ന കപ്പലിൽ ഫിദൽ കാസ്ട്രോയ്ക്കൊപ്പം ചെഗുവേര ക്യൂബയിലേക്ക് പുറപ്പെട്ടു. പിന്നെ സംഭവിച്ചത് ലാറ്റിനമേരിക്കയുടെ സുവർണ്ണ ലിപികളിൽ എഴുതപ്പെട്ട ക്യൂബയുടെ ചരിത്രമായിരുന്നു....

ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിനു ശേഷം ആ രാജ്യത്തെ വ്യവസായ മന്ത്രിയായ ചെ ഭൂപരിഷ്കരണ നിയമത്തിലൂടെയും ബാങ്ക് ദേശസാൽകരണത്തിലൂടെയും മറ്റും സാമ്രാജ്യത്വത്തിനും നേരെ തന്റെ ഗറില്ലാ അസ്ത്രങ്ങൾ എയ്തു കൊണ്ടിരുന്നു....

ഭരണമല്ല പോരാട്ടമാണ് തന്റെ ജീവിതമെന്ന് ചെ മനസ്സിലാക്കി വിപ്ലവത്തിന്റെ കരങ്ങൾ തന്നെ മാടി വിളിക്കുന്നത് തിരിച്ചറിഞ്ഞ ചെ, തന്റെ മന്ത്രി പദം ഉപേക്ഷിച്ച് ബൊളീവിയയിൽ വിപ്ലവം നയിക്കാൻ പുറപ്പെട്ടു. സാമ്രാജ്യത്വത്തിന്റെ ഉരുക്കു കോട്ടകൾ തകർത്തെറിഞ്ഞ് ശബ്ദിക്കാൻ ഭയപ്പെട്ടിരുന്ന മനുഷ്യരുടെ ശബ്ദമായി ചെ ഉയർന്നു. അവസാനം 1967 ഒക്ടോബർ 9ന് സാമ്രാജ്യത്വത്തിന്റെ വെടിയുണ്ടകളെ സ്വന്തം വിരിമാറിൽ സ്വീകരിച്ച് ധീരതയോടെ ചെ മരണം വരിച്ചു. അദ്ദേഹത്തിന്റെ ചേതനയറ്റ ശരീരത്തെ പോലും ഭയപ്പെട്ട സാമ്രാജ്യത്വം ആ ദേഹത്തോടുപോലും നീചമായിട്ടാണ് പെരുമാറിയത്. പക്ഷേ ആ വെടിയുണ്ടകൾ ആ ആത്മാവിനെ.... വിപ്ലവത്തിന്റെ അടങ്ങാത്ത ദാഹവുമായ് പോരാട്ടങ്ങളെ തേടിപോയ ആ ജീവനെ അനേകം ശരീരങ്ങളിലേയ്ക്ക് സന്നിവേശിപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ ചെ ഇന്നും ജീവിക്കുന്നു. പ്രതികരിക്കുന്ന യുവത്വത്തിലൂടെ.... ചെ; നീ വീണു പോയിട്ടും നിന്റെ വെളിച്ചം മങ്ങിയിട്ടില്ല. ഗിരിനിരയിലെ കാറ്റിനും മേഘങ്ങൾക്കുമിടയിൽ നിന്റെ ഗറില്ലാ പ്രതിമ താങ്ങി നിർത്തുന്നത് ഒരു തീക്കുതിരയാണ്. അവർ നിന്നെ ചുട്ടെരിച്ചാലും മണ്ണിൽ കുഴിച്ചിട്ടഴുകിച്ചാലും, സെമിത്തേരികളിലും കാടുകളിലും ചതുപ്പുകളിലും ഒളിച്ചു വച്ചാലും. നിന്നെ ഞങ്ങൾ തേടിവരും ചെ.....


HARI SANKAR V.G.
B.A. English

# വിചാരണ

വാദിച്ചിട്ടില്ലാത്ത യുക്തിയുടെ പേരിൽ
പങ്കുകൊള്ളാത്ത രക്തത്തെ ചൊല്ലി
എഴുതപ്പെടാത്ത നിയമപ്രകാരം
എന്നെ കുരുതിവച്ച ലോകമേ....
കുറിച്ചു വയ്ക്കപ്പെട്ടു കൊണ്ട്
സാക്ഷിയാവാൻ
ഞാൻ ഒരു കാലത്തിനോടും
വാഗ്ദാനം ചെയ്തിട്ടില്ല
പൊട്ടിച്ചിരിച്ചുടഞ്ഞു പോയ
മുഖംമൂടികളെല്ലാം എന്റേതാണ്.
കഴിഞ്ഞ പാപത്തിന്റെ ഫലനവുമേന്തി
കുനിഞ്ഞിരിക്കുന്ന നിഴലാണ് ഞാൻ
വേരുകളിൽ വിഷാദം പൂവിട്ട ഒരു മരം.
കാലുകൾ തമ്മിൽ
ഒരു ചങ്ങലയുടെ ദൂരം മാത്രം
ഇരുട്ടിൽ പകയുടെ വാൾത്തലയൊളിക്കുമ്പോൾ
കാലം എനിക്കെതിരെ തെളിവുകൾ നിരത്തുമ്പോൾ
തിരിച്ച് പോവാൻ വിടാതെ ബന്ധിച്ച്
ഞാൻ നോക്കിനിൽക്കേ...
പിടിച്ചടക്കലിന്റെയും തകർക്കലിന്റെയും
വിജയവുമായി
സുഹൃത്തേ...
നീ ചുവടുമാറിയത്
ശത്രുപാളയത്തിലേക്കോ

**ARCHANA V.** BSc Botany

# SOME FILMS, SOME THOUGHTS



A Mumbai is a once - in - a -decade marvel, a cause for real celebration. But 'Omkara', a wonderfully creative a depletion of Shakespeare, did not get the recognition it delserved. All over the world, the gap between true artistic merit and box-office success exists but the gap widens here as here we don't have an alternate distribution system. If this is the films (form bollywood) plight the regional films need no further deliberation. Aparna sen, Rituparno Ghosh and Jahnu Barua have all made films in Bengali, Hindi and English but they are confirmed to festival circuit and awards. The aim of a film is to reach the audience is flop here.



Hardly anyone know that Nandita Das won Best Actress prize for her lead role in Chitra Palekar's Marathi film "Maati Mai" at Sam Sebastian. Or that the Lincoln centre in New York has had retrospective of Adoor and Girish Karvalli a few years ago. We have many films like "Lagaan", "Rang De Basanti" But here, like of depth is seen in our mainstream cinema.



Raj Kapoor was our cultural ambassador to the erstwhile USSR and parts of Eastern Europe. It happened so, as we had the films which spoke socialistic agenda and optimistic propaganda, in the time of cold war and our pre-eminent place in the non-aligned movement. Now does this happen?

The "Monsoon Weddings" success put Meera Nair at the helm and she sensed the pulse of American audience and directed the film "The Namesate". The clever one wins everywhere.


Parallel cinema look out on the box office starts long ago. Now it is losing space to the commercial variety on the small screen too. Popular director Anil Sharma says "TV satellite channels do not show 'Shradhanjali'. They show what sells". His masterpiece was this. Major box office hits like "Rang de Basanti", "Lage Raho Munna Bhai", "Krish" and "Don" had a demand of 15 crore rupees while to channel is ready to push the envelope for serious cinema, Results? Parallel cinema is dying a second death. The classes like Shayam Benegal's 'Ankur', Kalpana Lajmi's 'Ek Pal' are not in channels whole they prefer box office duds like 'Raja ki Aayegi Barat' and 'Janani'.


Mahesh Bhatt says

"Economic rules films not art'. It is a bonanza for Telugu and Tamil hits dabbled into Malayalam, as young viewers get hooked on the glits and glammer of such films.

Here I wish to discuss on some contemporary films. Gandhis personal life opens for the first time on the silver screen with 'Gandhi My Father' directed by Feroz Abbas Khan. It deals with the turbulent relations between Gandhi and his eldest son, Harilal It portrays the conflict between aspirations of a son and the values of parents. Shaji N. Karun's documentary fiction 'AKG' recreats the life and times of a Charismatic leader of the people. 'Chak De India', a Shah Rukh Khan - starrer, that is based on hockey, the story of a living hocky player M.R. Neeji, who was the goalkeeper of National team conceded 7 goals in 1982 Asian games final. Retired very sadly came to inspire people of India.

'Arabikatha' directed by Lal Jose portrays Cuba Mukundan's life as a communist who is not ready to compromise on his principles even if those very same principle make him fell like a competed misfit at times. "Thaniye" a film by Babu Thiruvalla, which deals with the relationship between a lonely, elderly man and his home nurse.





'Sivaji the Bose' directed by Shanker was a box office hit, a Rajanikant film asks some sensitive question. "Hallo" in Malayalam was a hit. But a small story got scent of humor, in theatre. A Major Ravi film "Mission 90 Days" did well narrated from Rajiv Gandhi's murder.

Again there is a change. "Ramchand Paskistani" directed by Mehreen Jabbar a Pakistani depicts cultural exchanges between India and Pakistan. The films speciality is Nandita Das is in the team and it is a story of 'Two Nations posted for war. One family turn apart, as reads the tag lime for the film.

I feel, some rays of hope are visible. Here also optimism plays the role. I don't want to say anything about the clash between commercial and art film. But bridging the gap is important. Launch pad of ideas are mind of crafts man accomplished directors. We need some confidence booster to tap opportunities and should have the spirit to end the so called 'fairy fale' of parallel cinema is a lost.

**ABIN THOMAS, BSC. PHYSICS**




# ഭാവിയിൽ ഭാരതം

ഭാരതമെങ്ങും കലിയുഗനടനം
ഭാവിയിലും പരിതാപകരം
പരോപകാരം പോയ് മറഞ്ഞു
പാരിൽ മർത്ത്യന് പണമേ ശരണം

അക്രമവും കൊലപാതകവും
മോഷണവും സ്ത്രീപീഢനവും
മർത്ത്യൻ തന്നുടെ സിരകളിലെങ്ങും
നട്ടുവളർത്തിയ തൂക്കുമരം

ജാതികളും മതശൈലികളും
ഭാഷകളും പ്രത്യാശകളും
നിറയും ഭാരതമണ്ണിൽ മർത്ത്യന്
ബോധം മങ്ങിപ്പോയോ കഷ്ടം

നന്മകളെ ബലിയാടുകളാക്കി
തിന്മകളാകെ കളിയാടുന്നു
നല്ലവനെന്ന് നടിക്കും മർത്ത്യൻ
നരകവിചാരം തേടുകയല്ലോ



ശാസ്ത്രപുരോഗതിയാകുക ഭാരത-
മെങ്ങും നാശം വിതറുകയായ്
സ്വാർത്ഥ വികാരം കൊണ്ടിന്നവനുടെ
സൗഹൃദമെല്ലാം കുടുപിണഞ്ഞു

ഫാഷൻ പലവിധമുണ്ടിന്നവനുടെ
വേഷം പോലും കണ്ടാലതിശയം
ഭാരത സ്ത്രീയുടെ മേനിയിലണിയാൻ
ആകെയുണ്ടൊരു സ്തനകഞ്ചുകവും

ഭാവിയിൽ ഭാരതമെന്നൊരു സത്യം
കേട്ടാൽ ഞെട്ടിവിറയ്ക്കും ഹൃദയം
എങ്ങനെ കണ്ടില്ലെന്ന് നടിക്കും
കണ്ടാലോ മനമാകെ വിറയ്ക്കും

By **SHYAM GEETH C.S.**
B.A. Economics

# എം.എൻ. വിജയൻ

മനുഷ്യമനസ്സിന്റെ അടിസ്ഥാന ചിന്തകളെ സസൂക്ഷ്മം വിശകലനം ചെയ്ത് കേരളജനതയുടെ മനസ്സാക്ഷിയെ ഊറ്റം കൊള്ളിച്ച അസാധാരണ പ്രതിഭയായിരുന്നു പ്രൊഫ. എം.എൻ. വിജയൻ. 1930-ൽ കൊടുങ്ങല്ലൂരിൽ ജനിച്ചു. വിദ്യാഭ്യാസത്തിനു ശേഷം മദ്രാസ് ന്യൂ കോളേജിൽ അധ്യാപകനായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും, കണ്ണൂർ, തലശ്ശേരി ബ്രണ്ണൻ കോളേജിലും അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1985-ൽ ജോലിയിൽ നിന്നും വിരമിച്ചു.

സാമൂഹിക വീക്ഷണവും, ഫ്രോയിഡൻ മനഃശാസ്ത്രവും കൂട്ടിയിണക്കി പുതിയ രീതിയിലുള്ള ചിന്താഗതികൾക്ക് എം.എൻ. വിജയൻ രൂപം നൽകി. വർഗ്ഗീയതയ്ക്കും, ഫാസിസത്തിനും, ഫ്യൂഡലിസത്തിനുമെതിരെയുള്ള പോരാട്ടം വ്യത്യസ്ത രീതിയിലുള്ള വിശകലനങ്ങളിലൂടെയും, പ്രഭാഷണങ്ങളിലൂടെയും കേരളജനതയിലേക്ക് സന്നിവേശിപ്പിച്ച പ്രതിഭാധനനായിരുന്നു വിജയൻ മാഷ്. പാഠം മാസികയിലെ വിവാദപരാമർശം മൂലം പ്രസ്ഥാനത്തിൽ നിന്നും വളരെയധികം വിമർശനങ്ങൾ ഏൽക്കേണ്ടിവന്നുവെങ്കിലും എക്കാലത്തും ഇടതുപക്ഷ ചിന്താധാരയിൽ നിന്നും വ്യതിചലിയ്ക്കാൻ വിജയൻ മാഷിനു കഴിഞ്ഞിരുന്നില്ല. നാലാം ലോകവാദം എന്ന പുരോഗമന ചിന്തയെ പിന്തുണച്ചുവെന്ന പേരിൽ വളരെയധികം വിമർശനങ്ങളിലും, വിവാദങ്ങളിലും അകപ്പെട്ടു. എന്നും ചിന്തകളെ മുറുകെപ്പിടിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്ന വ്യക്തിത്വമായിരുന്നു മാഷിന്റേത്. സവർണ്ണമേധാവിത്വം എന്ന മനുഷ്യമനസ്സിന്റെ ഏറ്റവും ദുഷിച്ച വികാരത്തെ തന്റെ ലേഖനങ്ങളിലൂടെയും, പ്രഭാഷണങ്ങളിലൂടെയും ശക്തിയായി എതിർത്തു പോന്നിരുന്നു. എത്ര വലിയ പ്രതിബന്ധങ്ങളെയും ഒരു ചെറുപുഞ്ചിരിയോടെ അഭിമുഖീകരിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സാമൂഹിക രാഷ്ട്രീയ വിമർശനത്തനുപരി സാഹിത്യ നിരൂപണത്തിനും, സാഹിത്യ പ്രവർത്തനങ്ങളിലും അതീവ തൽപ്പരനായിരുന്നു വിജയൻ മാഷ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും സമൂഹത്തിലെ നിരാലംബർക്കും, നിസ്സഹായരായവർക്കും നീതി ലഭിക്കും വിധമായിരുന്നു. ആഗോളവത്ക്കരണത്തിന്റെ ദൂഷ്യഫലങ്ങളെ നിരന്തരമായി ജനങ്ങളിലെത്തിക്കുവാനും കഴിഞ്ഞു.

**ROBIN, BA Sociology**

# മറഞ്ഞുപോയ എൻ സ്വപ്നത്തിന്

ഒന്നും മിണ്ടാതെ ഏതോ
നിമിഷത്തിൻ നിശബ്ദതയിൽ
എന്നിലെ എന്നിലേക്കോടിയെത്തിയ
എൻ പ്രിയ സ്വപ്നമേ
വന്നതും നീ എന്നിൽ
നിന്നകത്തതും ഒരു
ഞൊടിയിടയുടെ നിമിഷ വേഗത്തിൽ.

ഒരു ഞൊടിയിടയിലാണെങ്കിലും
ഏതോ പാതിരാവിൽ നിഗൂ-
ഢതയിൽ വന്നു എൻ സ്വപ്നമേ
ഞാൻ പോലുമറിയാതെ എന്നിലെ
എന്നെ നീ വിളിച്ചുണർത്തി
കടന്നു പോയതെന്തിന്.
നീ വന്നതും നിറഞ്ഞതും
മനസിന്റെ മായാമഞ്ചലിലേക്കാണെങ്കിലും
അറിയാതെ എൻ മനമെന്നോടോതി
ആ സ്വപ്നമാം ശാലീനതയിൽ
എന്നും മയങ്ങിയിരുന്നെങ്കിലെന്ന്
ആ അനർഘമാം വേളയിൽ
അതിലലിഞ്ഞിരുന്നെങ്കിലെന്ന്.

നീ എന്നും എൻ ജീവിതയാത്രയിൽ
നിഴലായി, നിശ്വാസമായി, ജീവനായി
എന്നും എന്റെ സ്വന്തമായെങ്കിലെന്ന്
എല്ലാ ആശകളും മോഹങ്ങളും
നീയായിരുന്നെങ്കിലെന്ന്.

ആ സ്വപ്നമാം മാസ്മരികതയിൽ
എല്ലാം മറന്നു മയങ്ങവേ
ഏതോ അപ്രതീക്ഷിതമായ
വിളി സമ്മാനിച്ച ഞെട്ടലിൽ

തകരുന്ന പളുങ്കുപാത്രം പോലെ
തകർന്ന എൻ ഹൃദയ സ്വപ്നമേ
ആ നിമിഷത്തിൽ എന്നിലേ
ക്കോടിയെത്തിയ പുലരിയിൽ
എല്ലാം ഒരു മിഥ്യയായിരു
ന്നെന്ന് ഞാൻ തിരിച്ചറിഞ്ഞു.
ആ തിരിച്ചറിവിന്റെ നിമിഷത്തിൽ
എന്നിൽ നിന്നും അകന്നു
പോയ എൻ സ്വപ്നമേ
അകലുന്തോറും അതിനു മുമ്പിൽ
എന്നിൽ അണയുന്ന ദീപങ്ങളേ
എല്ലാറ്റിനും നിറഞ്ഞ മിഴിയോടും
വിങ്ങുന്ന മനസ്സോടും
മൂകസാക്ഷിയാകാനേ
എനിക്കു കഴിഞ്ഞുള്ളൂ.

ആ വേദനയിൽ, ആ പുലരി
പടർത്തിയ പ്രകാശത്തിന്റെ
പാരമ്യതയിൽ ഉരുകിയ
മഞ്ഞുതുള്ളിയായ് മാറിയ
എൻ പ്രിയ സ്വപ്നം
ഒരു കുഞ്ഞു ജലബാഷ്പം കണക്കേ
ആഴക്കടലിന്റെ അഗാധതയിൽ
അസ്തമന സൂര്യനെ പോൽ മറഞ്ഞു
നാളത്തെ പുലരിയിൽ വീണ്ടും
ഉദിച്ചുയരാമെന്ന പ്രതീക്ഷയോടെ.

**Aswathikutty N.A.**, BSc. Chemistry



# മ്യൂസിക് ക്ലബ്ബ് - റിപ്പോർട്ട്

കായൽക്കരയിലെ കാറ്റിന്റെ തലോടൽ പോലെ തന്നെ ഇമ്പമാർന്നതാണ് സേക്രട്ട് ഹാർട്ട് കോളേജിന്റെ സംഗീതവും....

2006-07 വർഷത്തെ സർഗ്ഗപഥത്തിന്റെ ഉദ്ഘാടനത്തിനൊപ്പം തന്നെ മ്യൂസിക്ക് ക്ലബിന്റെയും പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രശസ്ത സംഗീത സംവിധായകനും കോളേജിന്റെ തന്നെ പൂർവ്വ വിദ്യാർത്ഥിയും കൂടിയയായിരുന്ന 'ദീപക്ക്ദേവ്' ഭദ്രദീപം തെളിയിച്ചാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. 25 -ഓളം അംഗങ്ങളാണ് മ്യൂസിക്ക് ക്ലബിന്റെ സൗന്ദര്യം. 2006-07 വർഷത്തെ മ്യൂസിക്ക് ക്ലബിന്റെ ഭാരവാഹികൾ സോഷ്യോളജി ഡിപ്പാർട്ട്മെന്റിലെ ജോസ്പിറ്റവും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഗായത്രി വർമ്മയുമാണ്. വളർന്നു വരുന്ന അനേകം ഗായകരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പ്രചോദനം നൽകുകയും ചെയ്യുന്നത് മ്യൂസിക്ക് ക്ലബിന്റെ വലംകൈയായ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ഡോ. പി. ജെ. ഫിലിപ്പ് സാറാണ്. സർഗ്ഗപദം, ഹാർട്ടിഫെസ്, കോളേജ് ഡേ എന്നിവ പ്രതിഭകൾക്ക് തങ്ങളുടെ കഴിവു തെളിയിക്കുവാനുള്ള വേദിയായി മാറി. കൂടാതെ തന്നെ സംഗീതരംഗത്തെ ചിരഞ്ജീവികളായ ദേവരാജൻ മാഷിനെയും രവീന്ദ്രൻ മാഷിനെയും നൗഷാധിനെയും അനുസ്മരിച്ചു കൊണ്ട് അവർ രചിച്ചതും, സംഗീതാസംവിധാനം ചെയ്തതുമായ ചലച്ചിത്രഗാനങ്ങൾ ഉൾപ്പെടുത്തി മ്യൂസിക്ക് ക്ലബ് അവതരിപ്പിച്ച ഗാനമേള ശ്രദ്ധനേടി. അനർഘനിർഗളങ്ങളായ സംഗീതധാര ചൊരിഞ്ഞുകൊണ്ട് വിജയകരമായ യാത്ര തുടരുന്ന അനശ്വരതയുടെ സ്വരലയമാണ് മ്യൂസിക്ക് ക്ലബ്.

സേക്രട്ട് ഹാർട്ട് - കോളേജിന്റെ മ്യൂസിക്ക് ക്ലബിനു വേണ്ടി,
മ്യൂസിക്ക് ക്ലബ് അംഗം - **ശ്രീദേവി സി.വി.**
BA English Copy Editor

# 'ശ്രീവിദ്യ' (വ്യക്തിവിവരണം)

മലയാള സിനിമയുടെ മുഖശ്രീയായി മിന്നിനിന്നിരുന്ന മഹനീയ സാന്നിധ്യമായിരുന്നു ശ്രീവിദ്യ. സംഗീത വിദൂഷകനായിരുന്ന എം.എൽ. വസന്തകുമാരിയുടെയും കൃഷ്ണമൂർത്തിയുടെയും മകൾ. പതിമൂന്നാം വയസ്സിൽ അഭിനയ ജീവിതം ആരംഭിച്ച മഹതി. വിവിധ ഭാഷകളിലായി 850ലേറെ ചിത്രങ്ങളിൽ തന്റെ അഭിനയശേഷി തെളിയിച്ച മഹാപ്രതിഭ.

അഭിനയ സരസ്വതി എന്നു മലയാളത്തിൽ വിശേഷിക്കപ്പെട്ട ഏകനടി ശ്രീവിദ്യ മാത്രമാണ്. അഭിനയം കൊണ്ടു മാത്രമല്ല, ഭാരതീയ സൗന്ദര്യ സങ്കൽപ്പമനുസരിച്ച് അത്രയേറെ പണിക്കുറ തീർന്ന മറ്റൊരു മുഖവും ദക്ഷിണേന്ത്യൻ സ്ക്രീനിൽ തെളിഞ്ഞിട്ടില്ല. കണ്ണും, മൂക്കും, ചുണ്ടും, നെറ്റിയുമെല്ലാം കാളിദാസന്റെ സൗന്ദര്യസങ്കൽപ്പത്തിന് അനുരൂപമായിരുന്നു. ആകാരം കൊണ്ടും ശബ്ദം കൊണ്ടും അവരെ വെല്ലാൻ മറ്റൊരു നടിയുമില്ല. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി ചുണ്ടുകൾ കൊണ്ടാണ് അവർ അഭിനയിച്ചിരുന്നത്.

ചലച്ചിത്ര നിർമ്മാതാവായ ജോർജ്ജ് തോമസിനെ 1978ൽ വിവാഹം ചെയ്തു. വിവാഹ ജീവിതം വൻ പരാജയമായിരുനനു. 1999ൽ അവർ നിയമപരമായി വേർപിരിഞ്ഞു. ജീവിതത്തിന്റെ ആ പ്രതിസന്ധി ഘട്ടത്തിൽ അവർ പലപ്പോഴും നിലയറ്റി പിടഞ്ഞിട്ടുണ്ട്. ദൈവം കൊടുത്ത കുട്ടിത്തമുള്ള മുഖമായിരുന്നു ശ്രീവിദ്യയുടേത്. അമ്മായാവാൻ കഴിയാതെ പോയതാണ് അവരുടെ ഏറ്റവും വലിയ ദുഃഖം. സങ്കടം പോലെതന്നെ സഹയാത്രികയായിരുന്നു സംഗീതവും. പാടുവാനുള്ള കഴിവ് പാരമ്പര്യമായി ലഭിച്ചതും. നിരവധി ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

മലയാളത്തിൽ നിരവധി പുരസ്ക്കാരങ്ങൾ തേടിയെത്തിയിട്ടുണ്ട്. മലയാളത്തിനു പുറമെ അന്യഭാഷകളിലും അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 'ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച' എന്ന ചിത്രത്തിന് 1979ൽ മലയാളത്തിന്റെ മികച്ചനടിയ്ക്കായുള്ള പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

രോഗം തളർത്താത്ത നിശ്ചയദാർഢ്യമായിരുന്നു ശ്രീവിദ്യയുടേത്. മൂന്നുവർഷം മുൻപാണ് ശ്രീവിദ്യ തന്റെ രോഗം സ്തനാർബുദമാണെന്ന് അറിയുന്നത്. ഈ വിവരം അവരെ ആകെ തളർത്തി. സൗന്ദര്യവും മുടിയും നഷ്ടപ്പെടുന്ന രീതിയിൽ ഒരു ചികിത്സയും പാടില്ല എന്നവർ അഭ്യർത്ഥിച്ചിരുന്നു. മരണത്തെ സ്വീകരിക്കാൻ അവർ ഒരിക്കലും തയ്യാറായിരുന്നില്ല.

ശ്രീവിദ്യയുടെ വേർപാട് മലയാള സിനിമയുടെ മാത്രം നഷ്ടമല്ല. ഭാവാഭിനയത്തിൽ ഇത്രയും പ്രാഗത്ഭ്യം നേടിയ നടി ഇന്നേവരെ ഇന്ത്യൻ സിനിമയിൽ ഉണ്ടായിട്ടില്ല. ഡയലോഗില്ലാതെ ഇത്ര ശക്തമായി ഭാവപ്രകടനം നടത്താൻ കഴിവുള്ളവർ അപൂർവ്വമാണ്. ശ്രീവിദ്യ നടി, ഗായിക എന്നതിനപ്പുറം ഒരു നർത്തകികൂടിയാണ്. ചുരുക്കത്തിൽ ഒരു സകലകലാവല്ലഭയെയാണ് മലയാളസിനിമയ്ക്ക്, അല്ല ഇന്ത്യൻ സിനിമയ്ക്ക് നഷ്ടമായത്. `പകരക്കാരില്ലാത്ത തമ്പുരാട്ടി' ഓർമ്മകളിൽ മായാതെ, ഒരപൂർവ്വ നക്ഷത്രമായി എന്നെന്നും നിലനിൽക്കും തീർച്ച.

ആദരപൂർവ്വം

സേക്രട്ട് ഹാർട്ട് കോളേജിനുവേണ്ടി

**ശ്രീദേവി. സി.വി.**

BA English Copy Editor

# മഴമേഘങ്ങൾ



CHITRA S. BSc Chemistry

ഭൂമിതൻ മനസ്സായ് അലയുന്നു മാനത്ത്
എല്ലാമൊതുക്കിക്കൊണ്ടാകുവോളം വരെ
ഒന്നു വിതുമ്പുവാൻ തോന്നുന്ന നേരത്തോ
സസങ്കടം തൻ ഭൂമി മാടി വിളിക്കുമ്പൊഴോ
വേഴാമ്പലിൻ മൃത്യു വന്നണയുമ്പോഴോ...
സസ്നേഹം താഴേക്കു പെയ്തിറങ്ങുന്നവൾ.
മണ്ണു മറയ്ക്കുന്ന ഓരോ വികാരവും
മണ്ണിൻ സുഗന്ധത്തിലൂടെ പരത്തുന്നു
പിന്നെയും ബാക്കിയാം മണ്ണിന്റെ പുഞ്ചിരി
ആദ്യം കതിരിടും തുളസിയിൽ കാട്ടുന്നു.

എത്ര മുഹൂർത്തങ്ങൾ മഴമേഘങ്ങളിൽ
മണ്ണിന്റെ ഭാവങ്ങളുൾക്കൊണ്ടുകൊണ്ടവൾ
കരയാറുണ്ട്, ചിരിക്കാറുമുണ്ട്
അന്നേരമുയരുന്ന മണ്ണിന്റെ സൗരഭം
തൊട്ടറിഞ്ഞീടുന്ന ഓരോ മനസ്സിലും
ഒരു കുഞ്ഞുപാട്ടു കുറിക്കുന്നു.

അവൾ പ്രണയിക്കുന്ന പച്ചപ്പതൊക്കെയും
വെട്ടിച്ചുരുക്കുന്നതിൽ മോഹഭംഗവും
ഓരോ ഋതുക്കളും തന്നിട്ടു പോവുന്ന
നോവലും ഇഷ്ടവും അടങ്ങുന്ന കന്യതൻ
മിഴിനീരിൻ ചെറുചൂട് ഭൂമിയിലെത്തുമ്പോൾ
വല്ലാത്ത കുളിരായി മാറുന്നിതദ്ഭുതം.

അവളൊന്നു തേങ്ങിയാൽ മാനത്തു പിന്നെയും
കാർകൊണ്ടലില്ല വിഷാദമില്ല
പെയ്തൊഴിഞ്ഞൊരു മനസ്സിൻ വിശുദ്ധിയിൽ
ഒരു കുഞ്ഞു വെയിലായ് തെളിയുന്നു
കരയലും ചിരിക്കലും ഭൂമിതൻ മാറിലേ-
ക്കൊന്നു പെയ്തീടാൻ കൊതിക്കുന്നു.
പഴുപഴുത്തോരു മാമ്പഴം വീഴുമ്പോൾ
നിർവൃതിയാലങ്ങു പെയ്യുന്നു.

ആദ്യമാ മണ്ണിന്റെ മാറിൽപ്പതിയുവാൻ
പച്ചപ്പിനൊക്കെ കുളിരു കൊടുക്കുവാൻ
വേഴാമ്പലിൻ ജീവതീർത്ഥമായ് മാറുവാൻ
മണ്ണിന്റെയെല്ലാ മുൾക്കൊണ്ട് പെയ്യുവാൻ....
ഒരു മഴയായ് മാറാൻ കൊതിച്ചു നീ.

വല്ലാത്ത കുളിരേകി കാറ്റു വീശവേ
ഒഴുകുന്നു പിന്നെയും മറ്റൊരിടത്തേക്ക്
അവിടെയും പ്രണയമാം പച്ചപ്പു കാണാതെ
ഒഴുകുന്നവൾ മാനമൊട്ടാകെയും
നല്ലോരു പച്ചപ്പടർപ്പൊന്നു കാണുവാൻ
ഉള്ളിലൊരിഷ്ടവും കാത്തിടുന്നു.

# മണ്ണ്



അനാദിയാം പ്രപഞ്ചത്തിലൊ-
രാദിസ്പന്ദനവുമായെത്തീയി
മണ്ണെനിക്കേകീ നിശ്വാസവായു
ഇതുപോലെയെത്ര കുരുന്നുകൾക്കേകീ
ജീവശ്വാസമീ പ്രാണഹേതു
മണ്ണിന്റെ മക്കളേയീമണ്ണിന്നുറ്റ
തോഴരാണു നിങ്ങൾ
മണ്ണിന്റെ മാറിലെ നിധി തേടി
നിങ്ങളീ മണ്ണിന്നാഴങ്ങളെത്തിടുന്നു.

എത്ര വസന്തകാലങ്ങളെത്ര ശരത്-
കാലമെത്ര ആലിൻ കായ് പെറുക്കി നീ
എത്ര നൂറ്റാണ്ടുകളതിലെത്ര
രണഭേരി കേട്ടെത്ര നിശ്വാസമേകീ നീ
അവതാര ദശങ്ങൾ തൻ പാദാംബുജ
സ്പൃഷ്ടിയാൽ ധന്യയായ്ത്തീർന്നു നീ
ഗംഗതൻ പീയൂഷ കുംഭം തൻ
കൈകളിൽ പേറുമൊരു സ്നേഹധാര

പഞ്ചഭൂതങ്ങളിലൊന്നാം വസുധയുമീ സലിലവും
ചങ്ങാതിമാരെന്നു നിനയ്ക്കിൽ
ചുട്ടു പഴുത്ത മണ്ണിന്റെ ഉദന്യയകറ്റുവാൻ
ദാഹനീരേകീ മഴ
വിത്തുകളെല്ലാം വൻ മരമായ് മാറ്റി
ആശ്വാസച്ചോലയായ് എന്നുമീയമ്മ.
ഉരസ്സിൽ തനൂജർ തൻ ഭാരമേറ്റി-
ടുമ്പോഴും ആ ഭാരവുമൊരു
പേറ്റുനോവായിക്കരുതി
ആനന്ദാശ്രു ചൊരിഞ്ഞിടുന്നൂ ദേവീ
മക്കളോ നിസ്ത്രപം അമ്മ തൻ
മാറിലേക്കാഞ്ഞു ചവിട്ടി
അമ്മിഞ്ഞ നൽകി താരാട്ടുപാടിയ
പ്രിയ ധാത്രിതൻ ശവമഞ്ചമൊരുക്കുന്നു.

പിന്നെയുമംബേ നിൻ കണ്ണിണകളിലൊഴുകുമീ
അശ്രുരുധിരങ്ങളിതാർക്കു വേണ്ടീ?

**CHITHRA.S** BSc Chemistry

# നുറുങ്ങക്ഷരങ്ങളിൽ ചിന്തയുടെ

# മൊഴിമുത്തുകൾ.....



നെറ്റിയിൽ നിന്ന് പടർന്ന് കയറിയ കഷണ്ടി... കട്ടി ഫ്രെയിമിൽ സോഡാകുപ്പിയുടെ മൂട് പൊട്ടിച്ചുവെച്ച പോലെയുള്ള കണ്ണട, രോമനിബദ്ധമായ ചെവികൾ, കുറ്റിരോമങ്ങൾ വാരിച്ചൂടിയ മുഖം, പരുക്കൻശബ്ദം, കഷ്ടിച്ചു നാലടിപ്പൊക്കം, കോളറില്ലാത്ത അയഞ്ഞ മുറിക്കുപ്പായം..... മുട്ടിനു തൊട്ടുതാഴെ വെച്ചുടുത്ത മുണ്ട്, എന്നു കൂടി പറഞ്ഞാൽ മേൽപ്പറഞ്ഞത് ആരെപ്പറ്റിയാണെന്ന് അറിയാത്ത ഒറ്റക്കുഞ്ഞു പോലും ഭൂമി മലയാളത്തിൽ കാണില്ല.

അതെ, കുട്ടികളുടെ പ്രിയങ്കരനായ കവി 'കുഞ്ഞുണ്ണി' ലളിതമായ വാക്കുകളിൽ ശക്തമായ ജീവിതദർശനങ്ങൾ വരച്ചുവെച്ച മലയാളത്തിന്റെ സ്വന്തം കുഞ്ഞുണ്ണി മാഷ്. 1927 മെയ് 10-ാം തീയതി, തൃശ്ശൂർ ജില്ലയിലെ വലപ്പാട്, ശ്രീഞായപ്പിള്ളി ഇല്ലത്ത് നീലകണ്ഠൻ മൂസ്സതിന്റെയും അതിയാരത്ത് നാരായണിയമ്മയുടെയും അഞ്ച് മക്കളിൽ നാലാമനായി ജനിച്ചു.

പാലക്കാട് ഗവൺമെന്റ് ട്രെയിനിങ്ങ് സ്കൂളിൽ നിന്ന് ടി.ടി.സി. പാസ്സായ ശേഷം അധ്യാപക ജീവിതം ആരംഭിച്ചു. കോഴിക്കോട് രാമകൃഷ്ണ മിഷൻ ഹൈസ്ക്കൂളിൽ ദീർഘകാലം അധ്യാപകനായി സേവനമനുഷ്ഠിച്ച ശേഷം അദ്ദേഹം 1982ൽ വിരമിച്ചു.

ദീർഘകാലം അധ്യാപകവൃത്തിയിലിരുന്ന മാഷിന്റെ ചിന്തകൾ എല്ലാ മേഖലയിലേക്കും ആഴ്ന്നിറങ്ങി ചിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. എങ്കിലും പള്ളിക്കൂടവും പഠനവും പഠനരീതികളും ആണ് അദ്ദേഹത്തിന്റെ ചിന്തകൾക്ക് നിരന്തരം പാത്രീഭവിച്ചിരിക്കുന്നത്. കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗം ആയിട്ടും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

നർമബോധം തുളുമ്പുന്ന ലഘുകവിതകളും വാങ്മയരേഖാചിത്രങ്ങളും ആപ്തവാക്യതുല്യമായ ഈരടികളും കുട്ടിക്കവിതകളും ചമച്ചുകൊണ്ടിരുന്ന കുഞ്ഞുണ്ണി അവിവാഹിതനായിരുന്നു. കവിതയെ മാത്രം കാമിനിയാക്കിയ കവി തന്റെ മനസ്സിലിരുപ്പ് ഇങ്ങനെ വെളിവാക്കി:

'ജീവിതം മറ്റൊരാൾക്ക് പകുക്കാൻ തികയാഞ്ഞ്, ഞാനെന്നെത്തന്നെ വേളികഴിച്ചുകൂടീടുന്നു.'

സ്വന്തം അഭിരുചികൾക്കൊത്തു മാത്രമേ ജീവിക്കാവൂ എന്ന് കുഞ്ഞുണ്ണി മാഷ് എന്നും ഓർമിപ്പിച്ചു.

'ഞാനെന്നിലുറങ്ങുന്നു, ഞാനെന്നിലുണരുന്നു' എന്നും

'എന്നിലൂടെ നടക്കാനേ എന്റെ കാലിനറിഞ്ഞൂടു' എന്നും അദ്ദേഹം പാടിയിട്ടുണ്ട്.

'പൊക്കമില്ലാത്തതാണെന്റെ പൊക്കം' എന്ന എളിമ എന്നും ജീവിതത്തിലും കവിതയിലും അദ്ദേഹം നിലനിർത്തി.

എല്ലാ കവിതകളും ഓരോ വെളിപാടുകളാണെന്ന വസ്തുതയെ കുഞ്ഞുണ്ണിയുടെ കൊച്ചുവരികൾ പോലും ശരിവെക്കുന്നു.

"ഇത്തിരിയേയുള്ളു ഞാൻ എനിക്കു പറയുവാനിത്തിരിയേ വിഷയമുള്ള അതു പറയാനിത്തിരിയേ വാക്കും വേണ്ടു.........."

ഈ കവിത ആത്മസത്തയെ വെളിവാക്കുന്നു. ഇത്തിരി വാക്കേ അദ്ദേഹം ഉപയോഗിച്ചിട്ടുള്ളു. ഇത്തിരിയേ പറഞ്ഞിട്ടുള്ളു. പക്ഷേ അതുയർത്തുന്ന ആശയത്തിരമാലകളുടെ അലയൊലികൾ അവസാനിക്കുന്നില്ല.

കുഞ്ഞുകാര്യങ്ങളിലെ വലിയ സത്യങ്ങൾ ചെറിയ വാക്കുകളിലൂടെ അദ്ദേഹം വെളിവാക്കിത്തന്നു.

'അറിവുറവയാണെന്നും എഴുതുന്നതല്ലെഴുന്നതാണെഴുത്തെ'ന്നും മലയാളികൾ അങ്ങനെ മനസ്സിലാക്കി. വലിയ കാര്യങ്ങൾക്കു പിന്നാലെ മാത്രം പോകുന്നവരെ,

'ഒരു കൊതുവുണ്ടതാ മൂളിവരുന്നു, അതിനുപിന്നിലൊരാനയുമുണ്ടെന്ന് തോന്നുന്നു' എന്ന് പരിഹസിച്ചു.

വാക്കുകൾക്കു മുറിവുപറ്റാതെ വാക്കുകളെ ചതിയിൽപ്പെടുത്താതെ മൗനത്തിൽ നിന്ന് തോറ്റിയെടുത്ത കുഞ്ഞുണ്ണിയുടെ കവിതകൾ മലയാളഭാഷയുടെ മുത്തുകളാണ്. പദങ്ങളെ അടർത്തിയും വിടർത്തിയും അദ്ദേഹം ഭാഷയ്ക്കുള്ളിൽ ഭാഷ സൃഷ്ടിച്ചു.

മലയാളത്തിന്റെ നന്മയെപ്പെറ്റ കുഞ്ഞുണ്ണി വിനയപൂർവ്വമായ ധിക്കാരത്തിന്റെ കവിയായിരുന്നു. കുഞ്ഞുണ്ണിക്കവിതകൾ നമ്മുടെ ഭാഷയുടെ വിശുദ്ധിയേയും സത്യസന്ധതയേയും വിളിച്ചറിയിക്കുന്നു. വികാരത്തിനും വിചാരത്തിനും അപ്പുറത്ത് മനുഷ്യബോധത്തിന്റെ അടിത്തട്ടിൽ കുടികൊള്ളുന്ന നർമഭാവത്തെ ആവാഹിച്ച് പുതിയ അർത്ഥമാനങ്ങൾ നൽകിയ കുഞ്ഞുണ്ണിക്കവിതകൾ മലയാളത്തിന്റെ ചേതസ്സാണ്.

കുഞ്ഞുണ്ണിയുടെ കവിതകൾ, കവിത, രാഷ്ട്രീയം. കടങ്കഥകൾ, വിത്തും മുത്തും, കുറ്റിപ്പെൻസിൽ (ചെറുകഥ), ഊണുതൊട്ട് ഉറക്കം വരെ, കുഞ്ഞുണ്ണിക്കവിതകൾ (സമ്പൂർണ്ണ സമാഹാരം), ചെറിയകുട്ടിക്കവിതകൾ, വലിയ കുട്ടിക്കവിതകൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ ബാലസാഹിത്യ പുരസ്ക്കാരത്തിന് (അക്ഷരത്തെറ്റ് - 1977) അദ്ദേഹം അർഹനായിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ കവിതാ പുരസ്ക്കാരം (1987), ഖത്തർ സൗഹൃദ വേദി പുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.

മലയാള ഭാഷയെയും മലയാളിത്തത്തെയും ഏറെ സ്നേഹിക്കുന്ന ഈ കവിയുടെ അക്ഷരകേളി ഒത്തിരി ദർശനവും, ഒത്തിരി നേരംപോക്കും അനുവാചകന് പകർന്നു നൽകുന്നു. വിദ്യാഭ്യാസ വിഷയകമായും അല്ലാതെയും അദ്ദേഹം മൊഴിഞ്ഞിട്ട മുത്തുകൾ സവിശേഷ പഠനം അർഹിക്കുന്നവയാണ്.

പക്ഷെ ഇന്ന് കുഞ്ഞുണ്ണിമാഷ് നമുക്കിടയിലില്ല. 2006 മാർച്ച് 26-ാം തീയതിയിലെ ആ മദ്ധ്യാഹ്നം നമുക്കിടയിൽ നിന്നും അദ്ദേഹത്തെ അപഹരിച്ച് കടന്നു പോയി. എന്തും പെട്ടെന്ന് മറന്നു ശീലമുള്ള ആധുനിക മലയാളിയിൽ നിന്ന് മാഷ് അകന്നു കൊണ്ടിരിക്കുകയാണ്. നഷ്ടം നമുക്കു തന്നെ. ഈ അകൽച്ച മലയാളിയുടെ സാംസ്കാരികാധഃപതനത്തിന്റെ ആഴം കൂട്ടുന്നു. ജീവിത ദുരന്തങ്ങളുടെ ഇരുളിൽ തപ്പിത്തടയുമ്പോഴും പാശ്ചാത്യ സംസ്ക്കാരത്തെ അന്ധമായി അനുകരിക്കാൻ ശ്രമിക്കുന്നതിലൂടെ വഴിതെറ്റിപ്പോകുന്ന ജീവിതത്തോണിക്ക് എന്നും ഒരു വഴിവിളക്കായിരിക്കും അദ്ദേഹത്തിന്റെ ചിന്തകൾ.

വാക്കുകൾ കൊണ്ടും വരികൾകൊണ്ടും മലയാളത്തെ ധന്യമാക്കിയ ആ ചെറിയ, വലിയ കവിയുടെ ഓർമ്മയ്ക്കു മുന്നിൽ പ്രണാമങ്ങൾ അർപ്പിച്ചു കൊള്ളുന്നു.

**SARIKA K.S.**
Bsc Zoology

# മൂന്നു കവിതകൾ

രമ്യ രാജ്
BSc Chemistry



## ചിറകുള്ള സ്വപ്നങ്ങളോട്

ചിറകുള്ള സ്വപ്നങ്ങളോട്,
പാറിപറന്നു തളർന്നു കുഴയുമ്പോൾ
വരികയെൻ മനസ്സാം തണൽമരത്തിലേക്ക്
ഉരുകുന്ന ചൂടിനാൽ പുളയും നിങ്ങളുടെ
മിഴികളിലൊത്തിരി നനവു പടർത്താനായി
ഒഴുകട്ടെ എന്റെ ജീവാമൃതം നിങ്ങളിലേക്ക്!

## മഴ

വരണ്ട മണ്ണിന്റെ അസ്ഥികളിലൂടെ
ഒഴുകുന്ന വിയർപ്പായ്
താളം തെറ്റുന്ന മനസ്സുകളുടെ
സ്വപ്നങ്ങളിൽ സാന്ത്വനമായ്
പെയ്യുകയാണ് മഴ!
നൊമ്പരത്തിൻ ഭാവമാർന്ന്

## ദുഃഖം

നിഴലിലലിയുന്നു നിലാവിന്റെ നൊമ്പരം
രാത്രിയുടെ മാറിൽ അലിഞ്ഞു നീറവേ
പുഞ്ചിരിയിലൊളിക്കുന്നു കണ്ണീരിന്റെ ദുഃഖം
വിടരുന്ന പൂവിലെ ഹിമകണം പോലെ

# ഇവരെ തിരിച്ചറിയൂ

ഇരുട്ടിന്റെ മറവിൽ.........
ദൈവത്തിന്റെ വായ മൂടി വച്ച്....
അവർ ഒളിച്ചിരിപ്പുണ്ട്.

ഗുജറാത്തിൽ സ്ത്രീകളുടെ വയറുപിളർന്ന്
പിഞ്ചു ഭ്രൂണത്തെ ത്രിശൂലത്തിൽ
കോർത്തവർ....

ഒറീസ്സയിൽ സ്വന്തം സഹോദരങ്ങൾ
വെന്തു മരിച്ചപ്പോൾ ശബ്ദം നിലച്ച് വിദ്യാഭ്യാസ
കച്ചവടത്തിനു പിറകേ പോയവർ...

തീവ്രവാദമെന്ന വിഷം പുരണ്ട അഗ്നി
പുതു തലമുറയ്ക്ക് പകർന്നു കൊടുത്തവർ......

ഈ മതഭ്രാന്തന്മാരെ തിരിച്ചറിയൂ....
തുറുങ്കിലടയ്ക്കൂ....

HARISANKAR V.G., B.A. English.

# Welcome Rain!



*Chit -chat! Rain drop! Drumming on my roof top!*
*Come on, you rain! Pour down in a heavy stream*


*Come and chase away all the sweat,*
*And be always so gay and sweet!*
*Bring along your chill,*
*To make us feel your thrill!*

*Drinch the pores of dry land!*
*Quench our thirst by your hand!*
*Keep us always rich with water,*
*And make this poor world prosper!*

*Come and change this trying climate!*
*Come and be my jelly play mate!*
*Your arrival make us all*
*Relaxed, happy and relieved!*

**ARIF BASKER -** BSc Zoology

# Dear Friend...



I am worried I do not know whether my
fears have a base

But I tend to imagine my worst and frighten myself

At times, without even noticing it,

I find myself tense and self-absorbed,
full of fearful fantasies

At other times, I tell myself I worry too much
I fear that others will not understand or like me
If I tell them what is really on my mind
My words sound foolish even to myself, as I try explaining

Dear friend, you know everything about me
before I even say it,

You know my inmost secrets, my deepest needs

And the very source of my worry.


And U know fully well how I hurt myself.

With U at my side, I am going 2 look
at my worries,

For my time is too precious, And my life too short
to be spent - to be wasted - on worry.

**SANJU T.,** BA Sociology

# *The moan of a Lonely bird.......!*



She is a lonely bird,
a bird with huge gaudy wings,
But, Never tested heights!
Yes, she is a bird of failure!

She is weak and exhausted,
she has become dumb and deaf,
She is all a love and lonely,
though sub merged in vast relations!

Tear are like oceans in her eyes,
Never it ends nor it vapors,
Eyes are like huge pits on her, which
deepens as tears of sand rushes out of them!

Yes, she is a lovely bird,
Who love to fly to her wisdom
She nurtures respect and desire of hers
But, Alaas! she often fall from heights!

No one knows what her fortune would be,
Neither do she think, can build it up,
Let, almighty give her the power and strength,
So that she would atleast bliss to the world till her fall!!

**PRADANYA**, BSc Zoology

# നിന്നെയും കാത്ത്

ക്യാമ്പസിന്റെ ഇടനാഴിയിൽ വച്ച് നീ എനിക്ക് സമ്മാനിച്ച മായാത്ത പുഞ്ചിരി.......... നീ നടന്നകന്ന വഴിയിലെ കാൽപാടുകൾ..... എല്ലാം ഞാൻ എന്റെ ഹൃദയത്തിലാണ് സൂക്ഷിച്ചത്. പിന്നൊരിക്കൽ നീ എന്നെ വെറുപ്പോടെ നോക്കി; മന്ദഹാസങ്ങൾ വിഷാദത്തിന് വഴി മാറി. ഏതിനെന്ന് എന്തിനെന്ന് എനിക്ക് അറിയില്ല. നനുത്ത മഴയുള്ള ഒരു ദിവസം നിന്നെയും കാത്ത് ഞാൻ നിന്നു. കൂട്ടുകാർ എന്നെ കളിയാക്കി; നീ വരികയില്ലെന്ന് എന്നോട് കളിയാക്കി; നീ വരികയില്ലെന്ന് എന്നോട് പറഞ്ഞു. എങ്കിലും നിനക്കായ് ഞാൻ കാത്തു നിന്നു. നീ വന്നില്ല..... എന്നും നീ എന്റെ മനസ്സിന്റെ നൈരാശ്യമാണ്.

MIDHUN. E.S. B.A. Sociology

# A DARK LEAP TO A SMART WORLD....!

Do you pals believe in a smart world ahead? A world where you could obviate all your tears and troubles and fly towards the luscious bliss of life? A great 'No!' will be the answer which I firmly believe would come from you. But have you ever pondered upon these questions in your mind ?

The simple word 'smart' (infact, more precisely I'd put smart city) have become a vogue word in an IT progressing nation like India and today its been frequently used in our own small state. This 'gods own country' have attained fame through its cent percent literacy rate and in near future, adding golden feathers to its crown would be the 100% technically savvy Keralites working all 24 hours just for those glittering American dollars!!

Now, you might be wondering why this 21st centurian youth like me protest against the technical developments progressing in our country or the state? No, my friends! I'am not at all going behind our age old megalomaniac politicians, who just for the sake of creating problems and issued look through such developments. In fact, I'am pointing towards the 'stark reality' we are facing and would be facing in our near future. Progress and developments, may it be social, economic, political, technical or anything else is an inevitable requirement for the sustenance of a developing nation like ours. But the point which has been brewing in my mind is that, 'are we going through the right path in attaining this freight goal for the future?

In the midst of celebration of 60 years of our political independence, a strong introspection is necessary. This would surely reveal us the fact that, in our ruffle to lure power, pride and money, we have greatbed away the privileges and pleasures that was to be shared and enjoyed by the downtrodden majority of the society. Yah, I'am pointing to those helpless middle class ones, who can neither afford to pay for the luxurious growth of the city more can they moan due to the contraints imposed on them by the 'well-wishes' of society. This gruesome dilemmatic plight of the majority residing here, is the 'stark reality' that I was pointing to. Keeping this in mind can we imagine a bright, smart world ahead with all prosperity in its plenitude? Of course No, and Never!

None of us can distain from putting hands to bring up a uniform development, where all; including the rich and the poor are all benefited though not in full uniformity. Here, I suggest an overall development rather than just going behind the technical beneficiaries. The irresistible tide of globalisation have imposed upon us the necessity to invite foreign investments and technology. But, are we not aware of the jeopardy ahead if me solely go behind just these kinds of developments and keeping aside all other sectors! The three most important sectors namely political, economic and social are all interconnected and there cannot be sustained progress in one field without corresponding progress in other two.

Now, taking our state into consideration, Kerala is endowed with rich lush green vegetation and an ideal spot for carrying out the practice of agriculture and its related activities. But day by day, the number of people

presevering in this field is decreasing in fast number. Do you think its only because, they are getting lured towards the financial benefits of industrial sector? Not really! A majority of them have left their real instinct of being close to mud and soil and have been forced to give up, as they are seen inferior to all other sections in society. And, thanks to those great politicians who shed their 'crowdile tearers', when each year hundreds of poor farmers end up their life into the mouth of huge bank debts. And, they say, 'its all a part of game!'

Today, it has become hard task for a small earned family to go in pace with the developments occurring in a city, as the benefits acquired by the progressing city goes undirectionally to the hands of `wealthy'. Thus, it is obvious that a democracy that does not deliver good and effective governance to the advantage of those who are at the bottom of the income pyramid has long way to go! In fact, in India a third of us line on Rs. 20 a day! And, do you think they have anything to celebrate when a minority of 'intellects' keep boasting upon an upcoming IT revolution or something else?

Let me now divert your attention to the most demanding and fast growing education sector. Though Kerala have succeeded (as 'they' say) in this field, India as whole have failed to meet the universal elementary education targets and infact, is bestowed with large number of illiterates! Here, it is not a question of lack of resources, financial or human, it is purely a question of lack of will on the part of government and the rest of the society especially on the part of literate. According to UNESCO report India has the highest rate of teacher absenteeism.

Thus, the dream of a smart world ahead for a nation like India would be successfulness by widening our vision on the concept of development. We can truly say that we are progressing through the right path, only when no Indian goes to sleep hungry; when every Indian can loud a life of dignity, free from poverty, ignorance and ill health. So, apart from leaving in an age dominated by the west, me should "seek our own outermost" - not merely drift along with the tide or half-heartedly catch a wave and wash ashore. I mean :

"One should choose to act................

rather than procrastinate"

Today, we often speak of an interconnected, interdependent, shrinking world or a global village; where you have huge opportunities to progress. But what goes under the name of this globalisatiion is infact dependence in one direction and domination in opposite direction.

We, the youth should clearly understand what progress is (I mean, its not just technical developments!) and by leaps and bounds attain the goal of a smart world ahead, through a brighter leap and not a 'Darker' one!

**SARIKA. K.S.**
BSc Zoology

# NCC NAVAL WING REPORT

The year 2006 was almost a golden era in the history of Naval NCC of S.H. College. The year started in a strong note.

First achievement of S.H. College NAVAL NCC in the year 2006-07 was being the runner up in the inter collegiate pulling competition held at Naval base in June. The college team comprised of Cadet Ajesh T.R (second year BSC Physics), Cadet Nirmal (second Bcom), cadet Prince (second BCA), Sibil Bhasi (second Zoology), Lieutenant Cadet Krishnaraj K.K (second BSc Botany).

Due to the excellent performance of our cadets, two of the five cadets Ajesh and cadet Nirmal were related to represent Ernakulam group [7(K)Naval unit] at the All Kerala level or the intergroup level where 5 groups participate in it.

S.H.College again proved their capability by participating in the Independence Day parade team and winning the G.D. Parade trophy for the first time for 7(K) Naval unit NCC.

In the month of september there was an A.T.C camp conducted in Naval Base. 20 cadets including two senior cadets participated in the camp. Meanwhile in the month of October on the occassion of Gandhi Jayanthi (October 2nd) the Naval NCCcadets of college celebrated the 2nd Anniversary of 'PARADIGM' , Social service program. 3 cadets from our College went for All India Nausainik Camp held at Vishakapattanam.

**Josephine Varghese**
II BSc Physics
Class No: 1425

# ADDICTION

It was in every cell of hers .............. She could feel it deep down .............. She realised - She was addicted !

She was a very shrewd girl - never thought this would happen to her - by no chance ! Many a time she could resist temptation .......... but this time, surrender was unavailable. It did happen to her too.

She took out the novel she was reading .............. kept reading until she was about to turn a page when she discovered she hadn't followed even one sentence-her mind was somewhere else.............

Shut the book and lay on her bed ............. tried to sleep ............. no use ............. kept remembering about it ............. decided to listen to music.

Music revived her. She got up and danced ............. better than ever before ............. her energy and emotions were running high ............. movements graceful and empharises. She kept dancing until she could do nothing but rest.

Dumped her body onto her bed. Her mind was still somewhere else ! Even this time she couldn't sleep ............. she kept thinking about it. 'It' was so beautiful-she lived in the memories of 'it'- HER LOVE !

Her heart started thumping hard when she heard the phone ring. Yes, it was him ! ! His voice quenched her soul's thirst salvation was attained at last ! She could sleep now ............. slept ............. with his voice resounding in her head - "I LOVE YOU !"


# HOW TO MEASURE THE EARTH USING A STICK

When one hears the word 'Science', a more particularly 'Physics', what comes to mind, for most people, are arcane mathematical equations, abstract and cold often incomprehensible to all but a few genious. This is true enough when it comes to thefrontiers of physics as being too tough to ... is an extremely unfortunate result of our pedagogical methods. As I propose to show the reader, through a story, physics can often be simple, So as to be understandable by any schoolkid, yet profoundly degant]] and beautiful.

Our story is set in ancient Eggpt, around 2200 years ago. Alexandria was the capital city and understandly, the centre of knowledge as well. Because it housed the Great Library of Alexandria. It was the custom of Eggptians to ]] all books which were present in the boats used to carry goods from distant shores , as they had trade links with all the other major civilizations of the time. They then copied the books and returned them. Thus the Great Library became the storehouse for knowledge from all over the world.

The position of Librarian of such a prestigious library, was held by a worthy man, by the name of Erathosthenes. This man was a historian, geographer, mathematician, poet, literary critic and a cartigrapher. Clearly, he was a genius of his time. Once, he read about somthing interesting in a book he found in the library.

Therewas a city by the name of Syene, some distance to the South of Alexandria.



Apparently, every year, at exactly noon, on june 21, one could see the image of the sum if one looked inside a well. Now, why does this happen and what is the specially of this particular date?

This Phenomenon, Erathosthenes resened, happend because the sun was directly overhead at Syene. But he also observed that it did not happen over at Alexandria, and that sticks cast shadow . at the appointed time and date. This could o..ly happen if the earth wasn't flat. Thus, he no had concrete evidence that the earth could be  erical, to back up the hunches that others of his time had.

It so happens that for places lying along the 'Tropic of Cancer', the sun is exactly overhead at noon on June 21, the day of 'summer solstice'. And syne lies on the 'Tropic of Cancer.

Most other people would be content to note this rather remarkable fact (that while sticks cast no shadows at one place, but do cast shadown at another place) and just let it go. But Erathosthees, saw in this, an opportunity to do what no one else had done before. To measure the earth....using a stick.

He planted a stick and observed its shadow, at noon,on June 21, at Alexandria. From this, he could measure the angle 'o'. Now, it the radial lines from Alexandria and Syene are extended to the centre of the earth, it turns out that they subtend the same angle 'o'. Thus, the anuglar distance between them, was measured to be $7.2^0$.

The whole of the earth, of course, subtends an angle of $360^0$ at the centre. The measured angle, $7.2^0$ is 1/50 th of $360^0$.

If one measured the distance between there two cities, then that would also be 1/50 th of the circumstance of the earth. The distance, was 5000 stade, stade being a unit used in those days, approximately equal to 157m. Thus, 500m ...80 km.

Hence, the circumference of he earth is 50x800 = 40,000 km. Astonishingly, the modern value for this is 40,100 km! Erathosthenes , had found a value within 100 km of the true value, an insignificant error!

This simple example shows the power of the scientific method. The only piece of apparatus used was a stick and the only measurement made, were a few distances. The reuslt: the circumference and hence, the radius of the earth was measured!

Find an interesting observation throw in a bit of simple, straightproved logic and the result is astonishing. Yes, it's absolutely true that there are things in this vast cosmos that we have no clue about. Yes it's also possible that science, will never perhaps be able to penetrate the deposit mysteries, and unshroud the truth behind the riddle that the universe is,. But, to sit back and give up trying is unworthy of a person with a true scientific attitude. As this story has shown, a little bit of logic can go a long way in aiding man's understanding of the universe.

To gain a true understanding of Erathosthene's achievement, keep in mind that as late as the 16th century, the Catholic church burnt people at the stake for heresy, for arguing that the earth went around the sun. Yet, here we have someone, who, 2200 years ago, not only had conclusive evidence that the earth did go around the sun, (& was spherical), but also measured its radius, using a stick!

Thus, science is not all about hight tech equipments and abstrac mathematics. Ultimately, it is about observation and logical analysis of the beautiful and varied phenomena that nature so generously spread out before us.

**NITHYANAND. N. RAO**
BSc Physics

# പിരിച്ചെഴുത്ത്

തലയോട് എന്തുതരം ഓടാണ്?
പുരമേയാൻ കൊള്ളുമോ?
എങ്കിൽ എനിക്കും കുറേയേറെ വേണം.
വെളിച്ചം കടക്കുന്ന ചില്ലുകഷണങ്ങൾ
ഇടയ്ക്കിടെ ചേർത്ത്
ഭംഗിയായി മേയണം.
കഴുക്കോൽ നല്ല ബലമുള്ളതായിരിക്കണം.
തൊട്ടിൽ കെട്ടാനും കഴിയണം,
തൂങ്ങി മരിക്കാനും കഴിയണം.
ഓടിട്ട വീടിന് ഒരുപാട് സാധ്യതകളാണ്.

# തോൽവി

മുമ്പൊക്കെ ഞാൻ ആഗ്രഹിക്കുന്നതെല്ലാം
ദൈവം നടത്തിത്തന്നിരുന്നു.
അന്നൊക്കെ ദൈവത്തിന്
എന്നെ പേടിയായിരുന്നു.
കാരണം, ഞാനായിരുന്നല്ലോ ശരി.
ഈ നശിച്ച ഉച്ചയ്ക്ക്
ചാപ്പലിലെ പഴകിയ ഗന്ധത്തിന്റെ
പൊടിപിടിച്ച മൂലയിലിരുന്ന്,
നീ തിരിച്ചുവരാൻ ഞാൻ കൊതിച്ചു.
വവ്വാലുകൾ എനിക്ക് കൂട്ടിരുന്നു.
ദൈവത്തോട് ഞാൻ കലഹിച്ചു.
പക്ഷെ,
നീ വന്നില്ല!
ദൈവം എന്റെ ഭീഷണിയ്ക്കു വഴങ്ങിയില്ല.
അവൻ എന്റെ മേൽ ആദ്യമായി ജയിച്ചു.
കാരണം, ഇത്തവണ ഞാൻ തെറ്റായിരുന്നു.

By
പ്രഭ സക്കറിയ

# റൺ

ഇപ്പോൾ എന്റെ കഴുത്തിൽ
ഒരു തുടലുണ്ട്,
സ്വന്തമായി ഒരു കൂടുണ്ട്,
സമയത്തിന് തീറ്റയുണ്ട്,
"ബാർക്ക്" പറയുമ്പോൾ കുരയ്ക്കുന്ന,
"സിറ്റ്" പറയുമ്പോൾ ഇരിക്കുന്ന,
"റൺ" പറയുമ്പോൾ ഓടുന്ന,
"പെഡിഗ്രി" സർട്ടിഫിക്കറ്റുള്ള,
പരിശീലനം കിട്ടിയ പെൺപട്ടി!
ഇത്തിരി സ്നേഹത്തിനുവേണ്ടി,
പരിഗണനയ്ക്കുവേണ്ടി വാലാട്ടാൻ
ഇപ്പോൾ എനിക്കു മനസ്സില്ല.
ചാവാലിപ്പട്ടികളോടെല്ലാം ഇന്നെനിക്ക്
കടിപിടി കൂടണം.
ചെള്ളുകളെ മാന്തിക്കളയണം,
കുളിക്കാതെ, രോമം ചീകിമിനുക്കാതെ,
ചങ്ങലക്കിലുക്കം കേൾപ്പിക്കാതെ,
നാടുമുഴുവൻ തെണ്ടി നടക്കണം.
റൺ......റൺ......റൺ......റൺ.

By
**പ്രഭ സക്കറിയ**

# നഷ്ടപ്പെട്ട പൂക്കാലം

എന്നിൽ നിന്നും
ദൈവം
അടർത്തിയെടുത്ത
അവസാനത്തെ പൂവ്!
തിരികെ വരേണ്ട നീ,
വഴിയേറെ ഇരുണ്ടതും
ഭയാനകവുമാണ്.
വഴി തെറ്റിയാലോ?
തൊലിയടരുന്ന വേദന
ഞാൻ ശീലിച്ചു കഴിഞ്ഞു.
നീ സുഖമായിരുന്നാൽ മതി.

# വഴിയോരം

ഇവിടെയെല്ലാം
രക്തത്തിന്റെ
ഉളുമ്പ് നാറുന്നുണ്ട്.
ആരെല്ലാമോ
ആരെയൊക്കെയോ
തോൽപ്പിയ്ക്കാൻ ശ്രമിക്കുന്നുണ്ട്.


By
**പ്രഭ സക്കറിയ**

## നന്ദി പേജ്

*അസത്യമേ നിന്റെ നീല വിഷം പുരണ്ട*
*വാക്കുകൾ ഞങ്ങളെ മുറിവേൽപ്പിക്കുന്നില്ല;*
*എന്തെന്നാൽ ഞങ്ങളുടെ ഇടനെഞ്ചിൽ*
*തിളയ്ക്കുന്ന ചുടുചോര സത്യത്തിന്റേതാണ്..... ആ സത്യത്തിന്റെ*
*വിശ്വാസ നൗകയ്ക്ക് കാവലാളായി അവസാന ശ്വാസം വരെയും*
*ഞങ്ങളുണ്ടാകും.*

സാവിയൻസച്ചൻ
രമ
ജോൺസൺ ചേട്ടൻ
താരിഷ് പി.റ്റി.
ലൈജു എൻ.വി.
കിരൺ കെ.കെ.
അബ്ദുൾ സലാം

*ചിതലരിക്കുന്ന ഈ പുസ്തകത്താളിൽ നന്ദിയെന്ന് രണ്ടക്ഷരം ഞങ്ങളൊതുക്കുന്നില്ല. ചിതലരിക്കാത്ത മനസ്സിൽ നിങ്ങളെന്നുമുണ്ടാകും..... കാലമെത്ര കഴിഞ്ഞാലും.*


പ്രത്യേക പതിപ്പ്
ഇന്ത്യാ ടുഡേ
COLLEGE THEVARA
കെ എസ് യു
അമ്പതു വർഷത്തിന്റെ ആവേശവും ആലസ്യവും
ഹൈദരാബാദ്
സ്ഫോടന പരമ്പരകൾ ആസൂത്രിതമാകുമ്പോൾ
ഐ എ എസ്
മുൻനിരയിൽ കേരളത്തിന് തിളക്കം
കേരളത്തിലെ മികച്ച കോളെജുകൾ
കൂടാതെ
ഇന്ത്യയിലെ മികച്ച കോളെജുകളും
ആർട്സ് • സയൻസ് • കൊമേഴ്സ് • മെഡിസിൻ • എഞ്ചിനീയറിങ് • നിയമം
ഒരു എക്സ്ക്ലൂസീവ് സർവേ
LICENSED TO POST WITHOUT PREPAYMENT

അധിനിവേശത്തിന്റെ കാവൽപട്ടികളെ ഞങ്ങൾക്കറിയാം.
അവരാരാണെന്നും ഞങ്ങൾക്കറിയാം.
അവരുടെ മുമ്പിൽ ധീരതയോടെ മുഷ്ടി ചുരുട്ടി
ഞങ്ങളുടെ അവസാനതുള്ളി ചോരയും ചിന്തും.
നിങ്ങളുടെ സ്വപ്നങ്ങൾ വ്യഥാവിലാകില്ലെന്ന് ഞങ്ങൾ സത്യം ചെയ്യുന്നു.

